Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 സെപ്ററംബർ 28—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 കന്നി 12 | ലക്കം 8

## വിപ്ളവനേതാവു്

(ഫാദർ ഹെൻറി, കപ്പൂച്ചിൻ)


റഷ്യൻ വിപ്ലവത്തിൻെറ ദുരന്തഫലങ്ങൾ. അനുഭവിച്ചറിഞ്ഞ ശേഷവും വിപ്ലവധ്വനി അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടുതന്നെ ഇരിക്കുന്നു. സമാധാനപരിശ്രമങ്ങളുടെ പുരോഗതിയിൽ, പഞ്ചശീലങ്ങളുടെ വിജയത്തിൽ അതിനല്പം കുറവുവന്നിട്ടുണ്ടെന്നു സമ്മതിക്കണം. എങ്കിലും ഇന്നും ലോകജനതയിൽ ഒരു നല്ലഭാഗം വിപ്ലവത്തിൽ വിശ്വസിക്കുകതന്നെ ചെയ്യുന്നു.

അസമാധാനത്തിൻേറയും അസംതൃപ്തിയുടേയും അസ്ഥിവാരം അസമത്വങ്ങളാണെന്നു ഇക്കൂട്ടർ വാദിക്കുന്നു. അതിനാൽ സാഹോദര്യം പുലത്താനും സുഭിക്ഷത കൈവരുത്താനും വിപ്ലവം ആവശ്യമാണെന്നു് അവർ കരുതുന്നു. വാസ്തവമല്ലേ? അനീതിയേയും അക്രമത്തേയും ചെറുത്തു്, അസ്ഥാനത്തു് അടിയുറച്ചിരിക്കുന്ന ഉച്ചനീചത്വങ്ങളെ ഉന്മൂലനം ചെയ്തു്, സത്യത്തിൻേറയും സന്മാർഗ്ഗത്തിൻേറയും പാഥയിൽനിന്നും വ്യതിചലിച്ച വ്യക്തികളേയും സമൂഹങ്ങളേയും സൽപഥത്തിലേററാൻ വിപ്ലവംകൂടാതെ കഴിയുമോ? പരിവത്തനങ്ങളെല്ലാം വിപ്ലവഫലങ്ങൾതന്നെ.

ഏതുതരം വിപ്ലവം? അവിടെയാണു പലക്കും തെററുപററുളു്. തൊഴിലാളിസ്വർഗ്ഗമെന്നു വിമ്പടിക്കുന്ന റഷ്യയെ ഇന്നത്തെ നിലയിലെത്തിച്ച വിപ്ലവത്തിനു നേതൃത്വം നൽകിയ മഹാൻ, ലക്ഷക്കണക്കിനു ജനങ്ങളുടെ കഴുത്തരിഞ്ഞു് മനുഷ്യരക്തത്തിൽ മുങ്ങിപ്പൊങ്ങിയ ലനിൻ, സ്വജീവിതസായാഹ്നത്തിൽ സമാധാനവും സന്തോഷവുമല്ല അനുഭവിച്ചതു്, പ്രത്യുത നിരാശയും സംഭ്രമവുമായിരുന്നു. തനിക്കു പററിയ ഭീമാബദ്ധം ഏററുപറഞ്ഞുകൊണ്ടു് അദ്ദേഹം പ്രസ്താവിച്ചു. കുറെ ഫ്റാൻസിസ് അസ്സീസിമാരെയായിരുന്നു റഷ്യക്കാവശ്യമെന്നു്.

ഫ്റാൻസിസ് അസ്സീസിയോ റഷ്യൻവിപ്ലവം നയിക്കാൻ? അദ്ദേഹം വിപ്ലവകാരിയോ? അതെ, ഒന്നാംകിട വിപ്ലവനേതാവു്. വിപ്ലവത്തിൻെറ വിജയം കണ്ടു സന്തോഷിക്കയും അതിൽ ഇന്നും നിർവൃതിയടയുകയും ചെയ്യുന്ന അഖിലലോകസമ്മതനായ വിപ്ലവനേതാവാണു് ഫ്റാൻസിസ് അസ്സീസി. അദ്ദേഹത്തിൻെറ പ്രവത്തനം പ്രത്യേകരീതിയിലാണെന്നു മാത്രം. സഹോദരങ്ങളുടെ കഴുത്തറുത്തും തലതകത്തും സമത്വം പാലിക്കുന്ന വിപ്ലവമല്ല അതു്. ദൈവവിശ്വാസവും സന്മാർഗ്ഗബോധവും വലിച്ചെറിഞ്ഞു് സൃഷ്ടിരാജനായ മനുഷ്യനെ കുരങ്ങനും കുളനുമായി താടിക്കുന്ന ഒന്നല്ല അതു്. നിത്യസത്യമായ ദൈവകുമാരൻ തെളിച്ച സ്നേഹത്തിൻെറ പാതയിൽ സേവനത്തിൻേറയും ത്യാഗത്തിൻേറയും ആയുധങ്ങൾകൊണ്ടുള്ള വിപ്ലവമാണു് ഫ്റാൻസിസിൻേറതു്. യഥാത്ഥവിജയം, ശാശ്വതവിജയം അവിടെ മാത്രമേ ലഭ്യമാകൂവെന്നു് ചരിത്രം തെളിയിച്ചുകഴിഞ്ഞു.

ഫ്റാൻസിസ് ജീവിച്ച 13-ാം നൂററാണ്ടു് പലവിധത്തിലും അധഃപതിച്ചിരുന്നു. അക്കാലത്തെപ്പററി പതിമൂന്നാം ലെയോൻ മാപ്പാപ്പാ, 1882 സെപ്ററംബർ 17-ാംനു പ്രസിദ്ധപ്പെടുത്തിയ ചാക്രികലേഖനത്തിൽ പറയുന്നതു്: "ബഹുമതികളുടേയും ധനത്തിൻേറയും പിന്നാലെ അന്ധരായി പായുകയും, ആഡംബരങ്ങളിലും അശനശയനാദികളിലും തങ്ങളുടെ ജീവിതം മുഴുവൻ ചെലവഴിക്കയുംചെയ്ത ലോകായതികന്മാരുടെ എണ്ണം അന്നു് അധികമായിരുന്നു. ചുരുക്കം ചില വ്യക്തികൾക്കു് സീമാതീതമായ അധികാരങ്ങളും സ്വാധീനതകളും ലഭിച്ചിരുന്നു. ഇവരുടെ സ്വാധീനവും പ്രശസ്തിയുമെല്ലാം പാവങ്ങളെ മദ്ദിക്കുന്നതിനാണു് ഉപയോഗിച്ചിരുന്നതു്" എന്നത്രെ. ഈ സ്ഥിതി മാററി, മനുഷ്യരെ യഥാത്ഥ മനുഷ്യരാക്കാൻ, അവരെ സന്മാർഗ്ഗബോധവും സഹോദരസ്നേഹവും ദൈവഭയവുമുള്ളവരാക്കാൻ ഒരു വിപ്ലവം ആവശ്യമായിരുന്നു. ലോകത്തെ മുഴുവൻ അമ്പരപ്പിച്ചു്, ലോകശക്തികളെ വെല്ലുവിളിച്ചുകൊണ്ടു് സധൈര്യം ആ വിപ്ലവം അഴിച്ചുവിടുകയും വിജയത്തിൽ എത്തിക്കുകയും ചെയ്ത അജയ്യനേതാവാണു് ഫ്റാൻസിസ് അസ്സീസി.



**ക്രൂശിതനായ ക്രിസ്തുവിൻെറ സ്നേഹാശ്ലേഷം**

വി. ഫ്റാൻസീസ് അസ്സീസി—(തിരുനാൾ ഒക്ടോബർ 4.)

ഏതുതരം വിപ്ലവമായിരുന്നു അതു്? ഇല്ലാത്തവ കിട്ടാനും അനുഭവിക്കാനുമുള്ള ആഗ്രഹത്താൽ കൊലയും കവർച്ചയും നടത്തുകയല്ല, നേരെമറിച്ചു് ഉള്ളതെല്ലാം ഉപേക്ഷിച്ചു് ഇല്ലാത്ത ദാരിദ്ര്യവും ക്ലേശങ്ങളും നിന്ദനങ്ങളും സ്വയം വരിക്കുന്ന വിപ്ലവം, അന്നവരെ ലോകം മനസ്സിലാക്കാതിരുന്ന പരിപാടി. ധനവാനായിരുന്ന പീററർ ബർണർദോൻെറ മകൻ തെരുവുതെണ്ടിയായി മാറുന്നു. പിതൃസ്വത്തിന്മേലുണ്ടായിരുന്ന അവകാശവും, പിതാവിൻേറതായിരുന്ന പട്ടവസ്ത്രങ്ങളും വച്ചൊഴിഞ്ഞു്, വേലക്കാരൻെറ വേഷത്തിൽ നിർദ്ധനനും നിസ്സഹായനുമായി അദ്ദേഹം ലോകരംഗത്തിറങ്ങി. അതാണു് ആ വിപ്ലവത്തിൻെറ ആരംഭം. ധനാശ, ലോകവസ്തുക്കൾ സമ്പാദിക്കുന്നതിനും വെച്ചുസൂക്ഷിച്ചനുഭവിക്കുന്നതിനുമുള്ള ക്രമാതീതമായ ആഗ്രഹം, അതാണല്ലോ ഒരു കൂട്ടരെ വലിയവരും, ഇതരരെ ചെറിയവരുമാക്കുന്നതു്. ആ കോട്ട തകക്കാൻ ഫ്റാൻസിസ് ഉപയോഗിച്ച കരുത്തേറിയ ആയുധം പരിപൂണ്ണദാരിദ്ര്യമത്രെ. എല്ലാം ഉപേക്ഷിച്ചിറങ്ങിയശേഷം ഒന്നും സമ്പാദിക്കയില്ല, നാണയത്തിൽ തൊടുകപോലുമില്ലെന്ന വ്രതം, അന്നന്നത്തെ ആവശ്യത്തിനു കഷ്ടിച്ച മതിയാകുന്നവ ഇരന്നു വാങ്ങിച്ചുപയോഗിക്കുകയല്ലാതെ നാളത്തേക്കു യാതൊന്നും മാററിവയ്ക്കുകയില്ലെന്ന നിശ്ചയം, അതാണു ഫ്റാൻസിസിൻെറ ആയുധം. അദ്ദേഹത്തെ അനുഗമിക്കാൻ സന്നദ്ധരായി വളരെപ്പേർ ഓടിക്കൂടിയപ്പോഴും ദാരിദ്ര്യവ്രതത്തിനു അയവുവരുത്തിയില്ല. ഒരു സമൂഹം, സ്വന്തമായി ഒന്നുമില്ലാതെ, നാളത്തേക്കു ഒന്നും കാണാതെ, എങ്ങനെ കഴിഞ്ഞുകൂടും എന്നതു് ലോകത്തിനു അജ്ഞാതമായിരുന്നു. അസാദ്ധ്യമെന്നു വിധിക്കാൻ ഉയന്ന ചിന്തകർപോലും മടിച്ചില്ല. എങ്കിലും അന്നു തുടങ്ങിയ ഫ്റാൻസിസ്കൻ ദാരിദ്ര്യം അഭംഗം പാലിച്ചുപോന്നു, ഇന്നും പാലിച്ചുപോരുന്നു.

ഫ്റാൻസിസ് ഉയത്തിപ്പിടിച്ച കരുത്തേറിയ ആ സമരായുധത്തിനു മുൻപിൽ ലോകം തലകുനിച്ചു കൊഴുത്ത ധനവാന്മാരും മികച്ച ശാസ്ത്രജ്ഞന്മാരും സമ്പാദ്യമെല്ലാം ഉപേക്ഷിച്ചു് ഫ്റാൻസിസ്കൻ ദാരിദ്ര്യം വരിക്കാൻ സന്നദ്ധരായി. അതിനു നിവൃത്തിയില്ലാതെ വന്നവർ അദ്ദേഹത്തിൻെറ ഉപദേശം സ്വീകരിച്ചു് മിതത്വം പാലിക്കാനും അങ്ങനെ ധനാശയേയും സുഖാശയേയും അടിച്ചമത്താനും ആത്മാത്ഥമായി പരിശ്രമിച്ചു. ഇററലിയിലും യൂറോപ്പിലാകമാനവും ആ വിപ്ലവക്കാററു് ആഞ്ഞടിച്ചു. അതിൻെറ അനന്തരഫലങ്ങൾ ഇന്നും വിസ്മയാവഹങ്ങൾതന്നെ.

ധനത്തോടൊപ്പവും അതില്ലപരിയായും മനുഷ്യനെ അധഃപതിപ്പിക്കുന്നതാണു് പ്രതാപേച്ഛ. അതിനെതിരായും വിപ്ലവം വേണ്ടിവന്നു. അസ്സീസിയിലെ യുവരാജൻ, താൻ ബഹുമാനിതനായി കുതിരപ്പുറത്തു സവാരിചെയ്തിരുന്ന അതേ തെരുവീഥികളിൽ, തന്നെ വാഴ്ത്തിപ്പുകഴ്ത്തിയിരുന്ന അതേ യുവജനങ്ങളുടെ

മദ്ധ്യത്തിൽ കീറത്തുണിയും പിച്ചച്ചട്ടിയുമായി പ്രത്യക്ഷപ്പെട്ടു. ഭ്രാന്തനെന്നപേരും, അതിനു തക്ക കൂക്കുവിളികളും ചേറുമാരിയും അദ്ദേഹം സന്മനസ്സാലെ ഏറ്റെടുത്തു. എന്തായിരുന്നു അതിന്റെ പരിണാമം? അഹങ്കാരപ്രമത്തതയെ അടിച്ചുതകർക്കാൻ അത്രയ്ക്കും പററിയ ചുററിക വേറെയില്ലെന്നു ലോകം പഠിച്ചു. പട്ടുവസ്ത്രങ്ങളും കസവുകളും കാവിവസ്ത്രത്തിനായി വെച്ചുമാറുവാൻ ആയിരങ്ങൾ ആഗ്രഹിച്ചുതുടങ്ങി.

സമത്വവും സാഹോദര്യവും പുനസ്ഥാപിക്കാനാണല്ലോ എവരും പ്രയത്നിക്കുന്നതു്. സമ്പത്തിനും പ്രതാപത്തിനും എതിരായി ദാരിദ്ര്യവും എളിമയും വരിച്ചാൽ സാഹോദര്യം വളർന്നുകൊള്ളും. എങ്കിലും അതിനായി കാത്തിരിക്കാനുള്ള ക്ഷമ ഫ്രാൻസിസിനുണ്ടായില്ല. സമുദായം പുറംതള്ളിയിരുന്നവരാണു് കുഷ്ഠരോഗികൾ. ഒരു കുഷ്ഠരോഗിയുടെ മുഖത്തു നോക്കുന്നതിനോ, അടുത്തു പോകുന്നതിനോ, അന്നു് ഒരു മനുഷ്യനും സന്നദ്ധനായിരുന്നില്ല. അവിടെത്തന്നെ തുടങ്ങാമെന്നു ഫ്രാൻസിസ് നിശ്ചയിച്ചു. അസ്സീസിയിലെ യുവരാജൻ കുഷ്ഠരോഗികളെ കെട്ടിപ്പിടിച്ചാശ്ലേഷിക്കുന്നതിനും അവരുടെ വ്രണങ്ങൾ കഴുകുന്നതിനും അവരോടൊന്നിച്ചു് ഒരു പാത്രത്തിൽനിന്നു ആഹാരം കഴിക്കുന്നതിനും തുടങ്ങി. ദരിദ്രരുടെയും പീഡിതരുടേയും ആത്മമിത്രമായി അദ്ദേഹം. ക്രമേണ വ്യക്തികളും, ഗ്രാമങ്ങളും രാഷ്ട്രങ്ങളും തമ്മിലുണ്ടായിരുന്ന ശത്രുതകളും വൈരാഗ്യങ്ങളും മങ്ങിമറഞ്ഞു; ഉച്ചനീചത്വങ്ങൾ ഓടിയൊളിച്ചു. മനുഷ്യരെല്ലാം സ്വർഗ്ഗീയപിതാവിന്റെ മക്കളും തന്മൂലം സഹോദരങ്ങളുമാണെന്ന തത്വം സ്വീകരിക്കപ്പെട്ടുതുടങ്ങി. മനുഷ്യർ മാത്രമല്ല, സകല വസ്തുക്കളും ദൈവത്തിൽനിന്നുവരുന്നു. ആകയാൽ അവയും നമ്മുടെ സഹോദരങ്ങൾ. ഫ്രാൻസിസ് സർപ്പത്തെയും സ്നേഹിച്ചു, അവ ഫ്രാൻസിസിനെയും. ഗുബ്ബിയോനിവാസികളെ ഭയവിഹ്വലരാക്കിയ ചെന്നായ് ഫ്രാൻസിസിന്റെ പാദത്തിൽ പ്രണമിച്ചു, അനുതാപത്തോടും നല്ല വ്യാപാരവ്രതത്തോടും. പക്ഷികൾ കൂട്ടംകൂട്ടമായി വന്നു ഫ്രാൻസിസിനു ചുററുമിരുന്നു പാടുവാൻ തുടങ്ങി. ചരാചരങ്ങളെല്ലാം ഫ്രാൻസിസിനെ അനുസരിച്ചു.

ഇന്നത്തെ ലോകത്തിൽ അസമത്വങ്ങളും അസ്വസ്ഥതകളും ധാരാളമുണ്ടു്, അനീതികളും അക്രമങ്ങളുമുണ്ടു്. എന്താണു് പരിഹാരം? അരിവാളും ചുററികയുമല്ല; പ്രത്യുത സ്നേഹം, സേവനം, ത്യാഗം ഇവതന്നെ. ഈ സത്യം ലനിൻ ശരിക്കു മനസ്സിലാക്കി, പക്ഷേ വളരെ വൈകിമാത്രം. "എന്റെ സാമൂഹ്യപ്രവർത്തനം ഫ്രാൻസിസ്സിന്റെ മൂന്നാംസഭാപ്രചാരണമാണു്" എന്നു പ്രസ്താവിക്കാൻ 13-ാംലയോൻ മാർപ്പാപ്പായെ പ്രേരിപ്പിച്ചതെന്താണു? ഫ്രാൻസിസ്സിന്റെ ചൈതന്യത്തിന്റെ ആവശ്യത്തെയും കഴിവുകളേയും പററി അദ്ദേഹത്തിനുണ്ടായിരുന്ന ബോദ്ധ്യംതന്നെ. ഈ തത്വം നാം ശരിയായി മനസ്സിലാക്കുകയും, ലോകത്തിനു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുമെങ്കിൽ ശാന്തിയും സമാധാനവും ലോകത്തിനു കൈവരും, നിശ്ചയം.

---

ആഖ്യായിക





അദ്ധ്യായം 9 (തുടർച്ച)

## 'നിങ്ങളുടെ പിതാവു കൃപാലുവാകുന്നതു പോലെ നിങ്ങളും കൃപാലുക്കളാകുവിൻ'

(വി.സി. ജോർജ് ബി. എ. എൽ.ററി)

"ഇയാൾ ഒരസാധാരണ മനുഷ്യൻതന്നെ" മറിയ പറഞ്ഞു.

"കൊലപാതകിയും കിറുക്കനും" ജോസഫ് തുടർന്നു. "അപഥസഞ്ചാരിയായ ഒരു സാധു എന്നു കരുതിയാൽ മതി. നാമെന്തിനയാളെ കുററം പറയുന്നു? ബാല്യത്തിൽ സമുചിതമായ പരിശീലനം ലഭിച്ചിരുന്നുവെങ്കിൽ അയാൾ മര്യാദക്കാരനായി തീരുമായിരുന്നു. കുലാലനായിരുന്നപ്പോൾ സമർത്ഥനായിരുന്നുവെന്നാണു് കേൾവി." ലാസറസ് അഭിപ്രായപ്പെട്ടു.

"ഏതായാലും അയാളും അയാളുടെ പ്രസ്ഥാനവും ഇസ്രായേലിനു ഭയങ്കരമായ വിപത്തിനു കാരണമാകും. സംശയമില്ല. ഇന്നു് പ്രഭാതത്തിൽ നടന്ന സംഭവത്തെപ്പററി ഞാൻ ചിന്തിക്കുകയായിരുന്നു. ഇപ്രകാരമുള്ള അപകാരങ്ങളെല്ലാം കൈയുംപൂട്ടി സഹിച്ചുകൊണ്ടു് സ്വയരക്ഷാർത്ഥം ഒന്നും ചെയ്യാതിരിക്കുന്നതു് വിവേകമാണോയെന്നു് ഞാൻ സംശയിക്കുന്നു. എങ്കിലും, ഒരു പെരുങ്കള്ളനിൽ കേന്ദ്രീകരിച്ചിട്ടുള്ള വിപ്ലവത്തെപ്പററി സ്മരിക്കുവാൻ സാധിക്കുന്നില്ല. സമരത്തിനു് എതിരായ സജ്ജീകരണംതന്നെയും, അഖിലലോകഭരണാധികാരികളായ റോമന്മാരെ, അതിപ്രബലമായ ഒരു സാമ്രാജ്യത്തെ, എതിരിടുവാൻ നാമാരാണു്? റോമൻ ഭടന്മാരാൽ പാദഹതമായി, ഇസ്രായേൽ മുഴുവനും ഭസ്മീകൃതമായാലും, റോമാനഗരത്തിന്റെ തെരുവുകളിൽ അതു് വാർത്താവിഷയമാകുവാൻ പോകുന്നില്ല," ജോസഫ് പ്രസ്താവിച്ചു.

ലാസറസും മറിയവും അവരുടെ അതിഥിയും സ്വസമുദായത്തിന്റെ ദുർദ്ദശാപരിപാകത്തെപ്പററി സന്താപപൂർവ്വം ചിന്തിച്ചു്, കുറെനേരം മൂകതയിൽ കഴിഞ്ഞു. നിശ്ശബ്ദതയ്ക്കു വിരാമമിട്ടുകൊണ്ടു മറിയ ജോസഫിനോടു ചോദിച്ചു: "ഗുരുവിനു് ഏതെങ്കിലും വിധത്തിൽ ആപത്തിനു വഴിയുള്ളതായി നിങ്ങൾ വിചാരിക്കുന്നുണ്ടോ?"

"വിചാരിക്കാതിരിക്കുവാൻ ഞാൻ വഴി കാണുന്നില്ല. പുരോഹിതന്മാർ, അവരിൽ മഹാഭൂരിപക്ഷവും, ഗുരുവിനെ വെറുക്കുന്നു. അദ്ദേഹത്തെ ബന്ധിച്ചു് കുററവിസ്താരം നടത്തുവാൻ അവർ മടിക്കുന്നതു് വധശിക്ഷ കല്പിക്കുവാൻ സാന്നെദ്രിനു് അധികാരമില്ലാത്തതുകൊണ്ടുമാത്രമാണു്. പ്രൊക്കുറേറററുടെ അനുവാദം പ്രസ്തുത ശിക്ഷയ്ക്കാവശ്യമാകുന്നു. പുരോഹിതവൃന്ദത്തെ ക്ലേശിപ്പിക്കാനായിട്ടെങ്കിലും അദ്ദേഹം അനുവാദം നൽകുകയുമില്ല. ഈ സാഹചര്യങ്ങളിൽ വേറെ മാർഗ്ഗം നോക്കി ഗുരുവിനെ അപായപ്പെടുത്തുവാൻ അവർ ശ്രമിക്കാതിരിക്കുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്."

ഭീതിപൂർവ്വം ലാസറസ് സ്നേഹിതനെ നോക്കി. "ജോസഫേ, നിങ്ങൾ വിശ്വസിക്കുന്നുണ്ടോ പുരോഹിതരും ബറാബാസും..."

"എനിക്കു് കാര്യം മനസ്സിലായി. പുരോഹിതന്മാരിൽതന്നെ ബറാബാസിന്റെ അനുയായികൾ ഉണ്ടു്. പുരോഹിതരുടെ സഹായമില്ലാതിരുന്നുവെങ്കിൽ ബറാബാസിന്റെ പ്രസ്ഥാനം വളരെമുമ്പേതന്നെ തകരുമായിരുന്നു."

"പക്ഷേ, ഗുരുവിനെ ഉപദ്രവിക്കുകയില്ലെന്നു് ബറാബാസ് ഇപ്പോൾ പറഞ്ഞതു് നിങ്ങൾ കേട്ടല്ലോ."

"ആ മനുഷ്യനെ വിശ്വസിക്കുവാൻ എനിക്കു മനസ്സുവരുന്നില്ല. മാത്രമല്ല, പ്രബലന്മാരിൽനിന്നു ധാരാളം ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയുടെ അതിമോഹം അടിസ്ഥാനമായിട്ടുള്ള ഒരു പ്രസ്ഥാനത്തിന്റെ ഗതിവിഗതികളെ എങ്ങനെ നിർണ്ണയിക്കുവാനാണു്? പുരോഹിതന്മാർ പണാസഞ്ചി തുറക്കുകയില്ലെന്നു് ഭയപ്പെടുത്തുന്നപക്ഷം ബറാബാസ്, അല്ലെങ്കിൽ അയാളുടെ അനുയായികളിലൊരുവൻ, അവരുടെ അഭിമതമനുസരിച്ചു് എന്തുചെയ്യുന്നതിനും മടിക്കുകയില്ല."

"അതെങ്ങനെ വിശ്വസിക്കാം ജോസഫ്? ദൈവശുശ്രൂഷികൾ—അവിടത്തെ ബലിപീഠത്തിനു സമീപം വർത്തിക്കുന്നവർ—ദ്രോഹകൃത്യങ്ങൾക്കു പ്രേരണനൽകുകയോ!" ലാസറസ് ചോദിച്ചു.

ജോസഫ് ഭിന്നാഭിപ്രായം ആംഗികമായി പ്രകടിപ്പിച്ചുകൊണ്ടു് സംഭാഷണം തുടർന്നു: "ഇസ്രായേലിൽ ദൈവശുശ്രൂഷ ഇക്കാലത്തു് ഒരഭിനയം മാത്രമായിത്തീർന്നിട്ടുണ്ടെന്നു് സ്നേഹിതനു നല്ലവണ്ണം അറിയാമല്ലോ. വശ്യമായ സകല മാർഗ്ഗങ്ങളുമുപയോഗിച്ചു് തങ്ങളുടെ പ്രാബല്യം വർദ്ധിപ്പിക്കേണമെന്നുള്ളതാണു് പുരോഹിതവർഗ്ഗത്തിന്റെ ലക്ഷ്യം. ഗുരുവിന്റെ കഥ കഴിച്ചാൽ തങ്ങൾ ഈശ്വരപ്രീതി നേടുകയാണെന്നുകൂടി അവർ ഒരുപക്ഷെ ധരിക്കുന്നുവെന്നുവരാം."

എന്തുചെയ്യണമെന്നറിയാതെ ലാസറസ് മൂഢതയിൽ കഴിഞ്ഞു. സഹോദരി സംഭാഷണത്തെ ഏറെറടുത്തു: "ഗുരുവിനനർത്ഥം വരുത്തുവാൻ അവർക്കു സാധിക്കുകയില്ല. കടലും കൊടുങ്കാററും അവിടത്തെ ആജ്ഞാനുവർത്തികളാണു്. മൃതിപോലും ഗുരുവിനെ അനുസരിക്കുന്നു. വൈരികളുടെ ദുർബ്ബുദ്ധിക്കദ്ദേഹത്തെ സ്പർശിക്കുവാൻ സാധിക്കുകയില്ല, തീർച്ചയാണു്." മറിയയുടെ കണ്ണുകൾ തിളങ്ങുകയും ശരീരം ആപാദമസ്തകം വിറയ്ക്കുകയുംചെയ്തു.

"ഭവതിയുടെ പ്രവചനം യഥാർത്ഥമായി ഭവിക്കട്ടെ." ജോസഫ് ആശംസിച്ചു.

സൂര്യാസ്തമനാനന്തരം അന്ധകാരം സർവ്വത്ര വ്യാപിച്ചപ്പോൾ ബറാബാസിന്റെ അനുയായികളിലിരുവർ മുറിവേററയാളെ പെട്ടെന്നുണ്ടാക്കിയ ഒരു മഞ്ചത്തിൽ എടുത്തുകൊണ്ടു് അവിടെ ആഗതരായി. ആരും തങ്ങളെ കാണാതിരിക്കുവാൻ തോട്ടത്തിലെ വൃക്ഷങ്ങൾക്കിടയിൽക്കൂടി വന്നു് അവർ പിൻവശത്തെ വാതില്ക്കൽ മുട്ടുകയാണു ചെയ്തതു്. രോഗിക്കു വേണ്ടി മറിയ ഒരു ചെറുമുറി തയ്യാർചെയ്തിരുന്നു. മുറിവേററവന്റെ മുഖം വിളറി ശരീരത്തിലുണ്ടായിരുന്ന രക്തം മുഴുവനും ഊററിക്കഴിഞ്ഞവിധം കാണപ്പെട്ടു. അയാൾ ബോധരഹിതനെന്നും തോന്നി. നെഞ്ചിന്റെ വലതുഭാഗത്തു അസ്ത്രം തുളച്ചുകയറിയ ഒരു ക്ഷതമുണ്ടായിരുന്നതു കൂടാതെ, മുതുകത്തു വാളുകൊണ്ടു വെട്ടിയ വേറൊരു മുറിവും ദൃശ്യമായി. ഒന്നാംതരം ഭിഷഗ്വരനായിരുന്നു അരിമത്ത്യൻജോസഫ്. വേണ്ടവിധം മുറിവുകൾ കഴുകിക്കെട്ടി. രോഗിയുടെ സ്ഥിതിഗതികൾ അറിയുവാൻ തങ്ങൾ അനുദിനം രാത്രിയിൽ വന്നന്വേഷിക്കട്ടെയോയെന്നു കൂട്ടുകാർ ചോദിച്ചതിനു് ലാസറസ് അനുമതിനൽകി. അവരിൽനിന്നു ക്ഷതമേററയാൾ എസ്രായാണെന്നു ധരിക്കുകയും ചെയ്തു.

പ്രസ്തുത നാമം അരിമത്ത്യന്റെ ചെവിയിൽ തട്ടിയപ്പോൾ അദ്ദേഹം ചിന്താകുലനായി. ഈ പേരുള്ള ഒരു തടവുകാരൻ ഓടി രക്ഷപെട്ട കഥ കേട്ടിരുന്നു. അയാളുടെ ദേഹത്തു് കരിഞ്ഞും കായ്ച്ചും കാണപ്പെട്ട ഒട്ടധികം മുറിവുകളുടെ കാരണം ഊഹിക്കുവാൻ തന്നിമിത്തം ജോസഫിനു സാധിച്ചു. എങ്കിലും താൻ കണ്ടതും ഊഹിച്ചതും ആരോടും അദ്ദേഹം അറിയിച്ചില്ല. ലാസറസിനും സഹോദരിമാർക്കും ഉൽക്കണ്ഠയുണ്ടാക്കുവാൻ അദ്ദേഹത്തിനു തെല്ലും ആഗ്രഹമില്ലായിരുന്നു. ബറാബാസിന്റെ അനുയായിക




ഉണ്ണീശോയുടെ അനുഗ്രഹത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. Maryamma Mathew Kollamkulam
KANJIRAPALLY



For favours received
Excuse delay
Mrs. Rosy Jos.



# പുനരൈക്യരജതജൂബിലി

## "മാർ ഈവാനിയോസ് നഗർ"

### തിരുമൂലപുരം

സെപ്റ്റംബർ 11-ാം തീയതി വൈകിട്ട 5 മണിക്ക തിരുവല്ലാ മെത്രാൻ മാർ അത്തനാസിയോസ് തിരുമേനി തിരുമൂലപുരം മാർ ഈവാനിയോസ് നഗറിൽ പതാകാഉയർത്തൽകർമ്മം നിർവ്വഹിച്ചതോടുകൂടി ചരിത്രപ്രസിദ്ധമായിത്തീരുവാനുള്ള പുനരൈക്യ രജതജൂബിലിപരിപാടികൾ സമാരംഭിച്ചുകഴിഞ്ഞു. 17-ാം തീയതി ശനിയാഴ്ച വൈകിട്ട് 5 മണിക്ക് തിരുമൂലപുരത്തെ പുതിയ സെൻറ് മേരീസ് ജൂബിലിസ്മാരകദേവാലയത്തിൻെറ മദ്ബഹാ



മാർ അത്തനാസിയോസ് തിരുമേനി പുതിയ ദേവാലയത്തിൽ കല്ലിടീൽശുശ്രൂഷ നിർവ്വഹിക്കുന്നു


യിലെ കല്ലിടീൽകർമ്മമായിരുന്നു ആദ്യത്തെ പൊതുപരിപാടി എന്നുപറയാം. സ്ഥലത്തെ ഭവജന ങ്ങൾ സംഭാവനചെയ്ത പള്ളിയലങ്കാരത്തിനുള്ള ഉപകരണങ്ങൾ വന്ദ്യതിരുമേനി ഏററുവാങ്ങിയ രംഗം വികാരനിർഭരവും പ്രചോദനാത്മകവുമായിരുന്നു. ദൈവാലയത്തെ സംബന്ധിക്കുന്ന കാര്യങ്ങളിലുള്ള ശുഷ്കാന്തി പ്രദർശിപ്പിക്കുന്ന പ്രേഷിതചൈതന്യമുള്ള ഒരു ജനതയാണ് സഭയുടെ അഴിയാത്ത കൈമുതൽ. തുടന്നു റൈററ് റവ. മോൺ. ചേപ്പാട്ട പീലിപ്പോസ് റമ്പാൻ നടത്തിയ പ്രഭാഷണം ഏററവും ശ്രദ്ധേയവും സന്ദർഭോചിതവുമായിരുന്നു. 18-ാം തീയതി ഞായറാഴ്ച മാർ ഈവാനിയോസ് തിരുമേനിയുടെ ആത്മശാന്തിക്കായുള്ള മൂന്നിന്മേൽ കുർബാനയ്ക്കുശേഷം പുതിയ ദേവാലയത്തിൻെറ കൂദാശാകർമ്മം മാർ അത്തനാസിയോസ് തിരുമേനി നിർവ്വഹിച്ചു. പരേത



ജൂബിലിസ്മാരകദേവാലയത്തിൻെറ കൂദാശാകർമ്മം മാർ അത്തനാസിയോസ് തിരുമേനി നിർവ്വഹിക്കുന്നു

നായ മാർ ദിയോസ്കോറോസ് തിരുമേനിയുടെ ആത്മശാന്തിക്കായി അർപ്പിക്കപ്പെട്ട മൂന്നിന്മേൽ കുർബാനയ്ക്കുശേഷം അദ്ദേഹത്തിൻെറ പൂജ്യാവശിഷ്ടങ്ങൾ പുതിയ ദേവാലയത്തിൽ കൊണ്ടുവന്നു ആഘോഷപൂർവ്വം സ്ഥാപിക്കപ്പെട്ടു. ഉച്ചകഴിഞ്ഞു് തിരുവല്ലാ ഭദ്രാസനദേവാലയത്തിൽ പരേതനായ മാർ സെവേരിയോസ് മെത്രാപ്പോലീത്തായുടെ കബറിടത്തിങ്കൽ ധൂപപ്രാർത്ഥനയും തദവസരത്തിൽ പാലാ മെത്രാൻ റൈററ് റവ. ഡോക്ടർ സെബാസ്ത്യൻ വയലിൽ തിരുമനസ്സിലെ പ്രസംഗവും നടന്നു. ഭദ്രാസനദേവാലയത്തിൽനിന്നു പുറപ്പെട്ട ഘോഷയാത്ര പുതിയ ദേവാലയത്തിൽ എത്തിച്ചേർന്നപ്പോൾ പാലാ മെത്രാൻ തിരുമേനി പരിശുദ്ധ കുർബാനയുടെ വാഴ്‌വു നിർവ്വഹിച്ചു. 4 മണിക്കാണ് വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ജൂബിലിപൊതുയോഗം സമാരംഭിച്ചതു്. മെത്രാപ്പോലീത്താ തിരുമേനിയെ കൂടാതെ 9 വന്ദ്യതിരുമേനിമാർ പ്ലാററ്ഫോറത്തിൽ ഉപവിഷ്ടരായിരുന്നു. മോൺസിഞ്ഞോറന്മാർ, വൈദികപ്രമുഖന്മാർ, ഉദ്യോഗസ്ഥമേധാവികൾ, സന്യാസികൾ, സന്യാസിനികൾ, ഭക്തസംഘാംഗങ്ങൾ ആദിയായി വമ്പിച്ച ഒരു ജനവ്യൂഹം വിസ്തൃതമായ പന്തൽനിറയെ തടിച്ചുകൂടിയിരുന്നു. മാർ അത്തനാസിയോസ് തിരുമനസ്സിലെ സ്വാഗതാശംസയെ തുടന്നു് അദ്ധ്യക്ഷൻതിരുമേനി പുനരൈക്യചരിത്രത്തേയും അതിൻെറ മാഹാത്മ്യത്തേയും പുരസ്കരിച്ച് വിജ്ഞാനപ്രദമായ ഒരു പ്രസംഗം നിർവ്വഹിച്ചു. പ്രസംഗകരായ വെരി റവ. ഫാദർ ഫ്രാൻസിസ് സാലെസ് എം. എ., ശ്രീ ജോർജ് വർഗ്ഗീസ് കണ്ണന്താനം ബി. എ. ബി. എൽ., ശ്രീ പി. ഒ. ജോൺ ബി. എസ്‌സി. തിരുവല്ല എന്നിവർ പുനരൈക്യപ്രസ്ഥാനത്തിൻെറ വിവിധവശങ്ങളെ ക്രോഡീകരിച്ചും പ്രായോഗികനിർദ്ദേശങ്ങളെ ഉള്ളടക്കിയുമാണ് അവരുടെ പ്രസംഗങ്ങൾ നിർവ്വഹിച്ചതു്. അത്യുന്നതകർദ്ദിനാൾ തിസ്സരാങ്ങ്, അത്യുന്നതകർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് മുതലായവർ അയച്ചിരുന്ന സന്ദേശങ്ങൾ സദസ്സിൽ വായിക്കപ്പെട്ടു. ആറരമണിയോടെ പൊതുയോഗം സമംഗളം പര്യവസാനിച്ചു. "കത്തോലിക്കാ പ്രവർത്തനദിന"മായ 19-ാം തീയതി പരേതനായ മാർ ദിയസ്കോറോസ് തിരുമേനിക്കുവേണ്ടിയുള്ള മൂന്നിന്മേൽ കുർബാനയും ഭക്തസംഘടനകൾക്കായുള്ള വിശുദ്ധ കുർബാനയും പൊതുദിവ്യകാരുണ്യസ്വീകരണവും കഴിഞ്ഞു് 10 മണിക്ക് ലീജിയൻ അംഗങ്ങളുടെ പൊതുയോഗം തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറർ വെരി റവ. ഫാദർ സി. ടി. കുരുവിള അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. അഡ്വാക്കേററ് മിസ്സ് സാറാ പോത്തൻ ബി. എ. ബി. എൽ., ആലപ്പുഴ ക്യൂരിയാപ്രസിഡൻറ് ശ്രീ സി. എക്സ്. ജോൺ സെബാസ്ത്യൻ, ബ്രദർ ഡിക്രൂസ് എന്നിവർ പ്രസംഗിച്ചു. വൈകിട്ട നാലുമണിക്കാണ് അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിൻെറ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറ് ശ്രീ പി. ജെ. സെബാസ്ത്യൻ അവർകളുടെ അദ്ധ്യക്ഷതയിൽ മലങ്കര കോൺഗ്രസ്സിൻേറയും ഭക്തസംഘടനകളുടേയും ഏകോപിച്ചുള്ള പൊതുസമ്മേളനം ആരംഭിച്ചതു്. പ്രഗത്ഭമായ അദ്ധ്യക്ഷപ്രസംഗത്തെത്തുടന്നു് ശ്രീ സി. എക്സ്. ജോൺ സെബാസ്ത്യൻ, ശ്രീ എം. ഒ. വർഗ്ഗീസ്, ശ്രീ എം. ടി. ഫിലിപ്പ്, ശ്രീ എൻ. ജെ. ജോർജ് എന്നിവർ പ്രസംഗിച്ചു. ഇന്ത്യയുടെ ഇൻറർനൺഷിയോ തിരുമനസ്സിലേയും അമേരിക്കയിൽ പര്യടനംനടത്തുന്ന തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമനസ്സിലേയും ആശംസാസന്ദേശങ്ങൾ സദസ്സിൽ വായിക്കപ്പെട്ടു.


20-ാം തീയതി ബാലദിനമായിരുന്നു. രാവിലെ 8 മണിക്ക



വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്ന ജൂബിലിപൊതുസമ്മേളനം—അദ്ധ്യക്ഷവേദി

മാർ അത്തനാസിയോസ് പുനരൈക്യപ്രസ്ഥാനവിജയത്തിനുവേണ്ടി മൂന്നിന്മേൽ കുർബാനയർപ്പിച്ചു. കുട്ടികളുടെ ആദ്യകുർബാന കൈക്കൊള്ളലും പൊതുദിവ്യകാരുണ്യസ്വീകരണവുംകഴിഞ്ഞു് അവക്ക് വിഭവസമൃദ്ധമായ നല്ലൊരം നൽകപ്പെട്ടു. 11 മണിക്ക ചങ്ങനാശ്ശേരി മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കുട്ടികളുടെ പൊതുസമ്മേളനം ആരംഭിച്ചു. വെരി റവ. കോർഎപ്പിസ്കോപ്പാ ലൂക്കോസ് നെടിയുഴത്തിൽ, ഫാദർ ഫിലിപ്പ് ഇരട്ടമാക്കിൽ, വെരി റവ. ഫാദർ ജേക്കബ്ബ് വെള്ളരിങ്ങാട്ട്, മിസ്സ് ത്രേസ്യാമ്മ ജോൺ എന്നിവർ പ്രസംഗിച്ചു തിരുവല്ലാ മെത്രാൻ തിരുമേനിയും ഒരു ലഘുപ്രഭാഷണം നടത്തുകയുണ്ടായി. ഉച്ചകഴിഞ്ഞു് കോട്ടയം മെത്രാൻ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ട വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം ജൂബിലിയെ മകുടം ചാത്തുന്ന മനോഹരചടങ്ങായിരുന്നു. അഞ്ചുമണിക്ക പന്തലിൽ എത്തിച്ചേർന്ന ഭക്തിനിർഭരമായ പ്രദക്ഷിണം വിശുദ്ധ കുർബാനയുടെ ആശീർവ്വാദത്തോടുകൂടി സമാപിച്ചു. കോട്ടയം മെത്രാൻ തിരുമേനി തദവസരത്തിൽ വിശുദ്ധ കുർബാനയെ അധാരമാക്കി സാരവത്തായ ഒരു പ്രസംഗംചെയ്തു. തിരുവല്ലാ മെത്രാൻ തിരുമേനിയും ഒരു ലഘുപ്രസംഗംചെയ്തു. വെരി റവ. മോൺ. ജോൺ കച്ചിറമററം അവർകളുടെ കൃതജ്ഞതാപ്രകടനത്തോടുകൂടി ജൂബിലിയാഘോഷച്ചടങ്ങുകൾ സമംഗളം പര്യവസാനിച്ചു. ചടങ്ങുകളിലെല്ലാം പ്രതീക്ഷാതീതമായ വിധം ജനബാഹുല്യം ഉണ്ടായിരുന്നുവെന്നുള്ളതു് ജൂബിലിയുടെ വിജയത്തിനും പുനരൈക്യത്തോടുള്ള പൊതുജനാനുകൂല്യത്തിനും പ്രകടമായ തെളിവാണ്. 21-ാം തീയതി 13 മണിയാരാധന ഏററം ഭക്തിപൂർവ്വം ആചരിക്കപ്പെട്ടു. പുനരൈക്യംമൂലം ക്രിസ്തുവിൻെറ വിജയം നീണാൾ വിരാജിക്കട്ടെ.

—ാ—



കമനീയമായി അലങ്കരിച്ച രഥത്തിൽ ക്രിസ്തുരാജൻെറ ജൈത്രയാത്ര ബഥനിമഠത്തിൽനിന്നു പുതിയ ദേവാലയത്തിലേക്ക നീങ്ങുന്നു

ആദ്ധ്യാത്മികവീഥി

# ജ്ഞാനവായന

(തുടച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

അടുത്തതായി എങ്ങനെയാണു ഫലപ്രദമായി ജ്ഞാനവായന നടത്തേണ്ടതെന്നു നമുക്കാലോചിക്കാം. ജ്ഞാനവായനയുടെ ഉദ്ദേശംതന്നെ ധ്യാനത്തിലോ പ്രാർത്ഥനയിലോ എന്നവണ്ണം ദൈവവുമായി സമ്പക്ക്ത്തിലേപ്പെടുകയെന്നുള്ളതാണ്. വിളക്കിനു എണ്ണ പോലെയാണു പ്രാർത്ഥനയ്ക്കു ജ്ഞാനവായനയെന്നു പറയാം. വേണ്ടവണ്ണം ജ്ഞാനവായന നടത്തുന്നയാൾക്കു പ്രാർത്ഥനാ ചൈതന്യം നിഷ്പ്രയാസം ലഭ്യമാകുന്നതാണ്.

പ്രസ്തുതഫലം ലഭിക്കുന്നതിനു ഒന്നാമതുതന്നെ വിശ്വാസത്തിൻെറ അരൂപിയോടുകൂടി വായിക്കണം. അതായതു സദ്ഗ്രന്ഥം വഴിയായി ദൈവംതന്നെയാണു നമ്മോടു സംസാരിക്കുവാൻ പോകുന്നതു എന്ന വിശ്വാസത്തോടുകൂടി വേണം വായന ആരംഭിക്കുവാൻ. സുവിശേഷപ്രബോധനങ്ങളനുസരിച്ചു എഴുതിയിട്ടുള്ള ഒരു ഗ്രന്ഥത്തിൻെറ കർത്താവിനു തൻെറ പഠനമല്ല മിശിഹായുടേതുതന്നെയാണ് അതിലുള്ളതെന്നു യഥാർത്ഥത്തിൽ പറയാമല്ലോ.

വായനയ്ക്കു് ഒരുക്കമായി "ദൈവമേ, അങ്ങേ അരൂപിവഴിയായി സംസാരിക്കേണമേ, അങ്ങേ ദാസനിതാ കേൾക്കുന്നതിനായി ഒരുങ്ങിയിരിക്കുന്നു" എന്നോ മററോ ഒരു ചെറിയ ജപം ചൊല്ലുന്നതു നന്നായിരിക്കും. പുതിയ ആശയങ്ങൾ ലഭിക്കുന്നതിനുള്ള

(ശേഷം 5-ാം പേജിൽ)

ൾക്കാനുകൂല്യം ചെയ്യുന്നതു് തെററായിപരിഗണിക്കപ്പെട്ടെങ്കിൽ, തടവുചാടിയ കുററപ്പുള്ളിക്കു നിവാസസ്ഥാനം നൽകുക റോമന്മാരുടെ ദൃഷ്ടിയിൽ മഹാ പാതകമായിരുന്നു.

രോഗിക്കു പ്രഥമശുശ്രൂഷ ചെയ്യുന്നതിൽ ജോസഫിനെ മത്താസ സഹായിച്ചിരുന്നപ്പോൾ ഇടയിൽ, "ഇയാളുടെ സ്ഥിതി അത്യാപൽക്കരമാണോ?" എന്നു് അവൾ ചോദിച്ചു.

(തുടരും)

# പുനരൈക്യപ്രത്യവലോകനം

## 1930-ാമാണ്ടിനു മുമ്പ്

[കെ. എം. ഈശോ, ഓമല്ലൂർ]

(തുടർച്ച)

### പുനരൈക്യോത്ഭവം

പറങ്കികളോടു പിണങ്ങി ഒരു പുതിയ വിശ്വാസം സ്വീകരിച്ചുകൊണ്ടു ഭിന്നിച്ചുനില്ക്കുന്ന "പുത്തൻകൂറു സുറിയാനിക്കാരെ മാതാവായ തിരുസഭയുടെ മടിയിലേക്കും പിതാക്കന്മാരുടെ—മാർത്തോമ്മാശ്ലീഹായുടെ—സത്യവിശ്വാസത്തിലേക്കും തിരിച്ചുവരുത്തുന്നതിനുള്ള ശ്രമങ്ങളാണ് അന്നു മുതൽ തുടർന്നുകൊണ്ടിരിക്കുന്നതു്. ഇങ്ങനെയാണ് മലങ്കരയിൽ പുനരൈക്യം ആരംഭിച്ചതു്".

മാർത്തോമ്മാശ്ലീഹായുടെ പാദമുദ്രകൾ പതിയുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുള്ളതും അദ്ദേഹത്തിൻെറ പരിപാവനകരങ്ങളാൽ സ്ഥാപിക്കപ്പെട്ട ഏഴു പള്ളികളിൽ ഒന്നിൻെറ ആസ്ഥാനവും പാശ്ചാത്യരാജ്യങ്ങളിൽ നിന്നു നിരവധി വണിഗ്വരന്മാരെ ആകർഷിച്ചിരുന്ന പുരാതനതുറമുഖവും നസ്രാണികളുടെ വാണിജ്യകേന്ദ്രവുമായിരുന്ന കൊല്ലത്തു 14-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ യൂറോപ്പിൽനിന്നും ഫ്രാൻസിസ്കൻസഭയിലും ഡോമിനിക്കൻസഭയിലും പെട്ട സന്യാസികളായ ലത്തീൻമിഷനറിമാർ വന്നു അവിടത്തെ മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിൽ ക്രിസ്തീയചൈതന്യം വളർത്തുകയും അന്യമതക്കാരെ ക്രിസ്തുമതത്തിൽ ചേർക്കുകയും ദേവാലയങ്ങളും സന്യാസാശ്രമങ്ങളും സ്ഥാപിക്കയും ചെയ്തതായി കാണുന്നു. ഈ മിഷനറിമാർ പറങ്കികളെപ്പോലെ വിപ്ലവകാരായിരുന്നില്ല. അവർ നസ്രാണികളുടെ ആരാധനക്രമങ്ങളിൽ കൈകടത്താനോ അവരെ കീഴ്പ്പെടുത്തി ഭരിക്കാനോ ഒരുമ്പെട്ടില്ല. രാഷ്ട്രീയചിന്താഗതി അല്ലായിരുന്നു അവരുടെ ലാക്കു്. അവർ വഹിച്ചിരുന്ന ധാർമ്മികസേവനം യാതൊരു ഒച്ചപ്പാടിനുമിടയാക്കാതെ നിർവഹിക്കമാത്രം ചെയ്തു. കൊല്ലത്തെ സുറിയാനിക്കാർ കത്തോലിക്കരല്ലായിരുന്നുവെങ്കിൽ—മാർപ്പാപ്പായോടോ ലത്തീൻ റീത്തിനോടോ വൈപരീത്യമുള്ളവരായിരുന്നുവെങ്കിൽ—ഈ മിഷനറിമാരെ സ്വീകരിക്കയോ ഇവരുടെ ധർമ്മോപദേശങ്ങൾക്കു സ്വാഗതമരുളുകയോ ചെയ്യുയില്ലായിരുന്നു. അവർ ഉത്തമകത്തോലിക്കരായിരുന്നതുകൊണ്ടല്ലേ 1348-ൽ കൊല്ലം സന്ദർശിച്ച മാർപ്പാപ്പായുടെ പ്രതിനിധിയായ ജോൺ മരിഞ്ഞോളിയെ എതിരേറ്റു സ്വീകരിച്ചതും, വിലയേറിയ പാരിതോഷികങ്ങൾ കൊടുത്തു യാത്ര അയച്ചതും. പിന്നീടു രണ്ടു നൂറ്റാണ്ടു കഴിഞ്ഞു് പോർട്ടുഗീസുകാരുടെ രാഷ്ട്രീയശക്തിയുടെ മൂർദ്ധന്യദശയിൽ പറങ്കിഭരണം മൂലമുണ്ടായ വിപ്ലവത്തിൽ കൊല്ലത്തെ സുറിയാനിക്കാർ, ഓരോ കൂട്ടമായി പിരിഞ്ഞു് സമീപസ്ഥലങ്ങളിൽ കുടിയേറുകയോ വടക്കൻ പ്രദേശങ്ങളിൽ പോയി വിപ്ലവമനസ്ഥിതിക്കാരായ സുറിയാനിക്കാരോടു ചേരുകയോ പറങ്കിഭരണത്തിനു് കീഴ്പ്പെടുകയോ ചെയ്തിരിക്കണം. അതിനാൽ മലങ്കരയിലെ ഭിന്നതയ്ക്കു അടിസ്ഥാനം, കത്തോലിക്കസഭയോടോ മാർപ്പാപ്പായോടോ ലത്തീൻ റീത്തിനോടോ ഉള്ള വൈപരീത്യവും പിണക്കവുമല്ല; പറങ്കികളുടെ അധികാരപ്രമത്തതമൂലമുണ്ടായ വർഗ്ഗീയവൈരമാണ് അതിനു നിദാനമായിരുന്നതു്. ഈ വാസ്തവാവസ്ഥ മനസ്സിലാക്കി പള്ളിവീട്ടിൽ ചാണ്ടിമെത്രാൻെറ ഭരണകാലത്തു അനേകം പുത്തൻകൂറുകാർ കത്തോലിക്കസഭയിലേക്കു പുനരൈക്യപ്പെട്ടു. ചാണ്ടിമെത്രാൻേറയും കർമ്മലീത്താ വൈദികരുടേയും മററും ശ്രമഫലമായി 71 പള്ളികൾ പൂർണ്ണമായും 18 പള്ളികൾ പകുതിയായും കത്തോലിക്കസഭയിലേക്കു തിരിച്ചുവന്നു എന്നു പറയപ്പെടുന്നു.

### അപവാദവ്യവസായം

എന്നാൽ വാശിയും മത്സരവുമുള്ള ചില നേതാക്കന്മാർ ഭിന്നിച്ചുനില്ക്കുന്നവർ ഒരു കാലത്തും കത്തോലിക്കസഭയുമായി പുനരൈക്യപ്പെടാതിരിക്കുന്നതിനു തീവ്രയത്നങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഭാവിസന്താനങ്ങൾ ആ വഴിക്കു തിരിഞ്ഞു നോക്കാതിരിക്കത്തക്കവണ്ണം അവർ കൂനൻകുരിശിനെ പററിയുള്ള അപവാദവ്യവസായം സാധുക്കളായ ജനതതികളിൽ വളർത്തിക്കൊണ്ടിരുന്നു. കത്തോലിക്കസഭയുടെ ശത്രുക്കൾ, പ്രോട്ടസ്റ്റൻറുകാർ ചെയ്തിട്ടുള്ള ദൂഷണങ്ങൾകൊണ്ടു് റോമ്മാസഭയെ "മഹാബാബിലോ"ണും "മഹാവേശ്യ"യുമാക്കുന്നതിനു മുതിന്നു. "കൊഴുക്കട്ട"യും "തങ്കക്കാശും" സൃഷ്ടിച്ചു അവളുടെ പാതിവ്രത്യത്തെ ഭത്സിക്കാനും അവർ മടിച്ചില്ല. ചങ്ങനാശ്ശേരിക്കു, ളാപ്പാലത്തിനു തെക്കുള്ള പ്രദേശങ്ങളിൽ ഈ വ്യവസായം പ്രബലപ്പെട്ടിരുന്നതിനാൽ തെക്കൻ പ്രദേശങ്ങളിലുള്ള സുറിയാനിക്കാർ ഒന്നടങ്കം കത്തോലിക്കസഭയിൽനിന്നകന്നു ഭിന്നസഭയായി മാറിനിന്നു. കാലം ഈ അകൽച്ചയെ വളർത്തിക്കൊണ്ടിരുന്നു. ഈ നിലയിൽ തലമുറകളും പലതു കടന്നുപോയി. കൂനൻകുരിശു സത്യം കത്തോലിക്കരായ പറങ്കികളും യാക്കോബായക്കാരായ സുറിയാനിക്കാരുമായി നടന്ന ഏററുമുട്ടലുകളുടെ ഫലമാണെന്നും പോർട്ടുഗീസുകാരുടെ വരവോടുകൂടിയാണു കത്തോലിക്കവിശ്വാസം—റോമ്മാവിശ്വാസം—മലങ്കരെ ആവിർഭവിച്ചതെന്നും മററും സാധുജനങ്ങൾ കാര്യമറിയാതെ ധരിച്ചു വശായി. ഈ ധാരണ ഭാവിതലമുറകളിലേക്കു പകർത്തിക്കൊണ്ടിരുന്നതിനാൽ ഭിന്നവിശ്വാസികളുടെ, യാക്കോബായക്കാരുടെ, ശക്തി ഇവിടെ വർദ്ധിച്ചുവരികയും പുനരൈക്യശ്രമങ്ങൾ മന്ദീഭവിക്കയും ചെയ്തു. എങ്കിലും ആ പൂർവ്വികവിശ്വാസത്തിൻെറ മാറെറാലി യാക്കോബായസഭയിൽക്കൂടി ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങൾ ആസ്വദിച്ചു നിർവൃതി അടഞ്ഞിരുന്നു. യാക്കോബായസഭ, പത്രോസാകുന്ന പാറമേൽ ക്രിസ്തുനാഥൻ സ്ഥാപിച്ച ഏക സത്യസഭയെന്നും ഇതിനുപുറമേ രക്ഷയില്ലെന്നുമുള്ള ധാരണ അന്നത്തെ യാക്കോബായക്കാരിൽ പ്രബലപ്പെട്ടിരുന്നു. റോമ്മാസഭ, സത്യവിശ്വാസത്തിനും ക്രിസ്തുവിൻെറ പ്രബോധനങ്ങൾക്കും എതിരായ സഭയെന്നും അതു അധഃകൃതരും വിദ്യാവിഹീനരും അപരിഷ്കൃതന്മാരുമായ വിഗ്രഹാരാധകന്മാരുടെ കൂട്ടമാണെന്നും സുറിയാനിക്കാർ ആ സഭയിലില്ലെന്നും മററുമുള്ള അബദ്ധധാരണ സ്ഥിരപ്പെട്ടു. മദ്ധ്യതിരുവിതാംകൂറിൽ പലയിടത്തും റോമൻ കത്തോലിക്കരെ കണ്ടിട്ടുള്ളവർ തന്നെ വളരെ വിരളമായിരുന്നു. ഇവരുമായി ഇടപെടുന്നതും ഇവരുടെ കൂട്ടത്തിൽ ചേരുന്നതും ഒരു നിഷിദ്ധപ്രശ്നവുമായിത്തീർന്നു.

ഈ ലേഖകൻെറ പുനരൈക്യത്തിനു മുമ്പുള്ള മനഃസ്ഥിതിക്കു് ഒരു ഉദാഹരണം ഉദ്ധരിക്കാം. 40 കൊല്ലം മുമ്പു് ഞാൻ വടക്കൻ പറവൂർ ഗവർമ്മെണ്ടു സ്കൂളിൽ അദ്ധ്യാപകനായി 6 കൊല്ലം അവിടത്തെ ഏററം പ്രശസ്തമായ യാക്കോബായ വീട്ടിൽ താമസിച്ചിരുന്നു. അവിടെയുള്ള ക്രിസ്ത്യാനികളിൽ 90 ശതമാനത്തോളം റോമൻ കത്തോലിക്കരുമായിരുന്നു. റോമ്മാക്കാരേയും റോമ്മാസഭയേയും പററിയുള്ള അതിരുകവിഞ്ഞ അവജ്ഞനിമിത്തം സമീപമുള്ള പ്രസിദ്ധമായ കോട്ടക്കാവുപള്ളി കാണാനായിട്ടെങ്കിലും പോകയോ റോമൻകത്തോലിക്കരുമായി സംസർഗ്ഗം ചെയ്യുകയോ അവരുടെ മീററിംഗുകളിൽ സംബന്ധിക്കയോ ചെയ്തിരുന്നില്ല. ചില പെരുന്നാൾ ദിവസങ്ങളിൽ മാതാവിൻേറയും മററും പ്രതിമകൾ എഴുന്നള്ളിച്ചുകൊണ്ടു പട്ടണപ്രദക്ഷിണം ചെയ്യുന്നതു് വിഗ്രഹാരാധനയുടെ തികഞ്ഞ അരങ്ങേററമായി ഗണിച്ചുകൊണ്ടു് പുച്ഛരസത്തിലാണ് വീക്ഷിച്ചിരുന്നതു്. അങ്ങനെയിരിക്കെ, ഇപ്പോൾ സത്യദീപം ചീഫ് എഡിററരായിരിക്കുന്ന മോൺസിഞ്ഞോർ നടുവത്തുശ്ശേരി അച്ചൻ പട്ടമേററുവന്ന ഇടയ്ക്കു പള്ളിമുററത്തുവച്ചു നടത്തിയ ഒരു യോഗത്തിൽ "ശീലിച്ചുതേ പാലിക്കൂ" എന്ന വിഷയത്തെപ്പററി അദ്ദേഹത്തിൻെറ ഒരു പ്രസംഗമുണ്ടെന്നു അറിവു കിട്ടിയതനുസരിച്ചു ഞാൻ പോയി. കുറേ അകലെ നിന്നുകൊണ്ടു ആ വചോമാധുര്യമാസ്വദിച്ചു് "റോമ്മാക്കാരിൽ ഇത്ര പാണ്ഡിത്യവും വചോവിലാസവു"മുള്ളവരുണ്ടല്ലോ എന്നു വിചാരിച്ചു അത്ഭുതപ്പെട്ടുപോയി. ഇതു എന്നെ സാഹിത്യത്തിൽക്കൂടി കാന്തശക്തിയാലെന്നവണ്ണം ആകർഷിച്ച ഒരു വസ്തുതയാകകൊണ്ടു അതു മറക്കാതെ ഇപ്പോഴും മനസ്സിൽ കുടികൊണ്ടിരിക്കുന്നു. പിന്നീടു സത്യദീപം വഴിയായും അഭിമുഖമായും മോൺസിഞ്ഞോർ നടുവത്തുശ്ശേരി അച്ചനെ പരിചയപ്പെടാനുള്ള ഭാഗ്യം ലഭിച്ചതു് ഒരു അഭിമാനസമ്പത്തായി ഞാൻ വിചാരിക്കുന്നു. റോമ്മാക്കാരുടെ മീററിംഗിൽ സംബന്ധിച്ചതും ഒരു റോമ്മാക്കാരൻെറ പ്രസംഗം ശ്രവിച്ചതും ആദ്യമായി അന്നായിരുന്നു. അതിനുശേഷം എൻെറ ഗ്രാമസ്ഥലത്തിനു അടുത്തു കത്തോലിക്ക യുവജനങ്ങൾ നടത്തിവന്ന ഒരു സാഹിത്യമീററിംഗിലാണെന്നു തോന്നുന്നു, ക്ഷണമനുസരിച്ചു ഞാൻ പോയി ആദ്ധ്യക്ഷം വഹിക്കയോ പ്രസംഗിക്കയോ ചെ


ESTD. 1927

# പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

30-6-1955

| | |
|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,85,000 രൂപാ |
| കരുതൽ ധനം ... | 14,00,000 രൂപാ |
| ആകെ ഡിപ്പോസിററ് ... | 6,09,79,000 രൂപാ |
| രൊക്കമിരിപ്പും മററു ബാങ്കുകളിൽ നിക്ഷേപവും | 1,23,98,000 രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 1,60,49,000 രൂപാ |

കെ. ജോസഫ് ആഗസ്തി

മാനേജിംഗ് ഡയറക്ടർ

PC.2096



## പ്രഥമ ചരമവാർഷികം



പരേതനായ വെള്ളരിങ്ങാട്ട ബ. വലിയ യാക്കോബ്

അച്ചൻെറ ആത്മശാന്തിക്കായി

എല്ലാവരുടെയും പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു

R. I. P.

ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട (ജൂണിയർ)

സ്ഥിട്ടുണ്ടു്. എങ്കിലും റോമ്മാക്കാർ വേദവിപരീതികളും വിഗ്രഹാരാധനക്കാരുമാണെന്നുള്ള മുൻവിധി നിമിത്തം അവരുമായി സഹകരിച്ചു സമ്പർക്കം പുലത്തുന്നതിൽ വിമുഖനായിരുന്നു. എന്തോ ഒരു പതിതത്വം അവക്കുള്ളതായിട്ടായിരുന്നു അന്നത്തെ ധാരണ. അതുകൊണ്ടു റോമ്മാക്കാരുടെ പള്ളിയിൽ പോകുന്നതും അവരുമായിക്കൂട്ടുകൂടുന്നതും ആരാധനകളിൽ സംബന്ധിക്കുന്നതും വലിയ കുറച്ചിലായിട്ടാണുഗണിച്ചിരുന്നതു്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഒരു പള്ളി ഇടവകയിൽ, കത്തോലിക്കരുടെയിടയിൽ 6 കൊല്ലം താമസിച്ചിരുന്ന എന്റെ മനോഭാവം ഇങ്ങനെ ആയിരുന്നുവെങ്കിൽ, കത്തോലിക്കരുമായി യാതൊരു സമ്പർക്കവുമില്ലാതിരുന്ന മധ്യതിരുവിതാംകൂറിലെ സ്ഥിതി ഊഹിക്കയാണു നല്ലതു്. (തുടരും)

(3-ാംപേജ് തുടർച്ച)

ജിജ്ഞാസയോ, നല്ല പ്രസംഗകൻ എന്നുള്ള കീർത്തി ലഭിക്കണമെന്നുള്ള ആഗ്രഹമോ, ഭാഷയേയും പ്രതിപാദനരീതിയേയും വിമർശിക്കണമെന്നുള്ള കരുതലോ ഒന്നും ആയിരിക്കരുതു് ജ്ഞാനവായനക്കായി നമ്മെ പ്രേരിപ്പിക്കുന്നതു്. നമ്മുടെ വ്യക്തിപരമായ ആദ്ധ്യാത്മികപ്രയോജനം മാത്രമായിരിക്കണം നമ്മുടെ ഉന്നം.

രണ്ടാമതായി പുണ്യാഭിവൃദ്ധിയുണ്ടാകണമെന്നു തീവ്രമായി ആഗ്രഹിച്ചുകൊണ്ടു വായിക്കണം. നമ്മുടെ ആഗ്രഹത്തിന്റെ അളവിനെ ആശ്രയിച്ചിരിക്കും വായനയിൽനിന്നു ലഭിക്കുന്ന ഗുണം. ഈ ആഗ്രഹമുണ്ടെങ്കിൽ വായിച്ചുമനസ്സിലാക്കുന്നസംഗതികൾ മററുള്ളവക്കല്ല, തനിക്കുതന്നെ എത്ര കണ്ടു ഉപകാരപ്രദമാണെന്നു ആലോചിച്ചുനോക്കുകയും തദനുസരണം പ്രവർത്തിക്കുന്നതിനു ശ്രമിക്കയും ചെയ്യാതിരിക്കയില്ല. വളരെ സാവധാനത്തിലും ഇടക്കിടക്കു്, ആലോചനക്കായി, നിറുത്തിയും വായിക്കണമെന്നു ആദ്ധ്യാത്മികഗുരുക്കന്മാർ ഉപദേശിക്കുന്നതിനുള്ള കാരണം ഇതാണു്.


അവസാനമായി "നിങ്ങൾ വചനം പ്രവർത്തിക്കുന്നവരായിരിക്കുവിൻ. അല്ലാതെ കേൾവിക്കാർ മാത്രം ആയിരിക്കരുതു്" എന്നുള്ള വി. യാക്കോബു ശ്ലീഹായുടെ ഉദ്ബോധനമനുസരിച്ചു വായനയിൽനിന്നു ലഭിക്കുന്ന അറിവു് പ്രവൃത്തിയിൽ കൊണ്ടുവരണം. എങ്കിലും പുതുതായി എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആത്മപിതാവിനോടു മുൻകൂട്ടി അനുവാദം വാങ്ങിയേ അതു തുടങ്ങാവൂ എന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

## ഇടവകവാർത്തകൾ

**വെട്ടൂർ:** റവ. ഫാ. ശമുവേൽ ശങ്കരത്തിലിന്റെ ധ്യാനപ്രസംഗം, സ്ലീബാപാത, ജപമാലപ്രാർത്ഥന, അനുദിനദിവ്യകാരുണ്യസ്വീകരണം, ഭക്തജനങ്ങളുടെ നേർച്ചവിതരണം ആദിയായ പരിപാടികളോടുകൂടി വടക്കുപുറംപള്ളിയിലെ എട്ടുനോമ്പാചരണം സമംഗളം പര്യവസാനിച്ചിരിക്കുന്നു.

**കൊന്നപ്പാറ:** ഓർത്തഡോക്സു പള്ളിയിലെ പ്രധാന പ്രവർത്തകരിൽ ഒരാളായ അച്ചുതൻപറമ്പിൽ ശ്രീ എ. യോഹന്നാൻ അവർകൾ തന്റെ കുടുംബാംഗങ്ങളായ പന്ത്രണ്ടു് അംഗങ്ങളോടുകൂടി കത്തോലിക്ക സഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു.




## ഫാത്തിമാ കപ്പേള—കോതമംഗലം

സ്ഥലം ഫൊറോനാപ്പള്ളിയുടെമുമ്പിൽ ഹൈറേഞ്ചു കവലയിൽ പുതിയതായിപണിതീർന്നിട്ടുള്ള ഫാത്തിമാമാതാവിന്റെ കപ്പേള സെപ്റ്റംബർ 20-ാംനു 4 മണിക്കു് എറണാകുളം അതിരൂപതാ സഹായമെത്രാൻ മൊറാൻ റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് അനേകം വൈദികരുടേയും വലിയ ഒരു ജനക്കൂട്ടത്തിന്റേയും സാന്നിദ്ധ്യത്തിൽ ആശീർവ്വദിച്ചിരിക്കുന്നു. അനന്തരം നിർമ്മലകോളേജ് പ്രിൻസിപ്പാൾ റവ. ഫാദർ തോമസു് നെടുങ്കല്ലേൽ സന്ദർഭോചിതമായ ഒരു പ്രസംഗം ചെയ്തു.

## ഉപകാരസ്മരണ

പരി. ദേവമാതാവിന്റേയും വി. ഫിലോമിനായുടേയും മാദ്ധ്യസ്ഥത്താൽ അസാദ്ധ്യമെന്നു് കരുതിയിരുന്ന രണ്ടു കാര്യങ്ങൾ സാധിച്ചതിനു് കൃതജ്ഞത. താമസിച്ചതിനു് ക്ഷമാപണം.

അമ്മിണി കുര്യൻ, കരുകപ്പള്ളി
തെ. പറവൂർ

**ചിററാട്ടുകര:** സ്ഥലത്തെ കത്തോലിക്കാ യുവജനസംഘത്തിന്റെ ഒരു അസാധാരണ പൊതുയോഗം ഈ മാസം 18-ാംനു-കാലത്തു് റവ. ഫാദർ ജോർജ്ജ് മാളിയേക്കൽഅവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. സംഘത്തിന്റെ വിപുലീകരണം, കത്തോലിക്കാപ്രവർത്തനം, മതവിരുദ്ധപ്രസ്ഥാനങ്ങളെ പരാജയപ്പെടുത്തേണ്ടതിന്റെ ആവശ്യകത, സാമൂഹ്യസേവനം എന്നിവയെ പരാമർശിച്ചു് അദ്ധ്യക്ഷൻ സാരഗർഭമായ ഒരു പ്രസംഗം ചെയ്തു.

തുടന്നു്, ഈയുദ്ദേശങ്ങളെ പ്രാവർത്തികമാക്കുന്നതിനു അംഗങ്ങളേവരും പൂർവ്വാധികം ചൈതന്യവും സന്നദ്ധതയും പ്രകടിപ്പിക്കയും പ്രസ്തുതവ്യത്യസ്തരംഗങ്ങളിൽ പ്രവർത്തിക്കുവാൻ ഏതാനും ഉപകമ്മററികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**കളത്തൂർ:** സ്ഥലം ആരാധനാസംഘത്തിന്റെ പന്ത്രണ്ടാമത്തു വാർഷികം ഈ മാസം 15-ാംനു-വ്യാഴാഴ്ച ആഡംബരപൂർവ്വം കൊണ്ടാടുകയുണ്ടായി. കളത്തൂർ, വായ്പൂരു് പുത്തൻപള്ളി, പഴയപള്ളി ഈ ഇടവകാംഗങ്ങളാണു് ഈ ആരാധനാസംഘത്തിലുള്ളതു്. ഈ സംഘത്തിലെ അംഗങ്ങൾ വരിസംഖ്യയായി അടക്കുന്ന പണംകൊണ്ടു് സത്യദീപം വരുത്തി സംഘാംഗങ്ങൾക്കു കൊടുക്കുന്നതു കൂടാതെ ഒരു വായനശാലക്കു് ഒരെണ്ണം സൗജന്യമായും കൊടുക്കുന്നുണ്ടു്. കൂടാതെ കർമ്മലകുസുമം മാസിക വരുത്തി സംഘാംഗങ്ങൾക്കെല്ലാം വിതരണം ചെയ്യുന്നുണ്ടു്. വാർഷികത്തിന്റെസ്മാരകമായിവി. 10-ാം പീയൂസ് തിരുമേനിയുടെ പടത്തിന്റെ ഓരോ കോപ്പി സംഘാംഗങ്ങൾക്കു വിതരണം ചെയ്യുകയുണ്ടായി.

**മസ്രൂത്ത്:** കത്തോലിക്കാ സേവാസമാജത്തിന്റെ ഒരു ജനറൽ ബോഡിയോഗം ചേന്നു. മുൻസെക്രട്ടറി മാടമാക്കൽ സേവ്യർ ജോസഫ് രാജിവച്ചതിനെ തുടന്നു പ്രസ്തുതയോഗം ബി. ആർ. ജോസഫിനെ തൽസ്ഥാനത്തേക്കു് തിരഞ്ഞെടുത്തു.

**ഇടത്വാ:** ഇവിടെ സ്ഥാപിതമായിരിക്കുന്ന ലീജിയൻ ഓഫ് മേരിയുടെ കൂരിയായിലെ പ്രസിദിയങ്ങളുടെ ഏകോപിച്ചുള്ള സെപ്ററംബർ ആഘോഷം 18-ാംനു- മൂന്നുമണിക്കു് സ്ഥലം ഹൈസ്കൂൾഹാളിൽ റവ. ഫാ. തോമസ് നടുവിലേപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. വിവിധപരിപാടികൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു.

**കൈപ്പുഴ:** പാലത്തുരുത്തു സെൻറു് ത്രേസ്യാസ് സെൻറു് വിൻസെൻറു് ഡി പോൾ കോൺഫറൻസിന്റെ പ്രഥമ വാർഷികം സെപ്ററംബർ 11-ാംനു- ഞായറാഴ്ച പകൽ 3 മണിക്കു് സ്ഥലം സ്കൂൾഹാളിൽവച്ചു് കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കൂടുകയും മി. എബ്രഹാം പതിയിൽ, റവ. ഫാദർ സി. കെ. മററം മുതലായവർ പ്രസംഗിക്കുകയും ചെയ്തു.

തുടന്നു് നടന്ന ആലോചനായോഗത്തിൽവച്ചു് കൈപ്പുഴ ഫോറോനാടിസ്ഥാനത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പർട്ടിക്കുലർ കൗൺസിലിന്റെ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും, മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് പർട്ടിക്കുലർ കൗൺസിൽ ഔദ്യോഗികമായി ഉൽഘാടനം ചെയ്യുകയും ചെയ്തു.


## കഫം വരുന്നതരം ചുമ

ചുമക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു് നിരാശരായിതീർന്നിട്ടുള്ളവർ, ചുമയുടെ ഉത്ഭവം എപ്രകാരമാണെന്നു് മനസ്സിലാക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതുകൊണ്ടു് "ചുമ"യെപ്പററിയുള്ള ചില വിവരങ്ങൾ താഴെ ചേക്കുന്നു.

വളരെ വരണ്ടോ, രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായോ, നാടപോലെ കനംകുറഞ്ഞോ, അല്ലാല്ലമായോ, ശബ്ദത്തോടുകൂടിയോ, കൊഴുപ്പോടും രക്തത്തോടുംകൂടിയോ മലം പോയിത്തുടങ്ങുന്നതുമുതൽ (മലബന്ധമൊ അർശസ്സോ ഉത്ഭവിക്കുന്നതുമുതൽ), പക്വാശയത്തിൽനിന്നു് കുടലുകളിൽക്കൂടി മന്ദംമന്ദം കീഴ്പോട്ടിറങ്ങി മലദ്വാരം വഴി സദാപി ബഹിർഗമിച്ചുകൊണ്ടിരിക്കുന്നതായ വായുവിന്റെ കീഴ്പോട്ടുള്ള ഗതി നിമിഷംപ്രതി കുറഞ്ഞുപോകുന്നതാണു്. ദേഹമാസകലം സഞ്ചരിക്കുമൂലം ദുഷിക്കയും, അമിതമായി ചൂടുപിടിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന വായു, ഇങ്ങനെ ഉദരത്തിന്നുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്നതിനെ "വായുസ്തംഭനം" എന്നും, "വയറുവീക്കൽ" എന്നും, "ഗ്യാസ്ട്രബ്ൾ" എന്നും മററും പറയുന്നു. പിന്നേയും പിന്നേയും ദുഷിക്കയും ചൂടുപിടിക്കപ്പെടുകയും ചെയ്തുകൊണ്ടു് ഇങ്ങനെ ഉദരത്തിന്നുള്ളിൽ കെട്ടിനില്ക്കുന്ന വായു, ഇടക്കിടെ നെഞ്ചു്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്കു് ഗതിക്കുകയും, അവിടവിടെ സ്ഥിതിചെയ്യുന്ന കഫത്തെയും ധാതുക്കളെയും ഉരുക്കുകയും, ദുഷിപ്പിക്കുകയും ചെയ്തിട്ടു്, ആ ദുഷിച്ച അംശങ്ങളെ സ്രോതസ്സുകളിൽക്കൂടി ശ്വാസകോശം, ഭക്ഷണനാളം (തൊണ്ട), മൂക്കു് മുതലായ സ്ഥാനങ്ങളിൽ കൊണ്ടാക്കുക കാരണം, അവിടവിടെ തടസ്സപ്പെട്ടുനില്ക്കുന്നതിന്നിടവരുന്ന വായുവും, മുൻപു് പറഞ്ഞതുപോലെ ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്ന വായുവും ശ്വാസമാർഗ്ഗങ്ങളിലും ഭക്ഷണനാളത്തിലും മററും കെട്ടിനില്ക്കുന്ന കഫത്തോടുകൂടി വായിൽക്കൂടിയും, മൂക്കിൽക്കൂടിയും ബഹിർഗമിക്കുമ്പോഴാണു് കഫത്തോടുകൂടിയുള്ള ചുമയും, ശ്വാസംമുട്ടലും, തുമ്മലും മററും അനുഭവപ്പെടുന്നതു്. ഇങ്ങനെ "വായുസ്തംഭനം"കൊണ്ടു് ഉണ്ടാവുന്നതുപോലെതന്നെ, ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളേയും അമിതമായി ഉപയോഗിക്കുക, യഥാസമയങ്ങളിൽ ഭക്ഷണം കഴിക്കാതിരിക്കുക, വെയിൽകൊള്ളുക, തീചൂടു് തട്ടുക, ഉറക്കമൊഴിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ ചൂടു് വർദ്ധിച്ചു് കഫവും ധാതുക്കളും ഉരുകുന്നതിന്നിടവരുമ്പോഴും ശ്വാസംമുട്ടലും, തുമ്മലും, "കഫം വരുന്നതരം ചുമ"യും മററും അനുഭവപ്പെടുന്നതാണു്.

## പ്രതിവിധികൾ

ദേഹത്തിലെ ചൂടു് പിന്നേയും പിന്നേയും വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടി എരുവു്, പുളി, ഉപ്പു് എന്നീ രസങ്ങളുള്ളവയും, ഉഷ്ണവീര്യമുള്ളവയുമായ മുളകു്, കുരുമുളകു്, തിപ്പലി, ജീരകം, മാങ്ങ, നാരങ്ങ, വാഴപ്പഴം, ശർക്കര, മോരു്, തൈരു്, മത്സ്യം, മുട്ട, അരിഷ്ടം, മദ്യം മുതലായ ദ്രവ്യങ്ങളേയും, ശരീരംകൊണ്ടും മനസ്സുകൊണ്ടുമുള്ള അദ്ധ്വാനം, പുകവലി, പൊടിവലി, മുറുക്കൽ, ഉറക്കമൊഴിക്കൽ, വെയിൽകൊള്ളൽ മുതലായ കർമ്മങ്ങളേയും നിവൃത്തിയുള്ളേടത്തോളം ഒഴിവാക്കുകയും,

അമിതമായിതീർന്നിട്ടുള്ള ചൂടിനെ ശമിപ്പിച്ചു് കഫത്തേയും ധാതുക്കളേയും ഉരുകാതേയും ദുഷിക്കാതേയും യഥാസ്ഥാനങ്ങളിൽ നിലനിറുത്തുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, ഉരുകിയും ദുഷിച്ചും ശ്വാസകോശങ്ങളിലും മററും ചെന്നുകൂടിയിട്ടുള്ള കഫത്തിന്റേയും ധാതുക്കളുടേയും അംശങ്ങളെ നശിപ്പിച്ചു് വായുമാർഗ്ഗങ്ങളെ ശുദ്ധീകരിക്കുന്നതിനും, ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ഔഷധമാകുന്ന നിംബാസവവും, കുടലിലുള്ള കുരുക്കളേയും (അർശസ്സിനേയും), ആമാശയ പക്വാശയങ്ങളുടെ ബലക്ഷയത്തേയും നശിപ്പിച്ചു് ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം മുതലായവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും, വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) ക്ഷയിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും (ഓജസ്സിനേയും) വർദ്ധിപ്പിക്കുന്നതിനും മററും കഴിവുള്ളതും, ശീതോഷ്ണമായിട്ടുള്ളതുമായ ഒരു ഔഷധമാകുന്ന ദ്രാക്ഷാഘൃതവും വിധിപ്രകാരം സേവിക്കുകയും,

"ദ്രാക്ഷാഘൃത"ത്തിന്റെ ഫലങ്ങളോടു് ഏറക്കുറെ തുല്യമായ ഫലങ്ങളോടു് കൂടിയതും, ശീതോഷ്ണമായിട്ടുള്ളതും, രക്തത്തെ ശുദ്ധീകരിക്കുന്നതിനും, കഫത്തേയും ധാതുക്കളേയും യഥാസ്ഥാനങ്ങളിൽ നിലനിറുത്തുന്നതിനും മററും കഴിവുള്ളതുമായ ഒരു ഔഷധമാകുന്ന ശാരിബാതൈലം വിധിപ്രകാരം ദേഹമാസകലം തേക്കുകയും ചെയ്യുന്നതായാൽ "കഫം വരുന്നതരം ചുമ"ക്കു മാത്രമല്ല, ചുമയോടനുബന്ധിച്ചുണ്ടാവുന്നവകളായ തുമ്മൽ, ച്ഛെയടപ്പ്, പനി, ശ്വാസംമുട്ടൽ, മൂക്കടപ്പ്, തലവേദന, കഴുത്തുകഴപ്പ്, നെഞ്ചുവേദന, പള്ളവേദന, ക്ഷയം, ഏങ്ങൽ മുതലായ നാനാവിധ രോഗങ്ങൾക്കുംകൂടി ശമനം സിദ്ധിക്കുമെന്നുള്ളതിന്നു് പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 120-ൽപരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷദൃഷ്ടാന്തമാണു്. "ചുമയുടെ ഉത്ഭവം" എന്ന പ്രസിദ്ധീകരണത്തിൽനിന്നു് "കഫമില്ലാത്തതരം ചുമ"യെപ്പററിയുള്ള വിവരങ്ങൾ അറിയാവുന്നതാണു്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്കു് | 2_0_0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്കു് | 4_0_0 |
| ശാരിബാതൈലം 19 ഔൺസ് കുപ്പി 1ക്കു് | 3_0_0 |

12_10_0 മുൻകൂർ അയക്കുന്നവക്കു് ഉപയോഗക്രമങ്ങളടക്കം മേൽ ഔഷധങ്ങൾ മൂന്നും റജിസ്റ്റേർഡു പാർസലായി (പോസ്റ്റുകൂലിയും) അയച്ചു് കൊടുക്കുന്നതാണു്.

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കോയമ്പത്തൂർ, തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻസ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**കാളൻ, നെല്ലായി.**


**ചെറുവള്ളി:** സ്ഥലത്തു പ്രവർത്തനം നടത്തിവരുന്ന സെൻറു വിൻസെൻറു ഡി പോൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 18-ാംതിയതി ഓസ്സാനാംദിനം ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. റവ. ഫാ. തോമസ് മണ്ണൂപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ മി. ജയിംസ് കെ. സി. മണിമല സാധുജനസേവനത്തെ പുരസ്കരിച്ചു പ്രസംഗിച്ചു. അന്നേദിവസം നൂറിൽപരം സാധുക്കൾക്കു് അന്നദാനം നൽകുകയും ചെയ്തു.

## പ്രതിമാസഗ്രന്ഥക്ലബ്ബ്

### ഭാരതസേവകൻ

ഓരോരുത്തനും വ്യക്തിപരമായ ജീവിതമണ്ഡലത്തിൽ ദൈവത്തേയും സഹോദരനേയും സേവിപ്പാൻ സാധിക്കും. വിദ്യാർത്ഥി? അദ്ധ്യാപകൻ? എഴുത്തുകാരൻ? പ്രാസംഗികൻ? കത്തോലിക്കാപ്രവർത്തകൻ?—എങ്ങനെ? ഈ പുസ്തകം വായിക്കുക.

**കുന്നന്താനം:** ക. കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 11-ാംനു- ഒരു പൊതുസമ്മേളനം കൂടുകയുണ്ടായി. മിറ്റിംഗിൽ റവ. ഫാ. അഗസ്റ്റിൻ താമരശ്ശേരി അദ്ധ്യക്ഷതവഹിച്ചു. മി. എം. എസ്. വിസൻ കന്നുകാലിവളത്തലിനെപ്പററിയും, മി. എൻ. എം. വർഗീസ് ബി. എ. "കത്തോലിക്കാസഭയും കമ്മ്യൂണിസവും" എന്ന വിഷയത്തെ ആസ്പദമാക്കിയും ഓരോ പ്രസംഗം ചെയ്തു.

**കോടിക്കുളം:** സ്ഥലം അ. കേ. ക. കോൺഗ്രസ് ശാഖയുടെ ഒരു വിശേഷാൽ സമ്മേളനം പ്രസിഡണ്ടു് ശ്രീ സി. വി. കുര്യൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി ക. കോ. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മി. പി. ജെ. സെബാസ്റ്റ്യനെ അനുമോദിച്ചിരിക്കുന്നു.

സ്ഥലം ചെറുപുഷ്പം പൊതുഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ "പൂവണി" എന്ന പേരിൽ ഒരു കൈയെഴുത്തുമാസിക പ്രസിദ്ധീകരണമാരംഭിച്ചിരിക്കുന്നു.

**പൊൻകുന്നം:** പൊൻകുന്നം പള്ളിയുടെ ആവശ്യത്തിലേക്കു് ഇംഗ്ലണ്ടിൽനിന്നും വിഭിന്ന വലുപ്പത്തിലുള്ളതും ഉദ്ദേശം 700 റാത്തൽ തൂക്കമുള്ളതുമായ മൂന്നു മണികൾ വന്നുചേന്നിരിക്കുന്നു. മനോഹരമായി പണുതിരിക്കുന്ന മണിമാളികയിൽ അടുത്തുതന്നെ ആഘോഷപൂർവ്വം മണികൾ സ്ഥാപിക്കുന്നതുമാണു്.

**കിഴപറയാർ:** മാതാവിന്റെ പിറവിത്തിരുനാൾ പ്രമാണിച്ചു സെപ്റ്റംബർ 8-ാംനു- ആഘോഷമായ പാട്ടുകുർബാനയും അനന്തരംറവ.ഫാദർ വെള്ളാപ്പാടൻ ഒരു പ്രസംഗവും നടത്തി.

ഉച്ചകഴിഞ്ഞു് 3-30നു് വിശുദ്ധകുർബാനയുടെ വാഴ്വിനുശേഷം സ്ഥലം ലീജിയൻ സംഘടനയുടെ സെപ്റ്റംബർ സമ്മേളനം ഫാദർ മാത്യു വെള്ളാപ്പാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. യോഗത്തിൽ കുമാരി അഗൻസ് നിലയറ, കുമാരി ത്രേസ്യാമ്മ വട്ടോത്തു് എന്നിവരുടെ പ്രസംഗങ്ങളും ഇടക്കിടക്കു് വിവിധകലാപരിപാടികളും ഉണ്ടായിരുന്നു.

**അമയന്നൂർ:** സ്ഥലം സെൻറു്മേരീസ് കത്തോലിക്കാപള്ളിയിൽ മാതാവിന്റെ പിറവിത്തിരുനാൾ ഇക്കൊല്ലം സെപ്റ്റം

(ശേഷം 8-ാംപേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, SEPTEMBER 28 || No. 8


## "ലീജിയൻ ഓഫ് മേരി"

കത്തോലിക്കാലോകം മുഴുവനിലും മറിയത്തിൻെറ സൈനികസംഘടനയ്ക്കു—ലീജിയൻ ഓഫ് മേരിക്കു്—അത്ഭുതപൂർവ്വമായ ഒരുണർവും അതിവിപുലമായ പ്രചാരവും കൈവന്നിട്ടുള്ള ഒരു കാലമാണിതു്. ആധുനികപരിതസ്ഥിതികളെ ഫലപ്രദമായി നേരിടുന്നതിനുള്ള സംഘടനാപരമായ അതിൻെറ മേന്മയായിരിക്കണം ഈ പ്രാധാന്യത്തിനു നിദാനം. വൈദികമേലദ്ധ്യക്ഷന്മാരുടേയും ആദ്ധ്യാത്മികനേതാക്കന്മാരുടേയും അകമഴിഞ്ഞ പ്രോത്സാഹനം പ്രവൃദ്ധമായ അതിൻെറ പ്രവർത്തനത്തിനുള്ള പ്രചോദനമാണു്. ആദ്ധ്യാത്മികതയിൽ അടിയുറച്ചു അതിൻെറ പരിശീലനപരിപാടികളും നിസ്വാർത്ഥമായ സേവനത്തിനും സജീവമായ പ്രേഷിതചൈതന്യപ്രകടനത്തിനും അതു നൽകുന്ന അനുകാലികമായ പ്രചോദനങ്ങളും സമാകർഷകങ്ങളാണു്. ലീജിയനെപ്പററി പഠിക്കുന്നവർ അതിൽ അംഗമായി ചേരുന്നതിനും സജീവമായി പ്രവർത്തിക്കുന്നതിനും അഭിലഷിക്കാതിരിക്കുകയില്ല. അനുവാചകരുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നതിനു തല്ക്കാലം ഞങ്ങൾക്കു പ്രേരണയായതു്, ഈമാസം 18-ാംനു ഡൽഹി ലീജിയൻ പ്രസീദിയാകളുടെ സമ്മേളനത്തിലേക്കു് ഇന്ത്യയുടെ അപ്പസ്തോലിക്കു് ഇൻറർനുൺഷിയോ മോസ്റ്റ് റവ. ഡോക്ടർ മാർട്ടിൻ ലൂക്കാസ് തിരുമേനി അയച്ചുകൊടുത്ത വിജ്ഞാനപ്രദവും പ്രോത്സാഹനപരവുമായ ഒരു സന്ദേശമാണു്.

ഞങ്ങൾക്കു അയച്ചുതരപ്പെട്ട പ്രസ്തുത സമ്മേളനത്തിൻെറ റിപ്പോർട്ടിൽ കാണുന്നതു് ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ ലീജിയൻ മാതൃകാപരമായി പ്രവർത്തനം നടത്തുന്നുവെന്നാണു്. 1949-ൽ ഡൽഹി-സിംലാ അതിരൂപതയിൽ കേവലം 5 അംഗങ്ങളെക്കൊണ്ടു സമാരംഭിച്ച പ്രസീദിയം ഇപ്പോൾ 38 പ്രസീദിയാകളായി വർദ്ധിക്കുകയും അവയിൽ പ്രവർത്തകാംഗങ്ങളും സഹായകാംഗങ്ങളുമായി 1000 ത്തിൽപരം പേർ അണിനിരക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ലീജിയൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഇതരപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന അനുഭാവികളെക്കൂടി പരിഗണിക്കുകയാണെങ്കിൽ ഈ മരിയസൈന്യത്തിൽ 5000-ത്തിൽപരംവരും അംഗസംഖ്യ. "എല്ലാവരേയും സംഘടിപ്പിക്കുക," "സമുദായത്തിലെ ലവണാംശമായിത്തീരുക" എന്നുള്ള ലീജിയൻെറ ആദർശത്തെ, റൈററ് റവ. മോൺ. ജെ. ബർക്കു് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ പ്രസീദിയാകൾ പ്രശസ്തമായ രീതിയിൽ പ്രായോഗികമാക്കിപ്പോരുന്നുവെന്നുള്ളതു ലീജിയനും അതിലെ എല്ലാ പ്രവർത്തകർക്കും അഭിമാനാവഹമാണു്. ഇൻറർനുൺഷിയോ തിരുമനസ്സുകൊണ്ടു് അവിടത്തെ സന്ദേശത്തിൽ അതു വ്യക്തമാക്കുകയും, മുൻനിശ്ചയമനുസരിച്ചു്, ഈ പൊതുസമ്മേളനത്തിൽ സംബന്ധിച്ചു് ഈ വസ്തുതയെ നേരിട്ടു പ്രസ്താവിക്കാൻ സാധിക്കാതെ വന്നതിൽ ഖേദം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

"നിങ്ങളെ ഇച്ഛാഭംഗപ്പെടുത്തേണ്ടിവന്നതിൽ എനിക്കു തീയായ കുണ്ഠിതമുണ്ടു്. ഡൽഹി കൂരിയായുടെ പ്രവർത്തനങ്ങളിൽ ഞാനെത്രമാത്രം സംപ്രീതനായിരിക്കുന്നുവെന്നു എൻെറ സാന്നിദ്ധ്യംമൂലം നിങ്ങളെ മനസ്സിലാക്കുന്നതിനു എനിക്കു വളരെയേറെ ആഗ്രഹമുണ്ടായിരുന്നു.

"ലീജിയൻ ഓഫ് മേരി പ്രബലമായ ഒരു സൈന്യവ്യൂഹമാണു്—നമ്മുടെ അൽമായരായ സ്ത്രീപുരുഷന്മാരുടെ ഏററവും പ്രധാനപ്പെട്ട വിഭാഗം. അൽമായ സ്ത്രീപുരുഷന്മാരുടെ ഈ സൈന്യവ്യൂഹം മുന്നോട്ടുവരുന്നതിനു തിരുസഭയുടെ ഹയരാർക്കിയിൽ അവർക്കുള്ള സ്ഥാനം അലങ്കരിക്കുന്നതിനും പരിശുദ്ധ പിതാവു അവരെ ആഹ്വാനം ചെയ്യുന്നു"

ലീജിയൻ അംഗങ്ങളേയും അവരുടെ ആദ്ധ്യാത്മികോപദേഷ്ടാവായ മോൺ. ബർക്കു തിരുമേനിയേയും അനുമോദിച്ചശേഷം ഇൻറർനുൺഷിയോ തിരുമേനി സന്ദേശത്തിൽ തുടന്നു പറയുകയാണു്:-

"എൻെറ പ്രിയപ്പെട്ട ലീജിയൻ അംഗങ്ങളേ, നിങ്ങളുടെ ഇടയിലുള്ള ചൈതന്യം ഉത്തമമായ ഒന്നാണെന്നറിയുന്നതിൽ എനിക്കു അനല്പമായ ആനന്ദമുണ്ടു്. ഭക്തിപരമായ നിങ്ങളുടെ കർത്തവ്യങ്ങളെ നിറവേററുന്നതിലും, മീററിംഗുകളിൽ കൃത്യമായി ഹാജരാകുന്നതിലും നിങ്ങൾ ഉത്തരവാദിത്വബോധത്തോടുകൂടി പെരുമാറുന്നു. ഞാൻ ആഫ്റിക്കായിൽ—ദക്ഷിണാഫ്റിക്കായിലും മദ്ധ്യാഫ്റിക്കായുടെ പൂർവ്വപശ്ചിമപ്രദേശങ്ങളിലും, ഉഗാണ്ടായിലും, കോങ്ഗോയിലും എന്നുവേണ്ടാ എല്ലാ സ്ഥലങ്ങളിലും ലീജിയൻ സംഘടനകളെ സന്ദർശിക്കുകയുണ്ടായി. അവരെല്ലാവരും മനസ്സാക്ഷിയനുസരിച്ചു അവരുടെ മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുകയും യോഗങ്ങളിൽ സംബന്ധിക്കുന്നതിനു ഉൽസുകത പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അവിടങ്ങളിൽ ലീജിയൻ അത്ഭുതങ്ങൾ പ്രവർത്തിക്കുകയാണു്.

"ലീജിയൻ ഓഫ് മേരിയിൽ രണ്ടു രഹസ്യങ്ങളുണ്ടു്: ഒന്നു് അതിൻെറ മതാത്മകമായ അന്തരീക്ഷം—ലീജിയനെ അടിയുറപ്പിച്ചിരിക്കുന്ന ആദ്ധ്യാത്മികാസ്ഥിവാരം; രണ്ടു്, പരിശുദ്ധാത്മാവിനോടുള്ള പ്രത്യേകഭക്തി.

"എൻെറ പ്രിയപ്പെട്ട ലീജിയൻ അംഗങ്ങളേ, നിങ്ങൾക്കു വളരെ വിഷമകരമായ സാഹചര്യങ്ങളെ നേരിടേണ്ടിവന്നേക്കാം. ഒരു ഗ്രാമത്തിൽ നിങ്ങളുടെ പ്രവർത്തനം അണുവിട മുമ്പോട്ടുകൊണ്ടുപോകുന്നതിനു അസാദ്ധ്യമായി തോന്നിയേക്കാം. എന്നാൽ നിങ്ങളുടെ ഭക്തപരിപാടികളിൽ വിശ്വസ്തരായിരിക്കുക; നിങ്ങളുടെ സമ്മേളനങ്ങളിൽ ഹാജരാകുന്നതിനു നിഷ്കർഷയായിരിക്കുക. രണ്ടാമതായി, പരിശുദ്ധാത്മാവിനോടു നിങ്ങൾ ഭക്തിയുള്ളവരായിരിക്കുക—തീവ്രമായ ഭക്തി. ഉദാരമായ ഭക്തി. ഒരുപക്ഷെ, സർവ്വവും നഷ്ടപ്പെട്ടതായി നിങ്ങൾക്കു തോന്നിയാലും, എന്തുചെയ്യണമെന്നു നിങ്ങൾക്കു രൂപമില്ലാതായാലും—നിങ്ങൾ പരിശുദ്ധാത്മാവിനോടു ഭക്തിയായിരിക്കുകയും, അവിടുത്തെ സഹായം അഭ്യർത്ഥിക്കുകയും, അവിടുത്തെ നിയന്ത്രണത്തിനു സ്വയം അർപ്പിക്കുകയും ചെയ്യുകയാണെങ്കിൽ, ഞാൻ നിങ്ങളോടുറപ്പുപറയുന്നു, നിങ്ങൾ വിജയിക്കും, അവയെ നിങ്ങൾ കീഴ്പ്പെടുത്തും, നിങ്ങൾ വിരാജിക്കും എന്നു്. ഓരോ ലീജിയൻ അംഗത്തിനും പരിശുദ്ധകന്യകമറിയത്തിൻെറ നേർക്കുള്ള ഭക്തിയോടൊത്തു പരിശുദ്ധാത്മാവിനോടു് തീവ്രവും ഉദാരവുമായ ഭക്തിയുണ്ടാകണം." ലീജിയൻപ്രവർത്തനത്തെ സംബന്ധിച്ചു ഇൻറർനുൺഷിയോ തിരുമേനി നൽകിയിട്ടുള്ള ഈ വിലതീരാത്ത നിർദ്ദേശത്തിൻെറ വെളിച്ചത്തിൽ നമ്മുടെ പ്രസീദിയാകളെ പ്രവർത്തിപ്പിക്കുകയാണെങ്കിൽ അവയോരോന്നും കത്തോലിക്കാസഭയുടെ പ്രബലകേന്ദ്രങ്ങളായി പരിണമിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

കേരളത്തിലെ ലീജിയൻസംഘടനകളെ സംബന്ധിച്ചു ഒരു ലീജിയൻ പ്രവർത്തകനായ ഷെവലിയർ ജോസഫ് തളിയത്തു എം. എ. ബാർ അററ്ലാ (റിട്ടയേർഡ് ചീഫ് ജസ്റ്റിസ്) അവർകൾ ഈ ദിവസങ്ങളിൽ ഞങ്ങൾക്കയച്ചു ഒരു കത്തിലെ സംഗതമായ ചില വസ്തുതകൾ ഇവിടെ അനുസ്മരിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു. അദ്ദേഹം ഇപ്പോൾ മദ്രാസിൽ താമസമാണു്; മദ്രാസ് കേന്ദ്രമായിട്ടുള്ള സൗത്തു് ഇന്ത്യൻ സെനാത്തുസിൻെറ ഖജാൻജിയുമാണദ്ദേഹം. കേരളത്തിൽ പല രൂപതകളിലും ലീജിയൻപ്രവർത്തനം വളരെ ശക്തിയായി നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നും ഇനിയും മററുള്ള രൂപതകളിലും അതിനുവേണ്ട പ്രോത്സാഹനം നൽകി സംഘടനയെ ശക്തിപ്പെടുത്തണമെന്നുമാണു് അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നതു്. തിരുവനന്തപുരത്തായിരുന്നപ്പോൾ വിൻസെൻറു ഡി പോൾ പ്രവർത്തനത്തിൻെറ തീക്ഷ്ണമതിയായ ഒരംഗമായി ദീർഘസേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹത്തിൻെറ അഭിപ്രായം നമ്മുടെ ഓരോ ഇടവകകളിലും വിൻസെൻറു ഡി പോൾ കോൺഫറൻസുകളും ലീജിയൻ പ്രസീദിയങ്ങളും അവശ്യം സ്ഥാപിച്ചു പ്രവർത്തിപ്പിക്കണമെന്നാണു്. ഇന്നത്തെ സാഹചര്യങ്ങളിൽ ഈ രണ്ടു സംഘടനകളും യഥാർത്ഥത്തിൽ ഓരോ ഇടവകയ്ക്കും ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്തവയാണു്. നമ്മുടെ ക്രിസ്തീയചൈതന്യം പ്രയോഗക്ഷമമാക്കുന്നതിനും, അൽമായരായ സ്ത്രീപുരുഷന്മാർക്കു സംഘടിതമായി ആദ്ധ്യാത്മികാഭിവൃദ്ധിയിലും സേവനതല്പരതയിലും പുരോഗമിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വെട്ടിത്തുറന്നുകൊടുക്കുന്നതിനും, തന്മൂലം കത്തോലിക്കാസഭയുടെ മഹത്വീകരണത്തിനും കത്തോലിക്കാ പ്രവർത്തനത്തിൻെറ വിപുലീകരണത്തിനും നിദാനമായിത്തീരുന്നതിനും അതുപാധിയായിത്തീരുന്നതാണു്.

## തിരുനാൾ മംഗളം



ആലപ്പുഴമെത്രാൻ റൈററ് റവ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം തിരുമേനി (തിരുനാൾ സെപ്റ്റംബർ 29.)



കൊല്ലം മെത്രാൻ റൈററ് റവ. ഡോക്ടർ ജെറോം ഫെർണാണ്ടസ് തിരുമേനി (തിരുനാൾ സെപ്റ്റംബർ 30.)

## പ്രസാധകക്കുറിപ്പുകൾ

### കത്തോലിക്കരുടെ സാമൂഹികസേവനത്തെ ശ്രീമതി സെരീനാകരീംബായി പ്രശംസിക്കുന്നു

കേന്ദ്രസോഷ്യൽ വെൽഫയർ ബോർഡംഗമായ ശ്രീമതി സെരീനാ കരീംബായി സെപ്റ്റംബർ 19-ാംനു എറണാകുളത്തും പരിസരങ്ങളിലുമുള്ള സാമൂഹികസേവനപ്രവർത്തനങ്ങൾ സന്ദർശിച്ചശേഷം നടത്തിയ പ്രസ്സ്കോൺഫറൻസിൽവച്ചു അവരുടെ വിദഗ്ദ്ധമായ അഭിപ്രായം തുറന്നുപറയുകയുണ്ടായി. ഈ രാജ്യത്തെ പരിതസ്ഥിതിയനുസരിച്ചു് ഇനിയും വളരെയധികം വെൽഫയർ പ്രൊജക്ററുകളും, സാമൂഹികസേവനസ്ഥാപനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവിടെ താൻ സന്ദർശിച്ച സ്ഥാപനങ്ങളിലധികവും കത്തോലിക്കരുടേതാണെന്നും അവ വളരെ നല്ലനിലയിൽ നടത്തപ്പെടുന്നുണ്ടെന്നും അവർ പ്രസ്താവിച്ചു. കുമ്പളം, ഇരിമ്പനം, എളൂർ എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ പുരോഗമിച്ചിട്ടുണ്ടു്. എങ്കിലും ഇനിയും കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യപ്രവർത്തനങ്ങൾ തൃപ്തികരമാണു്. മാതാക്കൾക്കു ശുശ്രൂഷനൽകാൻ ആവശ്യമായ സൂതികർമ്മിണികൾ വേണ്ടിടത്തോളമില്ല. രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തു സൂതികർമ്മിണികൾ, ഗ്രാമസേവകർ എന്നിവരായി 25,000 പേർക്കു ജോലിനൽകുന്നതിനാണു് തീരുമാനിച്ചിരിക്കുന്നതു്. സോഷ്യൽ വെൽഫയർ ബോർഡിനു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 5 കോടി ഉറുപ്പികയാണാവശ്യപ്പെട്ടിട്ടുള്ളതെന്നും അതു പ്ലാനിംഗ്കമ്മീഷൻ അനുവദിക്കാതിരിക്കുകയില്ലെന്നു അവർ ഉറച്ചു വിശ്വസിക്കുന്നതായും വ്യക്തമാക്കി. കേന്ദ്രസോഷ്യൽ വെൽഫയർ ബോർഡിൻെറ നിർദ്ദേശമനുസരിച്ചു് ഈ പ്രദേശങ്ങളിലെ സാമൂഹ്യപ്രവർത്തനസ്ഥാപനങ്ങൾ സന്ദർശിച്ചു് തൽപ്രവർത്തകരുമായി പ്രവർത്തനത്തിൻെറ വിവിധവശങ്ങളെപ്പററി ആശയവിനിമയം ചെയ്യുകയാണു അവരുടെ പര്യടനോദ്ദേശ്യമെന്നു ശ്രീമതി സെരീനകരീംബായി പ്രസ്താവിച്ചു. സാമൂഹികസേവനത്തിൽ ധാരാളം പരിചയവും അഭിനന്ദനീയമായ പാരമ്പര്യവുമുള്ള കത്തോലിക്കാസ്ഥാപനങ്ങൾ ഈ രംഗത്തിൽ കൂടുതലായി പ്രവർത്തിക്കുന്നതിനു മുമ്പോട്ടുവരുന്നതായാൽ അതു രാജ്യശ്രേയസ്സിനും സാമൂഹികസുസ്ഥിതിക്കും മികച്ച ഒരു സംഭാവനയായിരിക്കും. അതിനുവേണ്ട എല്ലാ ഒത്താശകളും സൗകര്യങ്ങളും സോഷ്യൽ വെൽഫയർ ബോർഡും സംസ്ഥാന ഗവമ്മെൻറുകളും അവർക്കു ചെയ്തുകൊടുക്കുന്നതിനു വിമുഖത പ്രദർശിപ്പിക്കുകയില്ലെന്നു വിചാരിക്കാം.

x x x

### റഷ്യയിലെ പത്രസ്വാതന്ത്ര്യത്തെപ്പററി

#### മി. കരാഞ്ജിയ

പ്രധാനമന്ത്രി നെഹ്റുവിനോടൊന്നിച്ചു റഷ്യയിൽ പര്യടനം നടത്തിയ പത്രപ്രവർത്തകസംഘത്തിലെ ഒരംഗവും ബ്ലിററ്സ് പത്രത്തിൻെറ അധിപരുമായ മി. ആർ. കെ. കരാഞ്ജിയ ബോംബെ ജർണലിസ്റ്റ് യൂണിയൻെറ ഒരു മീററിംഗിൽ ചെയ്ത പ്രസംഗത്തിൽ റഷ്യയിലെ പത്രപ്രവർത്തനനയത്തെ സ്പർശിച്ചു സംസാരിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തോ പാശ്ചാത്യരാജ്യങ്ങളിലോ മനസ്സിലാക്കിയിട്ടുള്ളതുപോലെയുള്ള ഒരു പത്രസ്വാതന്ത്ര്യം റഷ്യയിൽ നിലവിലില്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. സോവ്യററു യൂണിയനിൽ, ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളേയോ ഗവമ്മെൻറുനയത്തേയോപററിയുള്ള വിമർശനങ്ങളും സോഷ്യലിസ്റ്റുനയത്തിനെതിരായ അഭിപ്രായങ്ങളും നിരോധിക്കപ്പെട്ടിരിക്കുകയാണു്. സോവ്യററുനയം നാമിവിടെ അംഗീകരിക്കുകയാണെങ്കിൽ, ബോംബെഗവമ്മെൻറിൻെറ മദ്യനിരോധനത്തേയോ, ഇന്ത്യാഗവമ്മെൻറിൻെറ ഗോവാനയത്തേയോ എതിർക്കുക സാദ്ധ്യമല്ല എന്നദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാണിച്ചു. രാജ്യത്തിൻെറ രക്ഷയും ജനതയുടെ സ്വാതന്ത്ര്യവും റഷ്യയിൽനിന്നാണു് വരേണ്ടതെന്നു സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന കൂട്ടരുടെ കണ്ണു തെളിയിക്കുന്നതിനു ഈ അനുഭവസാക്ഷ്യം കുറച്ചെങ്കിലും സഹായകമാകുമെങ്കിൽ എത്ര നന്നായിരുന്നു.

x x x

### വിദ്യാഭ്യാസത്തെപ്പററി

#### അമേരിക്കൻ മെത്രാന്മാരുടെ ഇടയലേഖനം

കത്തോലിക്കാസഭ വിദ്യാഭ്യാസത്തിൽ യുക്തിപൂർവ്വം അംഗീകരിച്ചുപോരുന്ന തത്വങ്ങളേയും അവകാശപ്പെടുന്ന സ്വാതന്ത്ര്യങ്ങളേയും സമ്യക്കായി ക്രോഡീകരിച്ചുകൊണ്ടു് അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ മെത്രാന്മാർ ഒരിടയലേഖനം ഈയിടെ പ്ര

സിദ്ധീകരിക്കുകയുണ്ടായി. അതിൽ സഭയുടെ നിലപാട്ട ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു:-"വിദ്യാഭ്യാസം സിദ്ധിക്കുന്നതിനു ഒരു കുട്ടിക്കുള്ള അവകാശവും, തദ്വാരാ അതു കുട്ടിക്കു പ്രദാനം ചെയ്യുന്നതിനുള്ള കടമയും അടിയുറച്ചുനില്ക്കുന്നതു് അവനു ഒരാത്മാവുണ്ടു് എന്നുള്ള വസ്തുതയെയാണു്. മനുഷ്യാത്മാവു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും, വ്യക്തിയുടെതന്നേയും സമുദായത്തിന്റേയും നന്മയ്ക്കുവേണ്ടി വികസിപ്പിക്കപ്പെടേണ്ട കഴിവുകളോടുകൂടിയതുമാണു്. വ്യക്തിബോധവികസനമോ സാമൂഹികസേവനമോ മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം; പ്രത്യുത ഇവയ്ക്കോരോന്നിനും അതതിന്റെ സമ്യക്കായ പ്രാധാന്യം നൽകത്തക്ക വിധത്തിൽ ദൈവത്തിന്റെ ഉദ്ദേശ്യം സഫലമാക്കുകയാണതു്. ഒരു ശിശുവിനു ശാരീരികവും, മാനസികവും, ധാർമ്മികവുമായ കഴിവുകളുണ്ടു്. ഇവയെല്ലാം സമ്യക്കായവിധത്തിൽ വികസിപ്പിക്കപ്പെടണം. ബുദ്ധിയെ ഉദ്ദീപിപ്പിക്കുകയും മനസ്സിനെ വിജ്ഞാനംകൊണ്ടു നിറയ്ക്കുകയും ചെയ്യുമെങ്കിലും ഇച്ഛാശക്തിയെ സംയമനം ചെയ്യുന്നതിനും നന്മ പ്രവർത്തിക്കുന്നതിനു അതിനെ പരിശീലിപ്പിക്കുന്നതിനും സാധിക്കാത്ത ഒരു വിദ്യാഭ്യാസം ബുദ്ധിരാക്ഷസന്മാരെ സൃഷ്ടിച്ചേക്കാം; പക്ഷെ നല്ല മനുഷ്യരെ ഉരുവാക്കുവാൻ അതിനു സാധിക്കുകയില്ല. നമ്മുടെ എല്ലാ കടമകളിലും ഏ

---

വിശുദ്ധ യൂദാതെദേവൂസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനും മേലിൽ സാധിക്കുന്നതിനും ഉപകാരസ്മരണ.

K. Dominic Joseph

---

ററം പ്രമുഖമായ കടമ നമ്മുടെ സ്രഷ്ടാവിനോടുള്ള കടമയായതുകൊണ്ടു് എല്ലാ ധാർമ്മികപരിശീലനങ്ങളിലും പ്രഥമസ്ഥാനം മതത്തിനു നൽകപ്പെടണം; അതായതു ദൈവത്തേയും അവിടുത്തെ പ്രമാണങ്ങളേയും അറിയുക, അവിടുത്തെ പ്രമാണങ്ങളോടുള്ള അനുസരണത്തിന്റെ മനോഭാവം സമാർജ്ജിക്കുക. വിജ്ഞാനത്തിന്റെ മററു ശാഖകളിലുള്ള അഭ്യസനത്തോടൊപ്പം മതപരവും ധാർമ്മികവുമായ പരിശീലനം നൽകപ്പെടുമ്പോഴാണു് അതേററം സഫലമായിത്തീരുക. വിജ്ഞാനരംഗങ്ങളിലെല്ലാം ആ പരിശീലനം ഊടും പാവുംപോലെ സംയോജിക്കുമ്പോഴാണു് ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും അതിന്റെ പ്രേരണാശക്തി അനുഭവവേദ്യമാകുന്നതു്. ബുദ്ധിപരവും ധാർമ്മികവും മതപരവുമായ പരിശീലനങ്ങളെല്ലാം ഒരു വ്യക്തിയിൽ ഒത്തുചേരുമ്പോഴാണു് അവൻ ഒരുത്തമപൗരനായിത്തീരുന്നതു്. അതവനെ ഉത്തരവാദിത്വബോധമുള്ളവനും, അധികാരത്തോടു് ബഹുമാനമുള്ളവനും, മററുള്ളവരുടെ അവകാശങ്ങളെ ആദരിക്കുന്നതിനു സന്നദ്ധതയുള്ളവനുമാക്കിത്തീർക്കുന്നു. ഇതിലാണല്ലോ പൗരധർമ്മത്തിന്റെ അടിസ്ഥാനം നിലകൊള്ളുന്നതു്." ഇതാണു് വിദ്യാഭ്യാസം സംബന്ധിച്ചു് കത്തോലിക്കാസഭ എന്നും നിഷ്ഠയായി അനുവർത്തിക്കുന്ന നയം. ഇതുസംബന്ധിച്ചു് മററുള്ളവർക്കുള്ള തെററിദ്ധാരണകൾ ദൂരീകരിക്കുന്നതിനും സഭയുടെ ആദർശത്തെ ശരിയായി ഗ്രഹിക്കുന്നതിനും അമേരിക്കൻ മെത്രാന്മാരുടെ ഈ വിശകലനം സഹായകമാകുമെന്നു വിശ്വസിക്കുന്നു.

---

വാരാന്ത്യവീക്ഷണം

# ഐക്ക്—ഈഡൻ നിർദ്ദേശം

[സി. ഐ. ജോൺ തലയോലപ്പറമ്പു]

അണുശക്തി സമാധാനപരമായ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു് വിനാശകരമായ തരത്തിലുള്ള ഇന്നത്തെ അതിന്റെ ഉപയോഗം തടയണമെന്നു് വളരെ നാളുകൾക്കു മുൻപുതന്നെ മനുഷ്യസ്നേഹികൾ മുറവിളികൂട്ടുവാൻ തുടങ്ങിയതാണു്. എന്നിരുന്നാലും ആററം എനർജി കമ്മീഷന്റെ അപ്പപ്പോഴുള്ള പ്രസ്താവനകളും മററും മനുഷ്യസ്നേഹികളെ കൂടുതൽ വേദനപ്പെടുത്തുകയാണു് ഉണ്ടായിട്ടുള്ളതു്. എന്നാൽ ഈ അടുത്ത കാലത്തായി ആററംശക്തിയുടെ സമാധാനപരമായ ഉപയോഗം മനുഷ്യകുലത്തിന്റെ നന്മയ്ക്കു മാററിവയ്ക്കാൻ പാടില്ലാത്തതാണെന്നു് ലോകരാഷ്ട്രങ്ങൾക്കു തോന്നിത്തുടങ്ങിയതിന്റെ നാന്ദിയായിരുന്നു ജനീവായിൽ വച്ചു് നടന്ന ചതുശ്ശക്തിസമ്മേളനത്തിന്റെ തുടർച്ച എന്നോണം ഒരു സർവ്വരാഷ്ട്രശാസ്ത്രസമ്മേളനം നടന്നതു്. സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചിരുന്ന ഡോക്ടർ ഭാഭാ (ഇൻഡ്യ) നൂതനശാസ്ത്രത്തിന്റെ ഉപയോഗത്തെ ഏതു തരത്തിൽ ഭാരതം വീക്ഷിക്കുന്നു എന്നും ഭാരതം ഇന്നത്തെ ശാസ്ത്രലോകത്തിനു കൊടുക്കുന്ന നിർദ്ദേശമെന്താണെന്നും വ്യക്തമാക്കുകയുണ്ടായി. രാഷ്ട്രങ്ങൾ തമ്മിൽ പരസ്പരവിശ്വാസവും സ്നേഹവുമില്ലാതെ വർത്തിക്കുന്നതിൽനിന്നു് ഉണ്ടാകുന്ന യുദ്ധസാദ്ധ്യതകളും അതുകൊണ്ടു് മാരകായുധങ്ങളുടെ നിർമ്മാണരഹസ്യവും ഉപയോഗക്രമവും പരസ്പരം അജ്ഞാതമായിരിക്കുന്നതിൽനിന്നും വന്നുചേരാവുന്ന ഭയങ്കരവിപത്തുകളും ആ സമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ടു. ഇരുമ്പുമറയ്ക്കപ്പുറത്തും ഇപ്പുറത്തുമുള്ള രാഷ്ട്രങ്ങളിൽനിന്നുള്ള ഉന്നതശാസ്ത്രജ്ഞപ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുകയും കഴിയുന്നിടത്തോളം എല്ലാ ശാസ്ത്രീയരഹസ്യങ്ങളും വെളിപ്പെടുത്തുകയും ചെയ്തു എന്നതു സമ്മേളനത്തിന്റെ ഒരു വിജയംതന്നെയായിരുന്നു. ജനീവായിൽവച്ചു നടന്ന ചതുശ്ശക്തിസമ്മേളനത്തിൽ പ്രസിഡണ്ടു് ഐസനോവർ പറഞ്ഞതു അമേരിക്കയും റഷ്യയും പരസ്പരം അവരുടെ ആയുധസജ്ജീകരണകേന്ദ്രങ്ങൾ പരിശോധിക്കുന്നതിനു് അനുവദിക്കണമെന്നായിരുന്നു. മാർഷൽ ബുൾഗാനിൻ അതിനെ അന്നു് എതിർക്കുകയാണുണ്ടായതെങ്കിലും ഈയിടെയായി പ്രചരിക്കുന്ന റിപ്പോർട്ടുകളിൽ പ്രസ്തുത നിർദ്ദേശം റഷ്യ സ്വീകരിക്കാനിടയുണ്ടെന്നു കാണുന്നതു് വളരെയേറെ സന്തോഷകരമായ സംഗതിയാണു്. പ്രസിഡണ്ടു് ഐസനോവർ ഈയിടെ പ്രസ്തുത സന്ദേശം വീണ്ടും ഉന്നയിക്കുകയും അതേപ്പററി ക്രംലിനിലെ ഉന്നതകേന്ദ്രങ്ങൾ ഗൗരവപൂർവ്വം ചിന്തിക്കുകയും ചെയ്തതിന്റെ ശേഷമാണു് പ്രസിഡണ്ടു് ഐസനോവറുടെ ഉപദേഷ്ടാവായ ഹരോൾഡു് സ്റ്റാസൻ റഷ്യ പ്രസ്തുത നിർദ്ദേശം സ്വീകരിക്കുമെന്നു് താൻ ഉറപ്പായി വിശ്വസിക്കുന്നതായി പ്രഖ്യാപിച്ചതു്. പ്രസിഡണ്ടിന്റെ പ്രസ്തുത നിർദ്ദേശത്തോടു വളരെയേറെ ബന്ധമുള്ള ഒരു പദ്ധതിയാണു് ഐ. രാ. നിരായുധീകരണ സബ്കമ്മിററിയിൽ ബ്രിട്ടൻ അവതരിപ്പിച്ചിരിക്കുന്നതു്. പ്രസ്തുത പദ്ധതിയുടെ വിധാതാവു് പ്രധാനമന്ത്രി സർ ഈഡനാണു്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ചൈന, റഷ്യാ എന്നീ രാഷ്ട്രങ്ങൾ അംഗങ്ങളായിട്ടുള്ള സബ്കമ്മിററിയിൽ റഷ്യ ഒഴിച്ചുള്ള എല്ലാ രാഷ്ട്രങ്ങളും ബ്രിട്ടന്റെ നിരായുധീകരണനിർദ്ദേശത്തെ അംഗീകരിച്ചുകഴിഞ്ഞു. അതേപ്പററി കൂടുതൽ പഠിക്കണമെന്നാണു് റഷ്യയുടെ അഭിപ്രായം. ഇരുമ്പുമറയ്ക്കപ്പുറത്തും ഇപ്പുറത്തുമുള്ള രാജ്യങ്ങളിലെ അണ്വായുധങ്ങളൊഴികെയുള്ള ആയുധസംഭരണം പരിശോധിക്കുക എന്നതാണു് പ്രസ്തുത നിർദ്ദേശമെന്നും, ആ നിർദ്ദേശം നിരായുധീകരണത്തിലേക്കുള്ള ഒരു ചുവടുവെപ്പാണെന്നുമാണു് ബ്രിട്ടീഷ് ഫോറിൻ ഡപ്യൂട്ടിമിനിസ്റ്റർ മി. ആൻറണി നട്ടിംഗ് പറഞ്ഞതു്. ഏതായാലും ഈഡന്റെയും, ഐക്കിന്റെയും, നിർദ്ദേശങ്ങൾ കഴിയുന്നതും വേഗത്തിൽ സോവിയററുയൂണിയൻ അംഗീകരിക്കുവാൻ സാദ്ധ്യതയുണ്ടു്. അതു് സമാധാനത്തിലേക്കുള്ള ഒരു ചുവടുവെപ്പായിരിക്കയും ചെയ്യും.

## ചൈന—അമേരിക്ക സംഭാഷണം

അമേരിക്കയിലും ചൈനയിലുമുള്ള വിദേശപൗരന്മാരെ പരസ്പരം കൈമാററം ചെയ്യുന്നതു സംബന്ധിച്ചു് നടന്നുകൊണ്ടിരുന്ന സംഭാഷണം ഇരുരാജ്യങ്ങളുംചേർന്നു പ്രായോഗികമായ തരത്തിൽ ഒത്തുതീർപ്പിൽ അവസാനിപ്പിക്കുകയുണ്ടായി. ഈ ഒരു പ്രശ്നം ഫോർമോസാ പ്രശ്നംപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു. സ്ഥാനപതിമാരുടെ കൂടിയാലോചനകളുടെ അടുത്തവിഷയം രണ്ടു രാജ്യങ്ങളേയും ബാധിക്കുന്ന മററു പ്രശ്നങ്ങളാണു്. അതിൽ പ്രാധാന്യമർഹിക്കുന്നതു് ഫോർമോസായാണെന്നതു് അവിതർക്കിതമാണു്. ഈ പ്രശ്നം വളരെയേറെ വിട്ടുവീഴ്ചയോടുകൂടിത്തന്നെ കൈകാര്യം ചെയ്യേണ്ടതാണെന്നാണു് അമേരിക്കയുടെ നിർബന്ധം. ഫോർമോസായെ സംബന്ധിക്കുന്ന പ്രശ്നത്തിൽ താത്വികമായിത്തന്നെയുള്ള ഒരു നിലയാണു് അമേരിക്കയ്ക്കുള്ളതു്. രാഷ്ട്രമീമാംസയുടെ മൗലികതത്വത്തിൽ അടിയുറച്ചതും ആദരണീയവും മനുഷ്യത്വപരവുമായ ഒരു നിലയാണു് പ്രസ്തുത സംഭാഷണത്തിൽ ഫോർമോസായെപ്പററി അമേരിക്ക സ്വീകരിച്ചിട്ടുള്ളതു്. ഫോർമോസാപ്രശ്നം ചർച്ചചെയ്യുമ്പോൾ നാഷനലിസ്റ്റു് ചൈനയുടെ ഭരണാധികാരിയായ ചിയാങ്ങ്കൈഷക്കുകൂടിയുണ്ടായിരിക്കണമെന്നാണു് അമേരിക്കയുടെ അഭിപ്രായം. എന്നാൽ ചിയാങ്ങിന്റെ പ്രശ്നം ചൈനയുടെ ആഭ്യന്തരകാര്യമായിട്ടേ കണക്കാക്കാൻ നിവർത്തിയുള്ളുവെന്നാണു് കമ്മ്യൂണിസ്റ്റു് ചീനയുടെ അഭിപ്രായം. ഏതായാലും വെറും ബാലിശവും നീതിരഹിതവുമായ ഒരഭിപ്രായമായിട്ടേ ഒററനോട്ടത്തിൽ ഇതു മനസ്സിലാക്കുവാൻ സാധിക്കൂ. ഫോർമോസാപ്രശ്നത്തിനു് എന്തെങ്കിലും പരിഹാരമുണ്ടാവണമെങ്കിൽ ചിയാങ്ങിനെ കൂടാതെയുള്ള ഒരു കൂടിയാലോചനകൊണ്ടു് സാദ്ധ്യമല്ല. അല്ലാതെ താല്ക്കാലികമായി എന്തെങ്കിലും ഒത്തുതീർപ്പുണ്ടാകുമെങ്കിൽ അതു ശാശ്വതമായിരിക്കുകയുമില്ല. കമ്മ്യൂ: ചൈനയുടെ നിർബന്ധം മതിയാക്കിക്കൊണ്ടു് ഒരു വട്ടമേശയ്ക്കു ചുററുമിരുന്നു് നാഷനലിസ്റ്റു ചീനയ്ക്കു പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള ആലോചനയ്ക്കു കമ്മ്യൂ: ചൈന അനുവദിക്കേണ്ടതാണു്. ഉന്നതനിലയിലുള്ള കൂടിയാലോചനകൾക്കു് പ്രസ്തുതപ്രശ്നം വിട്ടുകൊണ്ടു് ആ പ്രദേശത്തു വെടിനിറുത്തൽ നടപ്പിലാക്കുന്നതിനുവേണ്ടി താല്ക്കാലികമായ ആലോചനകൾ നടത്താവുന്നതാണു്. ഇങ്ങനെയുള്ള സംഭാഷണങ്ങൾകൊണ്ടു് പ്രസ്തുതപ്രശ്നം പരിഹരിക്കുന്നതിനു് മുൻകൈയെടുത്തു പ്രവർത്തിച്ചതു് അമേരിക്കയാണു്.

## ഓട്ടോഗ്രെട്ട്‌വാൾ മോസ്കോയിൽ

പശ്ചിമജർമ്മൻ ചാൻസലർ ഡോ. അഡനോവർ തന്റെ മോസ്കോസന്ദർശനം അവസാനിപ്പിച്ചു് തിരിച്ചെത്തിയഉടൻ പൂർവ്വജർമ്മൻ പ്രധാനമന്ത്രി മോസ്കോയിലേക്കു പോയിരിക്കുകയാണു്. ഡോ. അഡനോവറുടെ സംഭാഷണങ്ങൾ ഏതാണ്ടു് ഒരു പരസ്പരധാരണയിലെത്തിയെന്നു വിചാരിക്കുന്നതിൽ തെററില്ല. ജർമ്മൻ പുനരേകീകരണപ്രശ്നം ചർച്ച ചെയ്യുവാനുള്ള ഒരു മുഖവുരയെന്നോണമായിരുന്നു ഇപ്രാവശ്യത്തെ സംഭാഷണങ്ങൾ. ജർമ്മൻ തടവുകാരെ വിട്ടയക്കാൻ റഷ്യ സമ്മതിക്കുകയും വിടുതൽ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. നയതന്ത്രബന്ധം സ്ഥാപിക്കുന്ന കാര്യത്തിലും ഒത്തുതീർപ്പുണ്ടായിട്ടുണ്ടു്. ഡോ. അഡനോവർക്കു് ഒരുതരത്തിൽ പറഞ്ഞാൽ ഹൃദ്യമായ ഒരു സ്വീകരണമാണു് മോസ്കോയിൽ ലഭിച്ചതു്. പശ്ചിമജർമ്മനിയും റഷ്യയുമായുള്ള സംഭാഷണത്തിൽ നാറേറാ കൂട്ടുകെട്ടു് ഉപേക്ഷിക്കണമെന്നു് വളരെ ശക്തിയായ തരത്തിൽ സോവ്യററുയൂണിയൻ സമ്മർദ്ദം ചെലുത്തുമെന്നാണു് പൂർവ്വജർമ്മനി വിചാരിച്ചിരുന്നതു്. എന്നാൽ അതുണ്ടായില്ലെന്നു മാത്രമല്ല സൗഹാർദ്ദപൂർണ്ണമായ സംഭാഷണങ്ങളാണു് ആദ്യവസാനം നിലനിന്നതും. വൃഥായുള്ള സമ്മർദ്ദമൊന്നും ഡോ. അഡനോവറുടെ അടുത്തു ചെലവാകയില്ലെന്നു നന്നായറിയാവുന്ന ആളാണു് ബുൾഗാനിൻ. അഡനോവർ-ബുൾഗാനിൻ സംഭാഷണങ്ങൾ ഓട്ടോഗ്രെട്ട്‌വാളിനു് ഹൃദയഭേദകമായിരുന്നുവെന്നുവേണം കരുതുവാൻ. "റോമൻ ചക്രവർത്തിയുടെ ജൈത്രയാത്ര" എന്നുംമററുമാണു് അഡനോവറുടെ സന്ദർശനത്തെപ്പററി പൂർവ്വജർമ്മൻനേതാക്കന്മാരും അവിടത്തെ പത്രങ്ങളും പറഞ്ഞതു്. അടുത്തകാലത്തായി സോവ്യററുയൂണിയനിൽ "പ്രത്യക്ഷത്തിൽ" വന്നിട്ടുള്ള ചില മാററങ്ങൾ കിഴക്കൻയൂറോപ്പിലുള്ള പല ചെറിയ രാജ്യങ്ങൾക്കും തലവേദനയ്ക്കു കാരണമായിരിക്കുകയാണു്. സോവ്യററുയൂണിയനിൽ അടുത്തകാലത്തായി കാണപ്പെടുന്ന ചില സാരമായ വ്യതിയാനങ്ങൾ നല്ല ഉദ്ദേശത്തോടുകൂടിയാണെങ്കിൽ നന്മയെയാണു സൂചിപ്പിക്കുന്നതു്. ഏതായാലും ഒന്നു തീർച്ചയാണു്. കാലത്തിന്റെ ചലനഗതികളനുസരിച്ചു് സോവ്യററുയൂണിയൻ ചെറുതായി ചലിക്കുവാനാരംഭിച്ചിട്ടുണ്ടു്. അതുതന്നെയാണു് കിഴക്കേയൂറോപ്യൻ രാജ്യങ്ങൾക്കു തലവേദനയ്ക്കു കാരണവും. സോവ്യററുറഷ്യയുടേയും കിഴക്കേയൂറോപ്യൻ രാജ്യങ്ങളുടേയും അഭിപ്രായത്തിൽ നിസ്സാരവ്യത്യാസങ്ങൾ വല്ലതും ഉണ്ടാകണമെന്നു് സോവ്യററുയൂണിയൻ ആഗ്രഹിക്കുകയും ചെയ്യുന്നുണ്ടു്. അതു് ആത്മാർത്ഥമായ ഒരാഗ്രഹവുമല്ല. ചിറ്റ്പോപ്പുലാരിററിക്കുവേണ്ടിയാണെന്നു ഇന്നത്തെ നയംമാററങ്ങളെ സൂക്ഷ്മമായി പഠിച്ചിട്ടുള്ളവർക്കറിയാം. പൂർവ്വജർമ്മൻപ്രധാനമന്ത്രിയുടെ ഇപ്പോഴത്തെ സന്ദർശനത്തിനു് വളരെയേറെ രാഷ്ട്രീയപ്രാധാന്യമുണ്ടു്. അഡനോവറോടു കാണിച്ച സന്മനോഭാവത്തിന്റെ ഉദ്ദേശം മുതൽ ജർമ്മൻ ഏകീകരണംവരെ ചർച്ചചെയ്യപ്പെട്ടുവാനിടയുണ്ടു്.

---

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

29 വ്യാ: മിഖായേൽ മാലാഖ

30 വെ: വി. ഹിറോനിമോസ്

ഒക്ടോബർ

1 ശ: വി. റെമീജിയോസ്

2 ഞാ: പന്തക്കുസ്താ 18-ാം ഞായർ. കൊന്തമാതാവു്

3 തി: വി. കൊച്ചുത്രേസ്യാ

4 ചൊ: വി. ഫ്രാൻസീസ് അസ്സീസി

5 ബു: വി. പ്ലാസിഡോസുംകൂട്ടരും

---


# ചുമയുടെ ഉത്ഭവം

ചുമക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു് നിരാശരായിത്തീർന്നിട്ടുള്ളവർ, ചുമയുടെ ഉത്ഭവം എപ്രകാരമാണെന്നു് മനസ്സിലാക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതുകൊണ്ടു് "ചുമ"യെപ്പററിയുള്ള ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

വളരെ വരണ്ടോ, രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായോ, നാടപോലെ കനംകുറഞ്ഞോ, അല്ലാഞ്ഞോ, ശബ്ദത്തോടുകൂടിയോ, കൊഴുപ്പോടും രക്തത്തോടുംകൂടിയോ മലം പോയിത്തുടങ്ങുന്നതുമുതൽ (മലബന്ധമൊ അർശസ്സോ ഉത്ഭവിക്കുന്നതുമുതൽ), പക്വാശയത്തിൽനിന്നു് കടലുകളിൽകൂടി മന്ദം മന്ദം കീഴ്പോട്ടിറങ്ങി മലദ്വാരം വഴി സദാപി ബഹിർഗമിച്ചുകൊണ്ടിരിക്കുന്നതായ വായുവിന്റെ കീഴ്പോട്ടുള്ള ഗതി നിമിഷംപ്രതി കുറഞ്ഞുപോകുന്നതാണു്. ദേഹമാസകലം സഞ്ചരിക്കുമൂലം ദുഷിക്കയും, അമിതമായി ചൂടുപിടിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന വായു, ഇങ്ങനെ ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്നതിനെ "വായുസ്തംഭനം" എന്നും, "വയറുവീക്കൽ" എന്നും, "ഗ്യാസ്ട്രബിൾ" എന്നും മററും പറയുന്നു. പ്രകൃത്യാതന്നെ ലഘുവും, ഇളകുന്ന സ്വഭാവത്തോടുകൂടിയതുമായ വായു ചൂടുപിടിക്കപ്പെടുംതോറും പൂർവ്വാധികം വേഗത്തിൽ സഞ്ചരിക്കാറുള്ളതുപോലെ, ഉദരത്തിനുള്ളിൽ കെട്ടിനില്ക്കുമൂലം പിന്നേയും പിന്നേയും ദുഷിക്കുകയും, ചൂടുപിടിക്കപ്പെടുകയും, ഘനംകുറയുകയും ചെയ്തുകൊണ്ടിരിക്കുന്ന വായുവിന്റെ, ഉദരത്തിങ്കൽനിന്നു് അതിവേഗത്തിലുള്ള ഒരുതരം ഊർദ്ധ്വഗമനത്തെയാണു് "വരട്ടുചുമ" എന്നും, "വായുകുത്തിച്ചുമ" എന്നും, "കഫമില്ലാത്തതരം ചുമ" എന്നും "എക്കിൾ" എന്നും മററും പറയുന്നതു്. ഇങ്ങനെ "വായുസ്തംഭനം"കൊണ്ടു് ഉണ്ടാവുന്നതുപോലെതന്നെ ഉഷ്ണാധിക്യത്താലോ, നീർവീഴ്ച, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, മൂത്രാധിക്യം മുതലായ രോഗങ്ങൾകൊണ്ടോ മററോ കഫത്തിനും ധാതുക്കൾക്കും ക്ഷയം സംഭവിക്കുന്നതിന്നിടവരുമ്പോഴും (ദേഹം മെലിയുമ്പോഴും) വാത-വായു-കോപത്താലുണ്ടാവുന്നതരം (കഫമില്ലാത്തതരം) ചുമ പിടിപെടുന്നതാണു്.

# പ്രതിവിധികൾ

വായുവിനേയും ചൂടിനേയും വർദ്ധിപ്പിക്കുന്നവകളായ എരിവു്, കയ്പു്, ചവർപ്പു്, പുളി എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, കടല, പയറു്, മോരു് മുതലായ രൂക്ഷദ്രവ്യങ്ങളേയും, യഥാസമയങ്ങളിൽ ഭക്ഷണം കഴിയ്ക്കാതിരിക്കുക, ഉറക്കമൊഴിക്കുക, അമിതമായി സംസാരിക്കുക, കോപിക്കുക (ദ്വേഷ്യപ്പെടുക) വഴിനടക്കുക, മുറുക്കുക, പുകവലിക്കുക മുതലായ കർമ്മങ്ങളേയും നിവൃത്തിയുള്ളേടത്തോളം ഒഴിവാക്കുകയും,

കുടലിലുള്ള കുരുക്കളേയും (അർശസ്സിനേയും), ആമാശയ പക്വാശയങ്ങളുടെ ബലക്ഷയത്തേയും നശിപ്പിച്ചു് ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടുനില്ക്കുന്ന വായു, മലം, മൂത്രം മുതലായവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിന്നും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും (ഓജസ്സിനെ) വർദ്ധിപ്പിക്കുന്നതിനും, വർദ്ധിച്ചിരിക്കുന്ന വാതപിത്തങ്ങളെ (വായുവിനേയും ചൂടിനേയും) ക്ഷയിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന ദ്രാക്ഷാഘൃതം യുക്തമെന്നു് തോന്നുന്നമാത്രയിൽ സേവിക്കുകയും, ശാരിബാതൈലം രണ്ടോ, രണ്ടരയോ ഔൺസ്‌വീതം ആദ്യത്തെ നാലഞ്ചുദിവസംവരെ കഴുത്തിനു് കീഴ്പ്പോട്ടുമാത്രവും, പിന്നീടു് തലയിലും (ദേഹമാസകലവും) തേച്ചു് ഒന്നോ ഒന്നരയോ മണിക്കൂർ കഴിഞ്ഞശേഷം ദേഹത്തിൽനിന്നു് മെഴുക്കമയം അധികമായി നഷ്ടപ്പെടാത്തവിധത്തിൽ കുളിക്കുകയും ചെയ്യുന്നതായാൽ "കഫമില്ലാത്തതരം ചുമ"ക്കു മാത്രമല്ല, ചുമയോടനുബന്ധിച്ചുണ്ടാവുന്നവകളായ ചെറുകടപ്പു്, നെഞ്ചുവേദന, പള്ളവേദന, പനി, മൂത്രാധിക്യം, തൊണ്ടവരൾച്ച, അഗ്നിമാന്ദ്യം, അരുചി, ഉറക്കക്കുറവു് മുതലായ നാനാവിധ രോഗങ്ങൾക്കുംകൂടി ശമനം സിദ്ധിക്കുമെന്നുള്ളതിനു് പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 120-ൽപരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷദൃഷ്ടാന്തമാണു്. "കഫംവരുന്നതരം ചുമ" എന്ന പ്രസിദ്ധീകരണത്തിൽനിന്നു് "കഫമുള്ളതരം ചുമ"യെപ്പററിയുള്ള വിവരങ്ങൾ അറിയാവുന്നതാണു്.

ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്കു് 4-0-0

ശാരിബാതൈലം 19 ഔൺസ് കുപ്പി 1ക്കു് 3-0-0

9-6-0 മുൻകൂർ അയക്കുന്നവർക്കു് ഉപയോഗക്രമങ്ങളടക്കം ടി ഔഷധങ്ങൾ രണ്ടും റജിസ്റ്റേർഡു പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചു് കൊടുക്കുന്നതാണു്.

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, പാലക്കാടു്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

# കാളൻ, നെല്ലായി.

## ഇടവകവാർത്തകൾ

(5-ാംപേജ് തുടർച്ച)

ബർ 1 മുതൽ പൂർവ്വാധികം ഭക്തിസംവർദ്ധകവും ആഡംബരസമന്വിതവുമായി കൊണ്ടാടിയിരിക്കുന്നു. റവ. ഫാദർ വറുഗീസ് കിളിച്ചിമല അവർകളായിരുന്നു പ്രസംഗകൻ. സമാപനകർമ്മങ്ങളിൽ തിരുവല്ലാമെത്രാൻ മാർ അത്തനാസിയോസ് തിരുമേനിയുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

**കിഴക്കമ്പലം:** ചെറുപുഷ്പമിഷൻലീഗിൻെറ പ്രചരണയോഗം സെപ്തംബർ 11-ാം തിയതി ഞായറാഴ്ച സെൻറു ആൻറണീസ് സ്കൂൾഹാളിൽവച്ചു റവ. ഫാ. രുഫീനോസ് ടി. ഒ. സി. ഡി. ബി. എ. എൽ. റ്റി. യുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ലീഗംഗങ്ങൾകൊണ്ടുവന്ന സാധനങ്ങൾ യോഗസ്ഥലത്തുവച്ച് ലേലംവിളിക്കുകയും 60-ൽ പരം രൂപ ലീഗിലേക്ക് മുതൽക്കൂട്ടുകയുംചെയ്തു. കുട്ടികളുടെ വിനോദപ്രകടനം പാപ്പാമംഗളംഇവയ്ക്കുശേഷം യോഗം പര്യവസാനിച്ചു

**മറ്റൂർ:** കണ്ണങ്കുളം പള്ളിയിൽ ആണ്ടുതോറും നടത്തിവരുന്ന എട്ടുനോയമ്പു ഭംഗിയായി നടന്നിരിക്കുന്നു. അന്നേദിവസം നടത്തിയ നോയമ്പുസദ്യയിൽ അനേകമാളുകൾ പങ്കുകൊണ്ടു.

**ചേരാനല്ലൂർ:** കോട്ടപ്പുറമ്പു ദേവാലയത്തിലെ പരിശുദ്ധ അമലോത്ഭവമാതാവിൻെറ തിരുനാൾ പൂർവ്വാധികം ഭംഗിയായി നടത്തിയിരിക്കുന്നു. സമാപനദിനമായ 11-ാംനു- ഞായറാഴ്ച റവ. ഫാദർ ജോർജ്ജ് പാറക്കൽ ആഘോഷമായ ദിവ്യപൂജ നടത്തുകയും, പ്രസംഗം,പ്രദക്ഷിണം മുതലായ ചടങ്ങുകൾ നിർവ്വഹിക്കുയും ചെയ്തു. ശ്രീ ജോർജ്ജ് കൈതാരൻ ആയിരുന്നു തിരുനാൾ പ്രസുദേന്തി.

**വൈക്കം:** സ്ഥലത്തെ കാത്തലിക്ക ക്ലബ്ബിൻെറ അഭിമുഖ്യത്തിൽ നിർവഹിക്കപ്പെടുന്ന പ്രസംഗപരമ്പരയിൽ രണ്ടാമത്തെ പ്രസംഗം "മുതലാളിത്തവും കമ്മ്യൂണിസവും തൊഴിലാളിയെ ഉദ്ധരിക്കുമോ" എന്ന വിഷയത്തെ പുരസ്കരിച്ചു സെപ്റ്റംബർ 15-ാംനു- വക്കീൽ മി. സിറിയക്ക കണ്ടത്തിൽ നടത്തുകയുണ്ടായി. പണ്ഡിതോചിതവും ഉത്തേജകവുമായ ആ പ്രസംഗം സ്ഥലം പോസ്റ്റാഫീസ് മൈതാനത്തു കമ്മ്യൂണിസ്റ്റ്യോഗങ്ങളിൽ വർഷിക്കപ്പെടുന്ന ദുഷ്പ്രചരണാത്മകമായ പ്രസംഗങ്ങളെ അന്ധമായി വിശ്വസിച്ചുപോകുന്ന തൊഴിലാളിജനതയെ കണ്ണുതുറപ്പിക്കുവാൻ തികച്ചും പര്യാപ്തമായിരുന്നു. മി. പി. എം. കുര്യാക്കോസ് ബി. എ; ബി. എൽ. മീറ്റിംഗിൻെറ ആരംഭത്തിൽ പ്രസ്തുതവിഷയത്തിൻെറ വൈപുല്യത്തെയും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ പ്രാധാന്യത്തെയും വിശദീകരിച്ചുകൊണ്ട് ലഘുപ്രസംഗം നടത്തുകയുണ്ടായി. ക്ലബ്ബിൻെറ കരടുഭരണഘടന പാസ്സാക്കുന്നതിനായി ഈ സെപ്റ്റംബർ 17-ാംനു- അംഗങ്ങളുടെ ഒരു പൊതുയോഗം വെ. റവ. ഫാദർ ആൻറണി കണ്ടത്തിലിൻെറ അദ്ധ്യക്ഷതയിൽ കൂടി. വൈകുന്നേരം 5 മണിമുതൽ രാത്രി 10 മണിവരെ നടന്ന തീവ്രമായ ചർച്ചകൾക്കുശേഷം ഭരണഘടന പാസ്സാക്കപ്പെട്ടു. അനന്തരം ക്ലബ്ബിൻെറ വൈസ് പ്രസിഡൻറായി മി. ജോസഫ് പഴേകടവൻ ബി. എ. ബി. എൽ. നേയും സെക്രട്ടറി ആയി പി. എം. കുര്യാക്കോസ് ബി. എ; ബി. എൽ. നേയും മററു കമ്മിററി അംഗങ്ങളേയും തെരഞ്ഞെടുത്തു. ഭരണഘടനപ്രകാരം വൈക്കം ഫൊറോനപ്പള്ളിയുടെ പെ. ബ. വികാരി ഔദ്യോഗികനിലയിൽ ക്ലബ്ബിൻെറ പ്രസിഡൻറായിരിക്കുന്നതാണ്.

**വേനപ്പാറ:** സ്ഥലം സെൻറ് തോമസ് മൗണ്ടിൽ റവ. ഫാദർ അന്തോണിനൂസ് T. O. C. D. അവർകളുടെ ആദ്ധ്യക്ഷത്തിൽ ഈ മാസം 10-ാംനു- ഒരു പൊതുയോഗം കൂടുകയും ഈ സ്ഥലത്ത് പ്രാദേശികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു് ഉപയുക്തമായ സംഘടനകൾ ഇല്ലാത്തതിനാൽ "ദി വേനപ്പാറസോഷ്യൽ സർവ്വീസ്ലീഗ്" എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിക്കുകയും അതോടനുബന്ധിച്ച് പ്രസ്തുതസംഘത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ലൈബ്രറിയുടെ ഉൽഘാടനം നിർവ്വഹിക്കുകയും ചെയ്തു. സംഘം നടത്തിപ്പിനായി പ്രസിഡൻറ്, സിക്രട്ടറി, ജോയിൻറു സിക്രട്ടറി എന്നിവരടക്കം ഒൻപതംഗങ്ങളുള്ള ഒരു കമ്മററിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

**അതിരമ്പുഴ:** സ്ഥലം ഫൊറോനാപള്ളിയിലെ വ്യാകുലമാതാവിൻെറ കൊമ്പരൃതിരുനാൾ 18-ാംനു- ആഘോഷമായ ദിവ്യബലി ദിവ്യകാരുണ്യാശീർവ്വാദം, പ്രസംഗം, ഇവയ്ക്കുശേഷം ദർശനസമൂഹത്തിൻെറ അകമ്പടിയോടുകൂടി നടന്ന ഭക്തിസംവർദ്ധകമായ പ്രദക്ഷിണത്തോടുകൂടി സമംഗളം പര്യവസാനിച്ചിരിക്കുന്നു. പ്രസംഗകൻ വെരി റവ. ഡോക്ടർ എൽ. ജെ. ചിററൂർ Ph. D. D. D. അവർകളായിരുന്നു. ചെറുവള്ളിയിൽ ശ്രീ ഔസേപ്പ് അവർകളായിരുന്നു പ്രസുദേന്തി.

അതിരമ്പുഴ ലീജിയൻ ക്യൂരിയായിൽ ഉൾപ്പെട്ട വിവിധപ്രസീദിയങ്ങളുടേയും സഹായകാംഗങ്ങളുടേയും സംയുക്തസൈന്യശാഖാഘോഷം, ഈ മാസം 25-ാംനു- ഞായറാഴ്ച ഉച്ച കഴിഞ്ഞു 2-30നു് സ്ഥലം സ്കൂൾഹാളിൽവച്ച് റവ. ഫാദർ പീററർ ഊരാളിൽ M. A. B. T. Ph. L. D. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ മിസ്സ് മേരി തോമസ് ആലപ്പാട്ടുപള്ളി B. A. പ്രസംഗിച്ചു. യോഗത്തിനിടയിൽ "മരിയാഗൊരേത്തി" എന്ന കഥാപ്രസംഗം ശ്രീ റ്റി. ഡി മാത്യുവിൻെറ പശ്ചാത്തലസംഗീതത്തോടുകൂടി മിസ്സ് കെ. എം. കുഞ്ഞമ്മ ഏററം തന്മയത്വമായി നടത്തുകയുണ്ടായി.

## ചരമവാർത്തകൾ

**കറവിലങ്ങാട്:** ഈ ഇടവക മാനാച്ചേരിൽ (മണവത്ത്) പൈലോ അന്നമ്മ 75-ാമത്തെ വയസ്സിൽ സെപ്റ്റംബർ 18-ാം തിയതി കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം 19-ാംനു- 3 മണിക്ക് പരേതയുടെ പുത്രൻ ഫാദർ കുര്യാക്കോസ് അവർകളുടെ പ്രധാനകാർമ്മികത്വത്തിലും, സഹോദരപുത്രന്മാരായ ഫാദർ ജി. സി. ടിലാർ, ഫാദർ ജോസഫ് പാറാനി എന്നിവരുടേയും മററു പല ബ. വൈദികരുടേയും സഹകരണത്തിലും, ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും കറവിലങ്ങാട്ടുപള്ളി സിമിത്തേരിയിൽ യഥാവിധി നിർവഹിക്കപ്പെട്ടു. റവ. ഫാദർ മാത്യു മാന്തോട്ടം വീട്ടിൽവച്ചും വെരി റവ. ഫാദർ തോമസ് മണക്കാട്ട് പള്ളിയിൽവച്ചും ചരമപ്രസംഗങ്ങൾ നടത്തി. ഇതുപ്രമാണിച്ച് നിരവധി പാവങ്ങൾക്കു പണവും അന്നവും ദാനംചെയ്യുകയുണ്ടായി.

**തിടനാട്:** ഈ ഇടവക തിണ്ടൂർ വക്കി മത്തായി 98-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ ആഗസ്റ്റ് 15-ാം തിയതി ഭാഗ്യമരണംപ്രാപിച്ചു. പിറേറദിവസം റവ. ഫാദർ തോമസ് അരയത്തിനാലിൻെറ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടേയും അനേകം ജനങ്ങളുടേയും സാന്നിദ്ധ്യത്തിലും സംസ്കാരച്ചടങ്ങ് ആഡംബരപൂർവ്വം നടത്തപ്പെട്ടു. അനേകം സാധുക്കൾക്കു ദാനധർമ്മവും നൽകപ്പെട്ടു.

**തമ്പലക്കാട്:** ഈ ഇടവക കാഞ്ഞിരത്തിനാലായതടത്തിൽ വക്കി ഏലി വാർദ്ധക്യസഹജമായ സുഖക്കേടുകൾനിമിത്തം സ്വപുത്രനിൽനിന്നും അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ട് സെപ്റ്റംബർ 2-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം പിറേറദിവസം റവ. ഫാദർ ജയിക്കബ് അവർകളുടെ പ്രധാനകാർമ്മികത്വത്തിലുംപലബ. വൈദികരുടെ സഹകാർമ്മികത്വത്തിലും നിർവ്വഹിക്കപ്പെട്ടു. റവ. ഫാദർ നെടുംതകിടി ബി. എ. അവർകൾ ചരമപ്രസംഗംചെയ്തു.

**കാട്ടുകററി:** ഈ ഇടവക കാച്ചപ്പിള്ളി റപ്പായി കൊച്ചപ്പൻ സെപ്റ്റംബർ 11-ാംനു- ഞായറാഴ്ച കാലത്തു നിര്യാതനായി. ശവസംസ്കാരകർമ്മം അന്നു വൈകുന്നേരം, റവ. ഫാദർ തോമസ് കരേടൻ അവർകളുടെ കാർമ്മികത്വത്തിലും, ഒട്ടേറെ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലും പള്ളിസിമിത്തേരിയിൽ നടത്തപ്പെട്ടു. പരേതൻ സ്ഥലം പള്ളിയിലെ കപ്യാരായി ദീർഘസേവനം അനുഷ്ഠിച്ചിട്ടുള്ളയാളാണ്. R. I. P.

# വിവിധവൃത്താന്തങ്ങൾ

### ജർമ്മൻചാൻസലർ മോസ്കോയിൽ കർബാനകണ്ടു

പശ്ചിമജർമ്മനിയിലെ ചാൻസലറായ ഡോക്ടർ അഡനോവർ മോസ്കോയുടെ ക്ഷണമനുസരിച്ച് ഈയിടെ റഷ്യ സന്ദർശിക്കുകയുണ്ടായല്ലോ. ജർമ്മനിയുടെ ഭാവിയെ സംബന്ധിച്ച അദ്ദേഹത്തിൻെറ കൂടിയാലോചനകൾ വിജയപ്രദമാകുന്നതിനു ജർമ്മനിയും ലോകം മുഴുവനുംതന്നെ തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതു മിക്കവാറും സഫലമായി എന്നു സമാശ്വസിക്കാവുന്ന വാർത്തകളാണ് സന്ദർശനറിപ്പോർട്ടുകളിൽ കാണുന്നതു്. മോസ്കോയിൽ കഴിച്ചുകൂട്ടിയ ഞായറാഴ്ചദിവസം ഡോക്ടർ അഡനോവർ അവിടെയുള്ള ഏകകത്തോലിക്കാ ദേവാലയത്തിൽ കുർബാന കാണുകയും ദീർഘനേരം പ്രാർത്ഥിക്കുകയുംചെയ്തു. അദ്ദേഹത്തോടൊന്നിച്ച ജർമ്മൻ ഡലഗേഷനംഗങ്ങൾ പത്തുപേരുമുണ്ടായിരുന്നു. മോസ്കോയിലുള്ള ഏകകത്തോലിക്കാദേവാലയം ഫ്റാൻസിലെ വിശുദ്ധ ലൂയിയുടെ നാമത്തിലുള്ള ഈ പള്ളിയാണ്. ഇപ്പോൾ മോസ്കോയിലുള്ള ഏക കത്തോലിക്കാവൈദികൻ പോളിഷുകാരനായ ഈ ഇടവകവൈദികനാണ്. അദ്ദേഹം ദിവസവും രാവിലേയും വൈകിട്ടും ഓരോ ബലിയർപ്പിക്കുന്നു; ഞായറാഴ്ചകളിൽ രണ്ടു കുർബാനകൾ രാവിലേയും രണ്ടു കുർബാനകൾ വൈകിട്ടും അദ്ദേഹം ചൊല്ലുകയാണ്.

### വിവാഹ വാർത്തകൾ

**ഇരിഞ്ഞാലക്കുട:** ഇരിഞ്ഞാലക്കുട ഫൊറോനാപ്പള്ളി ഇടവക തളിയത്തു റൈസ് ആൻറു് ഓയിൽമിൽസ് മാനേജിംഗ് പാർട്ടനർ ഔസേപ്പ് മകൻ വർഗ്ഗീസ് ബി. എ. യും, പാവർട്ടി പള്ളിഇടവക കാക്കശ്ശേരി തോമ മകൾ ബ്രിജീത്തായും തമ്മിലുള്ള വിവാഹം 19-ാംനു- തിങ്കളാഴ്ച കാലത്തു പാവർട്ടിപള്ളിയിൽവച്ചു നടന്നിരിക്കുന്നു.

**എലിക്കുളം:** ഈ ഇടവക വെച്ചൂർ ശ്രീ തൊമ്മൻ ജോസഫ് അവർകളുടെ പുത്രി കുമാരി ഏലിക്കുട്ടിയും, വിളക്കുമാടത്ത് വടക്കേൽ ശ്രീ ഉതുപ്പ് അവർകളുടെ പുത്രൻ ശ്രീ തോമസും തമ്മിലുള്ള വിവാഹം വിളക്കുമാടംപള്ളിയിൽവച്ചു സെപ്റ്റംബർ 12-ാംനു- സമംഗളം നടത്തപ്പെട്ടു.

### മാർപ്പാപ്പായുടെ സഹാനുഭൂതിയും പ്രധാനമന്ത്രിയുടെ കൃതജ്ഞതയും

ഈയിടെ ഇന്ത്യയിലുണ്ടായ വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിക്കേണ്ടിവന്നവരോടുള്ള പൈതൃകമായ സഹാനുഭൂതി പ്രദർശിപ്പിക്കുന്ന ഒരു സന്ദേശം പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഇന്ത്യൻ പ്രധാനമന്ത്രിപണ്ഡിററ് നെഹ്റുവിൻെറപേക്കു അയച്ചുകൊടുത്തിരിക്കുന്നു. "വെള്ളപ്പൊക്കം നിങ്ങളുടെ രാജ്യത്തു വലുതായ കെടുതികൾ വരുത്തിക്കൂട്ടിയിരിക്കുന്നുവെന്ന വിവരം വ്യഥാപൂർവ്വമാണ് നാം ഗ്രഹിച്ചതു്. ദുരിതവശഗരായിരിക്കുന്ന ജനങ്ങളോട് നാം സഹാനുഭൂതി പ്രദർശിപ്പിക്കുകയും ദൈവികാശ്വാസവും സന്തുഷ്ടിയും അവർക്കു ധാരാളമായി സിദ്ധിക്കുന്നതിനു പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു." പ്രധാനമന്ത്രി ശ്രീ നെഹ്റുവിൻെറ മറുപടി, "ഈയിടെ ഇന്ത്യയിലുണ്ടായ വെള്ളപ്പൊക്കംമൂലം നേരിട്ട നാശനഷ്ടങ്ങളിൽ ദുരിതവശഗരായിരിക്കുന്നവരോടു സഹാനുഭൂതി പ്രകടിപ്പിച്ചും അവർക്കു ആശ്വാസമരുളിയുംകൊണ്ട് അവിടുന്നു ദയാപൂർവ്വം അയച്ച സന്ദേശത്തിനു ഇന്ത്യയിലെ ജനങ്ങളുടേയും ഇന്ത്യാഗവർമ്മെൻറിൻെറയും നാമത്തിൽ അവിടുത്തോടു കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു."

### നടൻെറ ഭാര്യ ലീജിയൻ സ്ഥാപകനെ സന്ദർശിക്കുന്നു

പ്രസിദ്ധ നടനായ മി. ഹോപ്പിൻെറ ഭാര്യ മിസ്സിസ് ബോബ് ഹോപ്പ് ഈയിടെ മൂന്നുദിവസം ഡബ്ലിനിൽ പര്യടനം നടത്തുകയുണ്ടായി. അവർ ലീജിയൻ ഓഫ് മേരി, സംഘടനയുടെ സ്ഥാപകനും പ്രസിഡണ്ടുമായ മി. ഫ്റാങ്കുഡഫിനെ ഇതിനിടയിൽ സന്ദർശിച്ചു. മി. ഹോപ്പ് ചർച്ച് ഓഫ് ഇംഗ്ലണ്ടു സഭാംഗമാണ്. മിസ്സിസ് ഹോപ്പ് ഒരു കത്തോലിക്കയും ലീജിയൻെറ ഒരംഗവുമാണ്.









# എക്സ്‌റേ പ്ലാൻറുൽഘാടനം

## ചേർത്തല ഗ്രീൻഗാർഡൻസ് S. H. ഹോസ്പിററലിൽ

എറണാകുളം അതിരൂപതവകയായി ചേർത്തല ഗ്രീൻ ഗാർഡൻസിലുള്ള എസ്. എച്ച്. ഹോസ്പിററലിൽ പുതുതായി സ്ഥാപിച്ചിരിക്കുന്ന എക്സ്റേ പ്ലാൻറിൻെറ ആശീർവ്വാദകർമ്മവും ഉൽഘാടനവും സെപ്തംബർ 11-ാംനു ഞായറാഴ്ച സായാഹ്നത്തിൽ എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് മംഗളപൂർവ്വം നിർവ്വഹിച്ചിരിക്കുന്നു. തിരുമേനിയെ ഹോസ്പിററൽ ഗേററുങ്കൽവച്ചു ചീഫ് മെഡിക്കലാഫീസർ ഡോക്ടർ ഫ്രാൻസീസ് അവർകൾ ഹാരമണിയിച്ചു സ്വീകരിച്ചു. വെരി റവ. മോൺ: വർഗ്ഗീസ് പുതുശ്ശേരി, മലബാർ മെയിൽ പത്രാധിപർ റവ. ഫാദർ തോമസ് വെളളത്തേടത്തു്, എറണാകുളം കത്തീഡറൽപള്ളി വികാരി വെരി റവ. ഫാ. കുര്യാക്കോസ് ചിറമേൽ, ഗ്രീൻഗാർഡൻസിലെ വിവിധ സ്ഥാപനങ്ങളുടെ ഡയറക്ടർ റവ. ഫാദർ ജെ. കെ. ഡബ്ളിയു. തോമസ്, ഹോസ്പിററലിലെ യൂറോപ്യൻ ഡോക്ടർ മി. തിയോഫിൽ വീസു്, ലേഡി ഡോക്ടർ മിസ്സിസ് സി. തോമസ്, എക്സ്‌റേ എൻജിനീയർ മി. സി. എം. സുന്ദരം, മട്ടത്തുപള്ളി വികാരി റവ. ഫാദർ വട്ടക്കാട്ടുശ്ശേരി മുതലായ പല പ്രശസ്ത വ്യക്തികളും തദവസരത്തിൽ സന്നിഹിതരായിരുന്നു. ഹോസ്പിററൽ ഗ്രൗണ്ടിലൂടെ എക്സ്‌റേ പ്ലാൻറു് സ്ഥാപിച്ചിരിക്കുന്ന പ്രത്യേകനിലയത്തിലേക്കുള്ള സ്വീകരണഘോഷയാത്രയെ ചെല്ലൂർ അസൈലത്തിലെ അംഗങ്ങൾ അതിവിദഗ്ദ്ധമായ സംഗീതമേളങ്ങൾകൊണ്ടു മംഗളമനോഹരമാക്കിച്ചെയ്തു. ഡോക്ടർ ഫ്രാൻസീസ് അവർകൾ പ്ലാൻറിൻെറ ഉൽഘാടനകർമ്മം നിർവ്വഹിക്കുന്നതിനു തിരുമേനിയോടഭ്യർത്ഥിച്ചു. മെത്രാൻ തിരുമേനി പ്ലാൻറു് ആശീർവ്വദിക്കുകയും സ്വിച്ചു് ഓൺചെയ്തു ഉൽഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഡോക്ടർ വീസ് അവർകളുടെ കൃതജ്ഞതാപ്രകടനത്തോടുകൂടി ചടങ്ങുകൾ പര്യവസാനിച്ചു.

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രത്യേകമായ നിയന്ത്രണത്തിൽ നടന്നുപോരുന്ന ഈ മഹത്‌സ്ഥാപനം ഏററവും ജനോപകാരപ്രദമായ ഒരു പ്രസ്ഥാനമാണെന്നു പ്രത്യേകം പറയേണ്ടതില്ല. വെറും മരുഭൂമിയായിരുന്ന പ്രസ്തുത സ്ഥലം ഇന്നു ഗ്രീൻഗാർഡൻസ് എന്ന പേരിനെ അന്വർത്ഥമാക്കി പ്രശോഭിക്കുകയാണ്. മനോഹരങ്ങളായ നിരവധി കെട്ടിടങ്ങൾ അവിടവിടെയായി ഉയർന്നുനില്ക്കുന്നു. ഏററവും മഹത്തായ ജീവകാരുണ്യപരമായ സേവനങ്ങളുടെ നിലയറകളാണ് അവയോരോന്നും. കുഷ്ഠരോഗം പിടിപെട്ടു ദാരുണമായ പീഡയനുഭവിക്കുന്നവരെ ചികിത്സിക്കുന്നതിലും, ശുശ്രൂഷിക്കുന്നതിലും, ഉന്മേഷഭരിതരാക്കി ജീവിതാനന്ദം പകർന്നുകൊടുക്കുന്നതിലും സദാപി വ്യാപൃതരായിരിക്കുന്ന ബ. സഹോദരികൾ ഒരുഭാഗത്തു്; രോഗികളെങ്കിലും സംതൃപ്തരും സന്തുഷ്ടരുമായിക്കഴിയുന്ന ശതക്കണക്കിനു കുഷ്ഠരോഗികൾ ഓരോ വാർഡുകളിൽ; എല്ലാ ആധുനികസജ്ജീകരണങ്ങളോടുംകൂടി വിദഗ്ദ്ധന്മാരായ ഡോക്ടറന്മാരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ജനറൽ ആശുപത്രി; ഇങ്ങനെ നിസ്തുലസേവനത്തിൻെറയും ജീവകാരുണ്യപ്രവർത്തനങ്ങളുടേയും ഒരു തേനീച്ചക്കൂടുപോലെയാണു് ഗ്രീൻഗാർഡൻസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. പുതിയ എക്സ്‌റേ പ്ലാൻറിൻെറ ഉൽഘാടനത്തോടുകൂടി ഒരൊന്നാംതരം ജനറലാശുപത്രിക്കുവേണ്ട എല്ലാ സജ്ജീകരണങ്ങളും ആ വകുപ്പിൽ പൂർത്തിയായിക്കഴിഞ്ഞു.


ഉൽഘാടനാനന്തരം സഹായമെത്രാൻ തിരുമേനി എല്ലാ സ്ഥാപനങ്ങളേയും സന്ദർശിക്കുകയും രോഗികളുമായി കുശലപ്രശ്നം ചെയ്യുകയും അവർക്കു മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. രോഗികൾക്കു നൽകുന്നതിനു അതിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കല്പിച്ചു കൊടുത്തയച്ചിരുന്ന സമ്മാനം സഹായമെത്രാൻ തിരുമേനി ഡയറക്ടറെ ഏല്പിച്ചു. രോഗികളും മററ അന്തേവാസികളും മെത്രാപ്പോലീത്താ തിരുമേനിയുടെനേർക്കു അവർക്കുള്ള പുത്രനിർവ്വിശേഷമായ സ്നേഹഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുകയും അവിടുത്തേക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നതാണെന്നു പ്രകടമാക്കുകയും ചെയ്തു. മെത്രാപ്പോലീത്താച്ചൻതന്നെ എഴുന്നള്ളി ഈ ഉൽഘാടനം നിർവ്വഹിക്കുന്നതിനു് ഉദ്ദേശിച്ചിരുന്നതാണെങ്കിലും അവിടുത്തെ ശരീരാസ്വാസ്ഥ്യംമൂലമാണ് അതിനു് തരപ്പെടാതിരുന്നതു്. ആറരമണിയോടുകൂടി സഹായമെത്രാൻ തിരുമേനി എറണാകുളത്തേക്കു മടങ്ങുകയുംചെയ്തു.



ഗ്രീൻഗാർഡൻസ് ജനറലാശുപത്രിയുടെ പ്രവേശനകവാടത്തിൽവച്ചു തിരുമേനിയെ സ്വീകരിക്കുന്നു.




എക്സ്‌റേ പ്ലാൻറു സ്ഥാപിച്ചിരിക്കുന്ന മന്ദിരത്തിലേക്ക് വാദ്യഘോഷങ്ങളോടെ തിരുമേനിയെ ആനയിക്കുന്നു.



കുഷ്ഠരോഗികളുമായി തിരുമേനി കുശലപ്രശ്നം ചെയ്യുന്നു.

(Photoes by Royal Studio, Ekm.)

---



[illegible] ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

Antony, Bombay

---



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

A. C. Sebastian, Trichur

---

# പുസ്തകാഭിപ്രായം

## ക്രൈസ്തവൻെറ മഹനീയപദവി.

(വിവർത്തകൻ: പി. എം. മാത്യു ബി. എസ്‌സി. പ്രസാധകർ: എസ്. എച്ച്. ലീഗ്, മംഗലപ്പുഴ സെമ്മിനാരി, ആലുവാ. വില 2 ണ)

"The Great Doctrine of the Mystical Body of Christ" എന്ന പുസ്തകത്തിൻെറ വിവർത്തനമാണിതു്. മതവിദ്വേഷിയായ സാവൂൾ അപ്പസ്തോലപ്രവരനായ വി. പൗലോസായി പരിവർത്തനം ചെയ്യപ്പെട്ടു. അനന്തരം അദ്ദേഹത്തിൻെറ മതതീക്ഷ്ണത ഉജ്ജ്വലിക്കുകയും പ്രേഷിതചൈതന്യം ഉൽബുദ്ധമാകുകയുംചെയ്തു. ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിലുള്ള ആ ബന്ധത്തിൻെറ അത്ഭുതകരമായ രഹസ്യം സർവ്വദാ അദ്ദേഹത്തിൻെറ ചിന്താവിഷയമായിത്തീർന്നു. തൽഫലമായി വിശുദ്ധൻെറ വിശിഷ്ടലേഖനങ്ങളിലും നിസ്തുലപ്രഭാഷണങ്ങളിലുമൊക്കെ ആ ആശയം കേന്ദ്രീകരിക്കപ്പെട്ടു. ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിലുള്ള ഗാഢമായ ബന്ധത്തിൻെറ പരിപൂർണ്ണതനിമിത്തം വി. പൗലോസ് സഭയെ മിശിഹായുടെ മൗതികശരീരമെന്നു വിളിക്കുന്നു. ക്രിസ്തു ഗാഗുൽത്തായിൽവച്ചു മരിച്ച ആ ക്ഷണത്തിൽ അവിടുത്തെ മൗതികശരീരത്തിൻെറ ജനനം നടന്നു. ജ്ഞാനസ്നാനംവഴി നാം മിശിഹായുടെ മൗതികശരീരത്തിലെ അംഗങ്ങളായി ജനിക്കുകയും ചെയ്യുന്നു. ഇതൊരു ഗഹനവിഷയമാണ്. ഈ പുസ്തകത്തിലെ പ്രതിപാദനരീതി ഈ വിഷയത്തിൻെറ നാനാവശങ്ങളും സുഗ്രാഹ്യമാക്കിത്തീർത്തിട്ടുണ്ടു്. ക്രൈസ്തവൻെറ ഈ മഹനീയപദവിക്കനുസൃതമായി നിർമ്മലജീവിതം നയിക്കേണ്ടതിൻെറ ആവശ്യകതയേയും മററും പററി പുസ്തകത്തിൽ ഭംഗിയായി സമർത്ഥിച്ചിട്ടുണ്ടു്. ഇതിലെ ഭാഷാരീതി ശുദ്ധവും ലളിതവുമാണ്. കത്തോലിക്കാ ഭവനങ്ങളിൽ സഹർഷം സ്വാഗതം ചെയ്യപ്പെടേണ്ട ഒരു ചെറുപുസ്തകമാണിതു്. (K. C.)

ചോദ്യോത്തരപംക്തി

# ബൈബിൾ വായന

[കെ. ഇ. ജോബ് എം. എ. എൽ. റ്റി.]

(തുടർച്ച)

മദ്ധ്യയുഗങ്ങളുടെ അവസാനത്തോടുകൂടി പാശ്ചാത്യക്രൈസ്തവലോകത്തിൽ ഒരു നവോത്ഥാനവും വിജ്ഞാനപരമായ ഒരു ഉണർവും അച്ചടിയന്ത്രങ്ങളുടെ പ്രചാരവുമുണ്ടായി. ഇതോടുകൂടിത്തന്നെ അക്കാലത്തെ യൂറോപ്യൻസമുദായത്തിൽ അഭൂതപൂർവ്വമായ ഒരു ധാർമ്മികാധഃപതനവും മതപരമായ ഒരു വിപ്ലവബുദ്ധിയും സർവ്വത്ര ദൃശ്യമായി. ഈ വിപ്ലവപ്രസ്ഥാനത്തിൻെറ പ്രധാന നേതാവായിരുന്നു ജർമ്മനിയിലെ ഒരു ദൈവശാസ്ത്രപ്രഫസ്സറായിരുന്ന മാർട്ടിൻ ലൂഥർ. അദ്ദേഹം തിരുസ്സഭാദ്ധ്യക്ഷനോടെതിരിട്ടുകൊണ്ടാണ് തൻെറ മതനവീകരണവിപ്ലവം നയിച്ചതു്. ആകയാൽ ലോകത്തെ പഠിപ്പിക്കുന്നതിൽ തിരുസ്സഭയ്ക്കുള്ള സ്ഥാനം അദ്ദേഹം നിഷേധിക്കുകയും ആ സ്ഥാനം ബൈബിളിനുമാത്രം അദ്ദേഹം നൽകുകയുംചെയ്തു. അതായതു്, മനുഷ്യരുടെ ആദ്ധ്യാത്മികബോധനത്തിനു്, തിരുസഭയാകുന്ന വിദ്യാലയമോ, മിശിഹായാകുന്ന വിദ്യാഭ്യാസമേധാവിയുടെ ലൈസൻസ് കിട്ടിയിട്ടുള്ള അദ്ധ്യാപകരുടെ നിലയിൽ വർത്തിക്കുന്ന വൈദികരോ, വിദ്യാലയചട്ടങ്ങളുടെ സ്ഥാനത്തു സ്ഥിതിചെയ്യുന്ന സഭാനിയമങ്ങളുടെ അനുവർത്തനമോ, ദേവാലയങ്ങളിലെ മതാത്മകചിത്രശില്പകലാവേലകളാകുന്ന ഇതരബോധനോപകരണങ്ങളോ ഒന്നും വേണ്ടായെന്നും, അതിൻെറയെല്ലാം സ്ഥാനത്തു ബൈബിൾമാത്രം മതിയാകുമെന്നും, വിപ്ലവബുദ്ധിയാൽ മതിമറന്ന മാർട്ടിൻ ലൂഥർ സധൈര്യം പ്രഖ്യാപിച്ചുതുടങ്ങി. വിപ്ലവം ഒരുവക മദ്യംപോലെ മനുഷ്യഹൃദയങ്ങളെ ഇളക്കിവിടുകപതിവാണു്. When the wine is in, the fool is out എന്നു് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ടു്. മദ്യം അകത്തുചെല്ലുമ്പോൾ ഭോഷത്വം വെളിയിൽ വരുമെന്നാണു് ഇതിൻെറ അർത്ഥം. അങ്ങനെയാണു് "Bible and Bible alone is the rule of our Faith." "ബൈബിൾ മാത്രമാണു് നമ്മുടെ വിശ്വാസത്തിൻെറ ഏക മാനദണ്ഡം" എന്നുള്ള ലൂഥറൻ ആപ്തവാക്യത്തിൻെറ ഉത്ഭവം.

പക്ഷേ ഈ "ആപ്തവാക്യ"ത്തിൻെറ നിരർത്ഥകത്വം ലൂഥറിനുതന്നെ വിശദമാകുവാൻ വളരെ കാലതാമസം വേണ്ടിവന്നില്ല. വേദപുസ്തകം ആർക്കും അച്ചടിക്കാമെന്നും ആർക്കും വായിക്കാമെന്നും, ആർക്കും സ്വതന്ത്രമായി വ്യാഖ്യാനിക്കാമെന്നും ലൂഥർ പ്രസ്താവിച്ചതോടുകൂടി, ധാരാളം അനധികൃതവേദപുസ്തകവിവർത്തനങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽ അച്ചടിച്ചു വിതരണം ചെയ്യപ്പെട്ടു. അജ്ഞന്മാരും വിജ്ഞന്മാരും ഒരുപോലെ അതു വായിച്ചുതുടങ്ങി. ഇന്നവാക്യത്തിൻെറ അർത്ഥമിന്നതാണെന്നു പറഞ്ഞുകൊടുക്കുവാൻ സഭയിൽ ആർക്കും അധികാരം പാടില്ലെന്നായിരുന്നുവല്ലോ നവീകരണതത്വം. തൽഫലമായി വാളെടുത്തവരെല്ലാം വെളിച്ചപ്പാടെന്ന രീതിയിൽ സകലരും വേദപുസ്തകം വായിക്കുവാനും അവരവർക്കിഷ്ടമുള്ള വ്യാഖ്യാനം കൊടുക്കുവാനുംതുടങ്ങി. ഇതെല്ലാം നേരിട്ടു കണ്ടപ്പോഴാണു് മാർട്ടിൻ ലൂഥർ തനിക്കുപററിയ അബദ്ധം മനസ്സിലാക്കിയതു്. ആകയാൽ 1525-ാമാണ്ടിൽ ലൂഥർ തനിക്കു പററിയ പ്രമാദത്തെ ഇങ്ങനെവിവരിച്ചിട്ടുണ്ടു്: "എത്ര തലയുണ്ടോ അത്രത്തോളം വിഭാഗങ്ങളും വിശ്വാസങ്ങളുമുണ്ടിപ്പോൾ. ഒരുവനു് ജ്ഞാനസ്നാനം വേണ്ട; മററവനു ഒരു കൂദാശയുംവേണ്ട; അവസാനദിവസത്തിനും വർത്തമാനകാലത്തിനും ഇടയ്ക്കു് വേറൊരു ലോകമുണ്ടെന്നാണു് വേറൊരുത്തൻെറ വിശ്വാസം. ക്രിസ്തു ദൈവമല്ലെന്നു ചിലർ പറയുന്നു. ഒരുത്തനിതു പറയുമ്പോൾ മററവൻ മറെറാന്നു പറയും. വല്ല അജ്ഞനോ ഭോഷനോ എന്തെങ്കിലും ഒരു സ്വപ്നം കണ്ടാൽമതി, അപ്പോൾ അവനു് അതു് പരിശുദ്ധാത്മാവിൻെറ രഹസ്യാലാപമായി. അങ്ങനെ ഒന്നു കേട്ടവൻ ഉടനെ ഒരു തികഞ്ഞ ദീർഘദർശിയുമായിത്തീരുന്നു."

ഈ സ്വതന്ത്രവ്യാഖ്യാനപ്രവണത കൂടിക്കൂടി വന്നതിൻെറ ഫലമായി ദൈവനിവേശിതമായ വിശുദ്ധ ലിഖിതങ്ങളുടെ ശരിയായ അർത്ഥം അനുവാചകന്മാരിലാർക്കും ലഭിക്കാതെവന്നു സഭയുടെ ഐക്യവും ദൈവവചനത്തിൻെറ നിർമ്മലതയും ഇങ്ങനെ അലഭ്യമായി തീർന്നതോടുകൂടി അകത്തോലിക്ക സഭാംഗങ്ങൾ, പാഷണ്ഡതകളിലേക്കും അധാർമ്മികജീവിതത്തിലേക്കും നിരീശ്വരത്വത്തിലേക്കുതന്നെയും നിപതിക്കുവാനിടയായിത്തീർന്നു. ആകയാൽ തിരുസഭയുടെ അധികാരത്തിൽനിന്നും വിശുദ്ധലിഖിതങ്ങളെ വേർപെടുത്തുകയും, അതിനെ പണ്ഡിതപാമരവ്യത്യാസമില്ലാതെ ആരും സ്വതന്ത്രമായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന പതിവു്, വേദപുസ്തകവായനയുടെ ഒരു കടുത്ത ദുരുപയോഗമാകുന്നു എന്നുള്ളതു് സ്പഷ്ടമാണു്.

കത്തോലിക്കാസഭയാകട്ടെ, വിശുദ്ധലിഖിതങ്ങളുടെ ശരിയായ ഉപയോഗത്തെ കാര്യമായി പ്രോത്സാഹിപ്പിക്കുകയും, അവയുടെ ദുരുപയോഗത്തെ ശക്തിയുക്തം തടയുകയുമാണു് ചെയ്യുന്നതു്. ക്രൈസ്തവസഭയുടെ ആരംഭത്തിലും മദ്ധ്യയുഗങ്ങളിലും ആധുനികകാലത്തും എല്ലാക്കാലത്തുംകത്തോലിക്കാസഭയുടെ നിലപാടു് അതുതന്നെയാണു്.

മദ്ധ്യയുഗങ്ങളിലെ കത്തോലിക്കാ സന്യാസികൾ അവരുടെ ഗ്രന്ഥശാലകളിലും ദേവാലയങ്ങളിലും ആട്ടിൻതോലുകൊണ്ടുണ്ടാക്കിയ പാർച്ചുമെൻറു ചുരുളുകളിൽ എഴുതിയിരുന്ന ബൈബിളുകൾ തുടലുകൾകൊണ്ടു ബന്ധിച്ചിട്ടിരുന്നു എന്നുള്ളതു് ഒരു വാസ്തവമാണു്. അതു് കാരാഗൃഹങ്ങളിൽ കുററവാളികളെ ചങ്ങലകൊണ്ടു ബന്ധിച്ചിടുന്നതുപോലെ ആയിരുന്നില്ല. പ്രത്യുത അക്കാലത്തെ വിലപിടിച്ച വിശുദ്ധലിഖിതങ്ങൾ ആരും മോഷ്ടിച്ചുകൊണ്ടുപോകാതിരിക്കുന്നതിനും, സകലർക്കും അവയെ സ്വാതന്ത്ര്യമായി ഇരുന്നു വായിക്കുവാനുള്ള സൗകര്യത്തിനുവേണ്ടിയും ആയിരുന്നു.



For favours received

V. G. Thundiyil

പാശ്ചാത്യദേശങ്ങളിൽ അവ പ്രായേണ ലാററിൻ, ഗ്രീക്കു് എന്നീ ഭാഷകളിലും പൗരസ്ത്യദേശങ്ങളിൽ അവ ഹീബ്രു, അറമായ എന്നീ ഭാഷകളിലും ആയിരുന്നു. പ്രോട്ടസ്റ്റൻറു മതനവീകരണം ആരംഭിക്കുന്നതിനു മുൻപിൽതന്നെ ഇററാലിയൻ, ഫ്രഞ്ച്, റഷ്യൻ, ഇംഗ്ലീഷ് തുടങ്ങിയ ദേശീയഭാഷകളിലുള്ള ബൈബിൾവിവർത്തനങ്ങളും നിലവിലിരുന്നു. അവയെല്ലാം അതതു ദേശങ്ങളിലുള്ള കത്തോലിക്കാമതപണ്ഡിതന്മാരാൽ വിരചിതവും, വൈദികമേലദ്ധ്യക്ഷന്മാരുടെ അംഗീകരണം സിദ്ധിച്ചിരുന്നവയും ആയിരുന്നു.

പ്രോട്ടസ്റ്റൻറു് മതനവീകരണനേതാവായ മാർട്ടിൻലൂഥർ 1522 ൽ പുതിയ നിയമഗ്രന്ഥങ്ങളും, 1534-ൽ പഴയ നിയമഗ്രന്ഥങ്ങളും, വൈദികമേലദ്ധ്യക്ഷാനുമതികൂടാതെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിൽ 1,400 തെററുകളുണ്ടെന്നു് Emser എന്ന കത്തോലിക്കാപണ്ഡിതനും, 3,000 തെററുകളുണ്ടെന്നു Bunsen എന്ന പ്രോട്ടസ്റ്റൻറു പണ്ഡിതനും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ലൂഥർ ഇങ്ങനെയുള്ള വിവർത്തനാബദ്ധങ്ങൾ ചെയ്തതു്, സ്വന്തവ്യാഖ്യാനങ്ങളോടൊപ്പിച്ചു് മൂലകൃതിയിലെ ഭാഷ പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി ആയിരുന്നു. അങ്ങനെയുള്ള വിവർത്തനങ്ങളെ കത്തോലിക്കാസഭാദ്ധ്യക്ഷന്മാർ വിലക്കുന്നതു്, ആധുനികരാഷ്ട്രം വ്യാജനാണയങ്ങളെനിരോധിക്കുന്നതുപോലെയാണെന്നു് ഗ്രഹിച്ചാൽമതി. അങ്ങനെയുള്ള നിഷിദ്ധഗ്രന്ഥങ്ങളെ വിലക്കുന്നതൊഴിച്ചു കത്തോലിക്കർ വിശുദ്ധലിഖിതപാരായണത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നു പറയുന്നതു് തീർച്ചയായും അടിസ്ഥാനരഹിതമാണു്.

## ഉപസംഹാരം

മേൽപ്രസ്താവിച്ച സംഗതികളിൽനിന്നും വിശദമാകുന്ന വസ്തുതകളെ ഇങ്ങനെ സംഗ്രഹിക്കാം:

(1). കത്തോലിക്കാസഭ ബൈബിൾവായനയെ പ്രോത്സാഹിപ്പിക്കുന്നില്ല എന്നുള്ളതു് അടിസ്ഥാനരഹിതമായ ഒരു ആരോപണമാണു്. കത്തോലിക്കാസഭ വേദപുസ്തകത്തെ ബഹുമാനപൂർവ്വം സംരക്ഷിക്കുകയും അതിൻെറ ശരിയായ പാരായണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്നുള്ളതാണു് വാസ്തവം.

(2) കത്തോലിക്കാസഭ മദ്ധ്യയുഗങ്ങളിൽ വേദപുസ്തകത്തെ ചങ്ങലയിട്ടു പൂട്ടിയിരുന്നു എന്നുള്ള ആരോപണം കേവലം വാക്കുകൊണ്ടുള്ള ജാലവിദ്യയാണു്. അതു് അജ്ഞന്മാരുടെ കണ്ണിൽ പൊടിയിട്ടു്, അവരെ കത്തോലിക്കാസഭാശത്രുക്കളാക്കുവാൻ വേണ്ടി ചിലർ കെട്ടിച്ചമച്ച ചതിപ്രയോഗമാണു്. യഥാർത്ഥത്തിൽ കത്തോലിക്കാസഭ മദ്ധ്യയുഗങ്ങളിലും വേദപുസ്തകപാരായണത്തെ വേണ്ടവിധം പ്രോത്സാഹിപ്പിച്ചിരുന്നു എന്നുമാത്രമാണു് അതിൽനിന്നും തെളിയുന്നതു്.

(3) കത്തോലിക്കാസഭ, പ്രോട്ടസ്റ്റൻറുസഭകളെപ്പോലെ ബൈബിളിൻെറ സ്വതന്ത്രവ്യാഖ്യാനത്തെ അനുവദിക്കുന്നില്ല. മിശിഹാ സ്ഥാപിച്ച സഭയ്ക്കാണു് വേദപുസ്തകം വ്യാഖ്യാനിക്കുവാനുള്ള അധികാരമെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു.

—o—

FOR FAVOURS RECEIVED



Mrs. Thankamma Kuncheria

## വിനോദവീഥി





ഹല്ലോ! അസംബ്ലീപിരിയും മുമ്പേ എം. എൽ. എ. സാറുമാത്രമെന്തേ വെളിയിൽപോന്നതു്?"

"ഞാനസംബ്ലീന്നൊരു "റൺ ഔട്ട്" നടത്തി: ഹവമ്മാരു് സിഗററ്റിൻെറ വില കൂട്ടിയെന്നേ!"

X X X

ഭാര്യ ഡോക്ടറുടെ അടുത്തു ഭർത്താവിനെ കൊണ്ടുവന്നു നിർത്തിയിട്ടു് രോഗവിവരം പറയുവാൻതുടങ്ങി. "യജമാനനേ, ഈ മനുഷ്യൻെറ മൂക്കിന്നും വായിന്നും പൊക കുറുകുമുന്നു വരുന്നു."

ഡോക്ടർ:- "അതിലെന്താണത്ഭുതം. പുകവലിക്കുന്നതങ്ങിനെയല്ലേ?"

സ്ത്രീ:- "ഏമാനേ, അതിയാൻ പുകവലിക്കുകയില്ല."


X X X

"കസവുണ്ടോ കസവു്" കസവുകച്ചവടക്കാരൻ തിണ്ണയിലിരുന്നു മാലകോർക്കുന്ന ലൂസിയോടു ചോദിച്ചു:- "മകളേ, അമ്മ വീട്ടിലുണ്ടോ?"

ലൂസി- (അവളുടെ ജോലിക്കിടയിൽ അശ്രദ്ധമായി പറഞ്ഞു) "ഉവ്വ്, അമ്മ വീട്ടിലുണ്ടു്."

കസവുകാരൻ വളരെനേരം ആ വീട്ടിനടുത്തുനിന്നു വിളിച്ചുകൂവി വീട്ടുകാരിയെ. ഒടുവിൽ നിരാശപ്പെട്ടു വീണ്ടും കുട്ടിയെ സമീപിച്ചു്: "മകളേ, അമ്മ വിളികേൾക്കുന്നില്ലല്ലോ?"

ലൂസി:-(ഈർഷ്യയോടുകൂടി) "താൻ വല്ല വീട്ടിലും വിളിച്ചാൽ എൻെറ അമ്മയുണ്ടാകുമോ? അതെൻെറ വീടല്ല."



# ധീരജേതാവ്

(കഥാപ്രസംഗം)

[വറുഗീസ് കിളിച്ചിമല]

VI

ധീരനായ ബഥനിമെത്രാപ്പോലീത്തായുടെ ചിന്താഹൃദയത്തെ ഒരു കാര്യം മഥിച്ചു

ഒന്നുശമിക്കുകിൽ മറ്റൊന്നുണ്ടിവ്വണ്ണം
പിന്നെയും പിന്നെയും വിപ്ലവമായ്
പുത്തൻകൂർ നസ്രാണിമാരെത്ര ബീഭത്സ-
ഗർത്തത്തിലേക്കു മറിഞ്ഞുവീണു

ചരിക്കേണ്ടിടത്തുകൂടെയല്ല തന്റെ സമുദായം ചരിക്കുന്നതെന്നു മനസ്സിലാക്കുവാൻ ആ വിജ്ഞാനിക്കു പ്രയാസം നേരിട്ടില്ല. അടിത്തറയുടെ ഉറപ്പുകേടാണ് സഭയിലെ കുഴപ്പങ്ങൾക്കു കാരണമെന്നു ബഥനി ജനയിതാവു കണ്ടു. തന്റെ ജീവിതത്തിന്റെ വിലപിടിച്ച ഭാഗം ആത്മാർത്ഥമായി വിനിയോഗിച്ചിട്ടും സഭ അധഃപ്പതനത്തിൽനിന്നു് അധഃപ്പതനത്തിലേക്കു നീങ്ങുന്നതിന്റെ രഹസ്യം ആ സൂക്ഷ്മഗ്രാഹി കണ്ടു. "കർത്താവു വീടു പണിയുന്നില്ലെങ്കിൽ വേലക്കാർ വൃഥാ യത്നിക്കുന്നു" എന്ന തത്വം അദ്ദേഹത്തെ വെളിച്ചത്തിലേക്കു നയിച്ചു. ആ ചിന്തകൻ ഭൂതകാലത്തിലേക്കു നോക്കി.

കൂനൻകുരിശിനുമപ്പുറത്തായി-
ക്കാണുന്നു ശാന്തിയും സൗഹാർദ്ദവും
അപ്പൂർവ്വമാതൃഭവനത്തിലെ ത്താതീ-
വിപ്ലവമാരി നിലയ്ക്കയില്ല

ഏതൊരു തറവാട്ടിൽനിന്നു യാക്കോബായക്കാർ തെറ്റിമാറിയോ ആ പൂർവ്വമാതൃകുടുംബത്തോടുള്ള യോജിപ്പാണ് മലങ്കരയുടെ അഭിവൃദ്ധിക്കുള്ള ഏകമാർഗ്ഗമെന്നു പ്രത്യുല്പന്നമതിയായ ബഥനിമെത്രാൻ മനസ്സിലാക്കി.

മാർ ഈവാനിയോസ് തിരുമനസ്സിലേക്കു മാത്രമല്ല ഈ ബോധമുണ്ടായതു്. ഓർത്തഡോക്സ് സഭയിലെ സകല നേതാക്കന്മാർക്കും വൈദികാദ്ധ്യക്ഷന്മാർക്കും ഇതു മനസ്സിലായി. വട്ടശ്ശേരിമെത്രാൻ മർദ്ദീനിൽ പോയപ്പോൾ അന്ത്യോക്യായിലെ കത്തോലിക്കാ പാത്രിയർക്കീസിനെ കാണുകയും പുനരൈക്യത്തെക്കുറിച്ച് ആലോചിക്കയുമുണ്ടായി. പല എഴുത്തുകുത്തുകളും അവർ നടത്തി.

1926 നവമ്പർ 17-ാംനു ഓർത്തഡോക്സുമെത്രാന്മാർ ഒരു സൂനഹദോസുകൂടി. യാക്കോബായസഭയിലെ കുഴപ്പങ്ങൾക്കും അസമാധാനങ്ങൾക്കുമുള്ള ഏകപ്രതിവിധി കത്തോലിക്കാ പുനരൈക്യമാണെന്നു ആ സൂനഹദോസ് ഏകകണ്ഠം തീരുമാനിച്ചു മാർ ഈവാനിയോസ് തിരുമേനിയെയാണു എഴുത്തുകുത്തുകൾക്കു നിയോഗിച്ചതു്. അദ്ദേഹം മാർപ്പാപ്പാ തിരുമേനിയോടഭ്യർത്ഥിച്ചു:

ക്രൈസ്തവസാമ്രാജ്യനേതാവേ, കാരുണ്യ-
ഹസ്തമുയർത്തും കൃപാദാതാവേ,
കൂട്ടംവിട്ടയ്യോ! വലയുന്നിപ്പാവങ്ങൾ
കാട്ടിലും മേട്ടിലും പാഴ്സ്ഥലത്തും
തെറ്റുകളൊക്കെപ്പൊറുത്തുദയാനിധേ,
പററത്തിലേററിത്തുണക്കിവരെ

പരി. പിതാവേ! ഞങ്ങൾ പിതൃഭവനത്തിൽനിന്നു് വളരെ അകന്നുപോയി. ഒന്നിനൊന്നു കുഴപ്പങ്ങളാണ് അതുമൂലം ഞങ്ങൾക്കു പിണഞ്ഞതു്. തറവാട്ടിലേക്കു തിരിച്ചുവരുന്നില്ലെങ്കിൽ ഒരു നാളും അഭിവൃദ്ധിയുണ്ടാകുന്നതല്ലെന്നു അനുഭവം ഞങ്ങളെ പഠിപ്പിക്കുന്നു. ഞങ്ങളുടെ മനോഹരമായ ആരാധനക്രമവും വിലപിടിച്ച സംസ്കാരവും സംരക്ഷിക്കണമെന്നേ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളൂ. തിരുമനസ്സിലെ കൃപാകടാക്ഷമുള്ളവരായി ഞങ്ങളെ പിതൃഭവനത്തിലേക്കു സ്വീകരിക്കണേ. അല്ലെങ്കിൽ ഞങ്ങൾ നശിച്ചുപോകും.

ഈ അഭ്യർത്ഥന റോമിലേക്കു അയച്ചുകൊണ്ടു് മലങ്കര ഓർത്തഡോക്സുകാർ മറുപടിക്കു കാത്തിരുന്നു

സാവധാനമാണ് റോമയുടെ പ്രവർത്തനം. വസ്തുതയുടെ സാധുതാസാധുതകൾ ചിന്തിക്കാതെ റോമാ വിധി പ്രസ്താവിക്കയില്ല.

മൂന്നുനാലു വർഷങ്ങൾ ഓർത്തഡോക്സുകാർ കാത്തിരുന്നു. എന്നിട്ടും മറുപടി വന്നില്ല. പലരും നിരാശരായി. മൺമറഞ്ഞ അനേകം നസ്രാണിസിംഹങ്ങൾ അത്യാർത്തിയോടുകൂടി പുനരൈക്യപരിശ്രമം നടത്തിയതെല്ലാം പരിപൂർണ്ണപരാജയത്തിൽ കലാശിച്ചതുപോലെ ഈ യത്നവും അപജയത്തിലായി എന്നു് എല്ലാവരും ഉറച്ചു. പല സംഭവവികാസങ്ങളും അതിനിടയിലുണ്ടായി. റോമിലേക്കുള്ള അഭ്യർത്ഥനയിൽ ഒപ്പുവച്ച മേൽപ്പട്ടക്കാരിൽ ചിലർ ചരമഗതിയടഞ്ഞു. പുതുതായി ചിലരെ വാഴിച്ചു. ഹൈക്കോടതിയിൽ നടന്നുകൊണ്ടിരുന്ന സമുദായവ്യവഹാരം ഓർത്തഡോക്സുകാർക്കു് അനുകൂലമായി വിധിച്ചു. അവർക്കു ഒരു നല്ല കാലംവന്നുവെന്നു കരുതി.

1930-ൽ റോമിൽനിന്നു് മറുപടിവന്നു. മലങ്കരനസ്രാണികളുടെ രോദനം ശ്രവിച്ച് അപേക്ഷിച്ചതെല്ലാം അനുവദിച്ചുകൊണ്ടായിരുന്നു മറുപടി. ബഥനിത്തിരുമേനി ആ കത്തുമായി സകല വൈദികാദ്ധ്യക്ഷന്മാരെയും സമീപിച്ചു. വട്ടിപ്പണക്കേസിൽ വിജയിച്ചെന്ന സന്തോഷത്തിൽ മതിമറന്ന അവരിൽ പലർക്കും റോമാസിംഹാസനം കനിഞ്ഞനുവദിച്ച ഈ ആനുകൂല്യത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. മുഖത്തുവന്ന പ്രഭ അവർ തട്ടിക്കളഞ്ഞു. ഒഴിവുകഴിവുകൾ പറഞ്ഞു് മുമ്പോട്ടുവച്ച പാദം അവർ പിറകോട്ടുവലിച്ചു.

"വട്ടിപ്പണക്കേസിൽ ജയം കിട്ടിയല്ലോ" എന്നായിരുന്നു ഇപ്പോഴത്തെ കാതോലിക്കാബാവായുടെ മറുപടി.

"സഭ മാറുന്നെങ്കിൽ ബാവാകക്ഷിയിലേക്കേ ഞാൻ മാറുകയുള്ളൂ" എന്നായി പാമ്പാടിമെത്രാൻ.

"പരുമല സെമ്മിനാരി തുടങ്ങിയവ ഉപേക്ഷിക്കേണ്ടിവരുമല്ലോ" വട്ടശ്ശേരി തിരുമേനി ഖേദം പ്രകടിപ്പിച്ചു.

"ചാകുമ്പോൾ ഇതെല്ലാം കൊണ്ടുപോകുമോ?" എന്നു ഗൗരവപൂർവ്വം മാർ ഈവാനിയോസ് എതിർചോദ്യം ഉന്നയിച്ചു.

സഭയുടെ സ്ഥിതി യഥാതഥം അറിഞ്ഞിട്ടുള്ള മാർ ഈവാനിയോസിന്റെ ആത്മാർത്ഥതയും ദീർഘദൃഷ്ടിയും മനസ്സിലാക്കുവാൻ കഴിഞ്ഞ മാർ തെയോഫിലോസ് മെത്രാൻ ധീരതയോടെ പ്രസ്താവിച്ചു: "ഈവാനിയോസ് തിരുമേനി എന്തു നിശ്ചയിക്കുന്നുവോ അതു ഞാൻ സമ്മതിച്ചിരിക്കുന്നു."

VII

ചുറ്റും കൂരിരുട്ട്. ആദർശധീരനായ ബഥനിമെത്രാപ്പോലീത്താ ചിന്തയിലാണ്ടിരിക്കുകയാണ്. ജനിച്ചുവളന്ന സമുദായത്തിന്റെ മുമ്പിൽ അദ്ദേഹം ഇങ്ങനെ കൂപ്പുകൈ ഉയർത്തി:

അമ്മ, സമുദായാംബികേ, ഭവതി എത്ര ക്ഷീണയും വിരൂപിണിയുമായിരിക്കുന്നു. അവിടത്തെ അമ്മിഞ്ഞപ്പാൽ നുകർന്നു വളർന്ന ഞങ്ങൾക്കു ഇതു സഹിക്കാൻ കരുത്തില്ല. സ്വാർത്ഥലോലുപരും അധികാരപ്രമത്തരുമായ കുരുട്ടുവഴികാട്ടികളാണ് ഭവതിയുടെ മുഖത്തു കരിതേക്കുന്നതു്. ഇനിയും ഇതനുവദിച്ചുകൂടാ. കളങ്കപങ്കിലമായ പരിസരത്തിൽനിന്നു ഭവതി മാറിനിൽക്കണം. ആനപ്പാപ്പിയുടെ മരണംപോലുള്ളവ ഇനി സംഭവിച്ചുകൂടാ. വടംവലികൾ ഇനിയുമാവർത്തിക്കരുതു്. നഗ്നമായ ബീഭത്സത തെളിച്ചുകാട്ടുന്ന വ്യവഹാരങ്ങൾ ഇനിയുമുണ്ടാകരുതു്. പ്രിയപ്പെട്ട അംബികേ, ഭവതിയുടെ പവിത്രത പാലിച്ചുകൊണ്ടു്, കളങ്കപങ്കിലമായ പരിസരത്തിൽനിന്നു മാറിനില്ക്കണം. അതിനിതാ മാർഗ്ഗം തുറന്നുകിടക്കുന്നു. നമ്മുടെ സകല സംസ്കാരങ്ങളും സംരക്ഷിച്ചുകൊണ്ടു് പുരോഗമിക്കുവാനുള്ള തുറന്ന വഴി മാർപ്പാപ്പാ തിരുമേനി കല്പിച്ചുനൽകിയിരിക്കുന്നു. അമ്മേ, വരൂ.......ഇനിയും കുരുട്ടുവഴികാട്ടികളെയാണു ശ്രവിക്കുന്നതെങ്കിൽ ഭാവി തമസ്സുനിറഞ്ഞതായിരിക്കും......

For favours received



Mrs. Mary Sebastian
Trichur

എന്റെ ജീവിതത്തിന്റെ സിംഹഭാഗവും സേവനമനുഷ്ഠിച്ച സ്ഥാപനങ്ങളേ, ഒരു മുഹൂർത്തമെങ്കിലും നിങ്ങളെ പിരിഞ്ഞിരിക്കുക എനിക്കു ദുസ്സഹമായിരുന്നു. നിങ്ങളുടെ ശ്രേയസ്സ് എന്റെ ശ്രേയസ്സായിട്ടാണ് ഞാൻ കരുതിയതു്. കണ്ണുനീരോടുകൂടിയെങ്കിലും ഇപ്പോൾ ഞാൻ യാത്ര ചോദിക്കട്ടെ! ദൈവികസത്യത്തെ ആലിംഗനം ചെയ്യാതിരിക്കുവാൻ മനസ്സാക്ഷി എന്നെ അനുവദിക്കുന്നില്ല.........

അദ്ദേഹം ചിന്തയിലാണ്ടു. ചുററും ഇരുട്ടു നിറഞ്ഞിരിക്കുകയാണ്. താൻ ചെയ്യാൻ തുടങ്ങുന്നതിന്റെ പ്രതിബന്ധങ്ങൾ ആ ചിന്തകനുമുമ്പിൽ നിരന്നു. മിത്രങ്ങൾ ശത്രുക്കളാകും; കടുത്ത വഞ്ചകനെന്നു തന്നെ മുദ്രയടിക്കും; പട്ടിണിയും പരിവട്ടവുമുണ്ടാകും; ഭാവി തമോമയമാകും.

ആ ധീരൻ കുലുങ്ങിയില്ല. അദ്ദേഹത്തിന്റെ ഭാവനയിൽ ഏതോ വെള്ളിനക്ഷത്രം മിന്നിത്തിളങ്ങി. അതിന്റെ മുമ്പിൽ അദ്ദേഹം കൂപ്പുകൈ ഉയർത്തി.

(സർപ്പിണി)

വെള്ളിദീപമേ, മിന്നും താരാളമേ,
വെല്ലു, വെല്ലു പുനരൈക്യ താരമേ,
അല്പിലാണ്ടുലഞ്ഞിട്ടുന്ന വരക്കാരൽ-
ഫുല്ലമാം വെളിച്ചം പകർന്നിടുവാൻ.
കോകിലം പാടി നിന്നെപ്പുകഴ്ത്തിടും
പൂവിരിക്കും നിൻ വേദിയിൽ വല്ലികൾ
നീലവാനിലൊരായിരം താരകം
ലോലദീപികേ, നിന്നെപ്പുണർന്നിടും

ചിരകാലമായി തന്റെ ഹൃദയത്തിൽ കണ്ട വെള്ളിനക്ഷത്രത്തെ ആ ചിന്തകൻ നമസ്കരിച്ചു. അദ്ദേഹം പരിപാടികൾ തയ്യാറാക്കി. താൻ പ്രിയങ്കരമായി കരുതിയ സകലതിനോടും അപ്പോൾത്തന്നെ യാത്രപറഞ്ഞു. വിശ്വസ്തരായ നാലു അനുഗാമികൾകൂടി അദ്ദേഹത്തോടൊരുമിച്ചു പുറപ്പെട്ടു. തന്റെ ഉപമെത്രാനും ഒരു വൈദികനും ഒരു ശെമ്മാശനും ഒരു അൽമായനുമായിരുന്നു അനുഗാമികൾ. ആ വീരഭടന്മാർ കയറിയ വാഹനം പരിസരത്തെ വിഴുങ്ങിക്കഴിഞ്ഞ ഇരുട്ടിനെ മുറിച്ചുകീറുന്ന ദീപ്രനേത്രം ജ്വലിപ്പിച്ചു. അന്ധകാരം ആ ധർമ്മയോദ്ധാക്കന്മാരുടെ മുമ്പിൽനിന്നു വഴിമാറിക്കൊടുത്തു. ഏതോ ചരിത്രസംഭവത്തിനു കർത്തൃത്വം വഹിക്കാൻ പോകുന്ന ആ ധീരന്മാർക്കു വിജയമാശംസിച്ചുകൊണ്ടു് ആകാശത്തിൽ നക്ഷത്രവിളക്കുകൾ തെളിഞ്ഞു.

VIII

പാശ്ചാത്യനാട്ടിലെ ചില പ്രേഷിതജ്യോതിസ്സുകൾ ഭാരതഖണ്ഡത്തിൽ പ്രകാശം പരത്തിയിട്ടുണ്ടു്. അങ്ങനെയുള്ള ഒരു പൊൽത്താരമാണു ഡോ. ബൻസിഗർ. സ്വിററ്സർലണ്ടിലെ സമ്പൽസമൃദ്ധമായ പ്രഭുകുടുംബം ഉപേക്ഷിച്ച് അദ്ദേഹം കേരളത്തിലെത്തിയതാണ് ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുവാൻ.

1930 സെപ്റ്റംബർ 20-ാം തീയതി ഉണർന്നെഴുന്നേററു. ചില മംഗളകർമ്മങ്ങൾ നടത്തുവാൻ ആ പുലരി തിടുക്കംകൂട്ടി.

(മഞ്ജരി)

പൂർവ്വദിഗംബരം പൂർവ്വാധിക പ്രഭാ-
പൂർവ്വമായന്നു തിളങ്ങിനിന്നു.
പുത്തൻ കുസുമം പരത്തി സുഗന്ധം, വിൺ-
ദൗത്യം വഹിച്ചെത്തി മന്ദവാതം.

ബൻസിഗർതിരുമേനി കൊല്ലത്തുള്ള തന്റെ മെത്രാസനമന്ദിരത്തിൽ പതിവുപോലെ ദിവ്യബലിയർപ്പിച്ചു. മലങ്കരസഭാചരിത്രകാരന്മാർ ലേഖനംചെയ്യേണ്ട ഒരു മഹനീയസംഭവത്തിൽ ഭാഗഭാഗിത്വം വഹിക്കുവാൻ തുടങ്ങുകയാണദ്ദേഹം. ബഥനിത്തിരുമേനിയുടെ നേതൃത്വത്തിലുള്ള പുനരൈക്യഭടന്മാരഞ്ചുപേരും അദ്ദേഹത്തിനു മുമ്പിൽ നമ്രശിരസ്കരായി നില്ക്കൊള്ളുന്നു. പ്രേഷിതജ്യോതിസ്സായ ഡോക്ടർ ബൻസിഗർ തിരുമനസ്സിലെ സന്നിധിയിൽ അവർ വിശ്വാസപ്രഖ്യാപനംചെയ്തു. മൺമറഞ്ഞ അനേകം നസ്രാണികൾ അത്യാർത്തിയോടെ പരിശ്രമിച്ചിട്ടും പരാജയമടഞ്ഞ ആ യത്നം, ക്രൈസ്തവ പുനരേകീകരണത്തിനുള്ള ഏക രാജകീയ പാതയുടെ വെട്ടിത്തുറക്കൽ ഭാരതന്യൂമാൻ മാർ ഈവാനിയോസ് നിർവ്വഹിച്ചു.

(ഓട്ടംതുള്ളൽ)

ജയജയഘോഷം പുനരൈക്യത്തിനു
വിയമതിലൊക്കെ മുഴങ്ങീടുന്നു.
കളകളരവമിക്കിളികുലമൊത്തു പോ-
ഛിളയിലുതിർത്തുലസിച്ചീടുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആഹ്ലാദപ്രകടനമുയർന്നു. ആശംസാസന്ദേശങ്ങൾ ആ ജേതാവിനു മുമ്പിൽ തടിച്ചുകൂടി. സർവ്വോപരി, ക്രൈസ്തവസാമ്രാജ്യനായകൻ 11-ാം പീയൂസ് തിരുമനസ്സിലെ കമ്പിസന്ദേശം വന്നു, "സ്വാഗതം, വലിയ സ്വാഗതം" എന്നു്. പലരും വിളിച്ചു പറഞ്ഞു:

"ക്രൈസ്തവപുനരേകീകരണം ജയിക്കട്ടെ!"

—o—

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ വയററിൽവേദന മാറിയതിനു് ഉപകാരസ്മരണ. താമസിച്ചതിൽ ക്ഷമാപണം.

കെ. സി. തോമസ്
ഞാറക്കൽ, പെരുമ്പിള്ളി

E. C. & Co JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം
ശരിതൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം
Prop ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

(12-ാംപേജു തുടർച്ച)

പ്പെടുത്തുകയാണ്. അവരുടെ കൃത്യവിലോപങ്ങളെ അവർ നൈരാശ്യത്തോടെ വീക്ഷിക്കുകയാണ്. പൂനിലാവിനു സമാനമായ പുഞ്ചിരി വിളയാടിയിരുന്നു ആ പിഞ്ചുമുഖകമലത്തിൽ. സ്നേഹമസൃണമായിരുന്നു അവന്റെ കടാക്ഷം. മധുവൊഴുക്കുന്നതായിരുന്നു കൊഞ്ചിക്കുഴഞ്ഞ ആ വാക്കുകൾ. ശൈശവത്തിൽനിന്നും ബാല്യത്തിലേക്കുള്ള കാൽവെയ്പു്, വിദ്യാഭ്യാസം......ദുർവാസനകൾക്കു തങ്ങൾ വളമിട്ടുകൊടുത്തതു്, ദുർവൃത്തികളെവീരകൃത്യങ്ങളായിവ്യാഖ്യാനിച്ചു പ്രോത്സാഹനം നൽകിയതു്, ആട്ടിൻതോൽ ധരിച്ചു ചെന്നായ്ക്കളായ കൂട്ടുകാരുമായുള്ള സംസർഗ്ഗത്തിനു മൗനാനുവാദം നൽകിയതു്...ഇവയെല്ലാം അവരുടെ സ്മരണാമണ്ഡലത്തിൽ വന്നുനിരന്നു. ശോകനിർഭരമായ ആയിരം നെടുവീർപ്പുകൾ അവരുടെ ഹൃത്തടത്തിൽനിന്നും ഉദിച്ചുയർന്നു.

സ്മരണകൾ, അഹോ നൊമ്പരപ്പിക്കുന്ന സ്മരണകൾ! നീറുന്ന സ്മരണകൾ!! കൃത്യവിലോപത്തിന്റെ മുണ്ടുപലകകളായി ഉദയം ചെയ്തു!!

ആ മാതാപിതാക്കൾ കേഴുകയാണ്. ഇനിമേറെറാന്നും അവരെക്കൊണ്ടുസാധ്യമല്ല. പുത്രന്റെദുർവൃത്തിയിൽ അകമലിഞ്ഞുകരയുന്ന ആ ദമ്പതികൾ നൈരാശ്യത്തിന്റെ അഗാധഗർത്തത്തിലേക്കു മന്ദംമന്ദംനിപതിക്കുകയാണ്. അയൽവക്കക്കാർ അവരെ ബന്ധനവിമുക്തരാക്കി. ദാരുണമായ അവരുടെ അനുഭവം ഓരോ മാതാപിതാക്കളും ഗ്രഹിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ എന്നവർ മനമുരുകി പ്രാർത്ഥിക്കുകയാണ്.

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam September 28 1955 No. 8

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കുഞ്ഞുഡോമിനിയെ സ്നേഹിക്കുന്ന നിങ്ങൾക്കെല്ലാവർക്കും സങ്കടം ജനിപ്പിക്കുന്ന ദുഃഖകരമായ ജീവിതരംഗങ്ങളാണ് നാം ഇപ്പോൾ കാണുന്നത്. വിശുദ്ധന്റെ ലോകജീവിതത്തിലെ അവസാനദിവസങ്ങളാണ് സമീപിക്കുന്നത്. ഡോക്ടറന്മാർ നിരാശരായി പിന്മാറി. ഡോമിനിയുടെ സ്നേഹപിതാവായ ഡോൺബോസ്കോപോലും ഇതികർത്തവ്യതാമൂഢനായി. എന്നാൽ ഡോമിനിക്കിനു യാതൊരുൽകണ്ഠയുമില്ല. പ്രശാന്തൻ. ദൈവതിരുമനസ്സിനു സന്തോഷത്തോടെ സ്വയം കൈയാളിച്ചു പുഞ്ചിരി തൂകിക്കൊണ്ടു കിടക്കുകയാണ് മരണത്തെ സ്വാഗതം ചെയ്യാൻ; ചിരപ്രതീക്ഷിതനായ ഒരു കൂട്ടുകാരന്റെ വരവിനെ അത്യാകാംക്ഷയോടെ പാർത്തെന്നവണ്ണം. ആ പിഞ്ചുഹൃദയം ലോകവസ്തുക്കളോട് അമിതമായി ഒട്ടിച്ചേർന്നിട്ടില്ല. നാമോരോരുത്തരുമോ? വല്യേട്ടൻ.




## തെററു ക്ഷമിക്കുക

(പള്ളിപ്രം സി. കെ. ചന്ദ്രശേഖരൻനായർ)

മഞ്ജരി

തൻപതിനായിരം നാണയം നൽകുവാൻ
തമ്പുരാൻ ഭൃത്യനോടാജ്ഞാപിച്ചു.
അക്കടം വീട്ടുവാനപ്പാവം, തന്നെയും
മക്കളെക്കൂടിയും വിററീടേണം.
കാലിണതൊട്ടു കരഞ്ഞുകരഞ്ഞവൻ
കാലാവധി നൽകാൻ കെഞ്ചീടുമ്പോൾ,
കാരുണ്യപൂർണ്ണനാം തമ്പുരാനക്കടം
കാലണയില്ലാതിളവുചെയ്തു!
മോദിച്ചുപോകുമ്പോൾ, തൻ കടക്കാരനെ-
പ്പാതയിൽ വച്ചവൻ കണ്ടുമുട്ടി.
കിട്ടുവാനേറെയില്ലെങ്കിലും കോപിച്ചാ-
ദുഷ്ടൻ കഴുത്തിനു ഞെക്കുകയായ്!
പാവം, കടക്കാരൻ പിന്നെത്താനേകാമെ-
ന്നാവതും താണുവീണോതിയിട്ടും
കൂട്ടാക്കിടാതൊരു കല്ലറയ്ക്കുള്ളിലാ-
ക്കൂട്ടാളിതന്നെ യടച്ചുപൂട്ടി.
മററുള്ള ഭൃത്യന്മാരിക്കാഴ്ച കണ്ടപ്പോൾ
ഞെട്ടിപ്പോയ്, നാഥനോടെല്ലാം ചൊല്ലി.
തമ്പുരാൻ കോപിച്ചുകല്പിച്ചു, ദുഷ്ടനെ-
ത്തൻ പുരോഭാഗത്തേക്കാനയിക്കാൻ.
ഗർജ്ജിച്ചു:- "നീചാ, നിൻ പ്രാർത്ഥനകൊണ്ടു ഞാൻ
വർജ്ജിച്ചു വൻതുക; വിട്ടു നിന്നെ;
എന്നനുകമ്പതൻ തുള്ളിയുമില്ലല്ലോ
നിന്നിലയാൾക്കൊരു മാപ്പുനൽകാൻ!
തള്ളുക കള്ളനെക്കാരയിൽ, ലെൻപണം
ചില്ലിയും കൂടാതെ കിട്ടുവോളം."

ഈ നല്ല പാഠത്തെക്കൺമുമ്പിൽ വയ്ക്കട്ടെ
മാനവരൊക്കെയും ജീവിതത്തിൽ.
സോദരർ ചെയ്യുന്ന തെററു ക്ഷമിപ്പോർക്കു
പ്രീതനായീശനും മാപ്പുനൽകും!

## 40-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ജോസഫ്

### പ്രശ്നം നമ്പ്ര് 41

(എം. എം. മാത്യു മണക്കാട്ട്, കുമ്പഴ)

നാലാണക്ഷര, മൂഴിനാഥരുല
കിൽ ചെയ്യുന്നതാ-
ണൊന്നിനെ നാലാമത്തേതി
നോടു ചേർക്കുകിൽ നൽപൂവി
ലുണ്ടാവതാം,
രണ്ടാംവർണ്ണമൊഴിച്ചു ബാക്കി,
മുറിവൈദ്യർക്കു കൂട്ടായ്വരാം
വേണ്ടുംവർണ്ണമൊരുത്തരം പറയ
ണം വിദ്വൽജനം പദ്യമായ്

(ഉത്തരം അടുത്തതിൽ)

N. B. കുഞ്ഞനുജന്മാരും കുഞ്ഞനുജത്തികളും ഉത്തരം പദ്യമാക്കണമെന്നില്ല. കണ്ടുപിടിക്കാനെങ്കിലും ശ്രമിക്കുക. വല്യേട്ടൻ

ചെറുകഥ

## നീറുന്ന സ്മരണകൾ

(ജോൺ ജെ. കണയംപ്ലാവൻ, നിർമ്മലപുരം.വ. 15)

സമയം അർദ്ധരാത്രി കഴിഞ്ഞു. കാർകൊണ്ടലാലാവൃതമായിരുന്നു നഭോമണ്ഡലം. ആ നിശീഥിനിയുടെ കനത്ത കൂരിരുളിനെ കീറിക്കൊണ്ട് ഏതാനും മിന്നാമിനുങ്ങുകൾ അങ്ങുമിങ്ങും സഞ്ചരിക്കുന്നു. നിശയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് ചീവീടുകളുടെ ഗാനാലാപം പ്രതിദ്ധ്വനിക്കുന്നുണ്ട്.

അതാ, പബ്ളിക്കു റോഡിന്റെ അരികിൽ കിഴക്കുവശത്തായി സ്ഥിതിചെയ്യുന്ന രണ്ടുനിലക്കെട്ടിടത്തിൽനിന്നും ഒരുദീനരോദനം അന്തരീക്ഷത്തിൽ അലയടിക്കുന്നു. സുഖനിദ്രയുടെ ബലവത്തരമായ കോട്ടകളെ ഭേദിച്ചുകൊണ്ട് ആ വിലാപസ്വരം അയൽവാസികളുടെ കർണ്ണങ്ങളിൽ പതിച്ചു. ഭയവിഹ്വലരായ അവർ അങ്ങോട്ടോടുകയാണ്.

"എന്റെ....പൊന്നു ... മകനേ നീ......യെന്താണീ....ചെ....യ്തു...ന്ന...തു്. എന്റെ...ദൈവമേ ...ഞങ്ങളെ ... രക്ഷിക്കണേ......" ആ വിലാപം തുടരുകയാണ്.

അയൽക്കാർ എത്തിക്കഴിഞ്ഞു. തൽക്ഷണം ഒരു മിന്നൽപിണർ. ബന്ധിതരായിക്കേഴുന്ന രണ്ടു വൃദ്ധദമ്പതികൾ അവർക്കു ദൃശ്യമായി. കവർച്ചക്കാർ എടുത്തു ചാടി ഓടിക്കഴിഞ്ഞു.

എന്താണവിടെ സംഭവിച്ചതു്? ആ വീടിനേയും വീട്ടുകാരെയും പരിചയമുള്ളവർക്ക് ഏതാണ്ടൊന്നൂഹിക്കാം. ആ വൃദ്ധദമ്പതികളുടെ ധൂർത്തപുത്രന്റെ നേതൃത്വത്തിലുള്ള ഒരു തസ്കരസംഘത്തിന്റെ ആക്രമണമായിരുന്നു അതു്. അക്രമികൾ അവരിരുവരേയും ബന്ധിതരാക്കിയശേഷം വിലപിടിപ്പുള്ള സകല സ്വത്തുക്കളും കവർച്ചചെയ്തു. വ്യസനാധീനരായി, ബന്ധിതരായി, ആ മാതാപിതാക്കൾ കേഴുകയാണ്.

* * *

ചിന്തയുടെ ചിറകുകളിൽ പറന്നു്, കാലത്തിന്റെ കറുത്ത തിരശീലകളെ കീറി മാററിക്കൊണ്ടു അവർ തങ്ങളുടെ ദാമ്പത്യവല്ലരി മൊട്ടിട്ടു വിടന്ന കാലങ്ങളിലേക്ക് ഒരു വിഹഗവീക്ഷണം നടത്തുകയായിരുന്നു. നീറുന്ന ഹൃദയത്തോടെ ആ ചിത്രങ്ങൾ അവർ ദർശിക്കുകയാണ്. തങ്ങളുടെ ഓമനമകന്റെ കളങ്കമററ ശൈശവത്തേയും വഴിപിഴച്ച യൗവനത്തേയും അവർ താരതമ്യ

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1